

കൗമുദി
ആഴ്ചപ്പതിപ്പ്





ഈ ലക്കത്തിൽ

കുറിപ്പുകൾ — കെ. ബാലകൃഷ്ണൻ

പത്രാധിപരോടു സംസാരിക്കുക — കെ. ബാലകൃഷ്ണൻ

മദിരാശി സർക്കാർ വിദ്യാഭ്യാസവകുപ്പ്

കമുകിയുടെനേർക്ക് കൊഞ്ഞണം കാട്ടുന്നു

പൊതുജനാഭിപ്രായം (കിറുക്കുകൾ)

ജീവിതസമരം — സി. കേശവൻ

സോവിയറ്റു സാഹിത്യം — എം. കെ. കുമാരൻ

താരാപഥം — ജ്യോതി

ഒരു പാട്ടിന്റെ പകൽ സ്വപ്നം (കവിത) — പുതുശ്ശേരി രാമചന്ദ്രൻ

ജിന്നുകുടിയ പെണ്ണ് (ചെറുകഥ) — ഇടവാ സലാം

ഉത്തരരാമചരിതം — ജി. വൈദ്യനാഥയ്യർ എം. എ.

മനുഷ്യരുശിക്കുവേണ്ടി — (ഒരു നാടകം) കോന്നിയൂർ ആർ. നരേന്ദ്രനാഥ് B. Sc. B. L.

പുസ്തകാഭിപ്രായം — കെ. എസ്.

ജ്യോഫ്റി ചോസർ — ശ്രീനി

കമുകിലിരുന്ന് — തെരുവുതെണ്ടി - ചേച്ചി

ഇനിയവനു തലപൊക്കി നടക്കണ്ടേ? — കെ. ബാലകൃഷ്ണൻ

മാവോസെതുങ്ങ് വാൻസായ് — എൻ. ശ്രീകണ്ഠൻനായർ

നൃത്തവും ഗാനവും — കിളിമാനൂർ വിശ്വംഭരൻ

സ്പോർട്ട്സ് — ശ്യാമകൃഷ്ണൻ

കഴിഞ്ഞയാഴ്ച — എൻ. രാമചന്ദ്രൻ

കഴിഞ്ഞവക്കം

മുഖചിത്രം:

എട്ടുകാലി മമ്മൂഞ്ഞല്ല. വെയ്യും മുഹമ്മദ് ബഷീർ

ബഹിഷ്കൃതമന്ത്രിസഭ
അധികാരത്തിൽ
ഇന്ന്
40-ാംദിവസം

പത്രാധിപർ—കെ. ബാലകൃഷ്ണൻ

Reg. M. 5661 Phone No. 2128 സഹപത്രാധിപർ സി. എൻ. ശ്രീകണ്ഠൻനായർ

കുടിയരശ്

പുസ്തകം 4 1129 തുലാം 17 തിങ്കൾ ലക്കം 32

വിദ്യാർത്ഥിസമരം

എൻ. എസ്. എസ്. കോളേജുകളിൽ കോളേജ് യൂണിയൻ അനുവദിക്കാത്തതിനെ തുടർന്ന് പന്തളത്തുനിന്നു തുടങ്ങിയ ഒരു സമരം ആരംഭിച്ചിരിക്കുകയാണല്ലോ. വിദ്യാർത്ഥികളുടെ അച്ചടക്ക രാഹിത്യത്തേയും വഴിപിഴച്ച പോക്കിനേയും അപലപിച്ചു കോളേജ് സ്ഥാപിതാക്കന്മാരുടെ പേരിലും, നാട്ടുകാരുടെ പേരിലും, എൻ എസ്. എസ്. അധികൃതരുടെ പേരിലും പല പ്രസ്താവനകളും ഇതിനകം പുറപ്പെടുവന്നു കഴിഞ്ഞിട്ടുണ്ട്. ഈ സമരം ഒരു രാഷ്ട്രീയസമരമാണെന്നും കമ്മ്യൂണിസ്റ്റുകാരുടെ കുത്തിത്തിരിപ്പാണ് ഈ സമരത്തിന്റെ പിന്നിലുള്ളതെന്നും ബോധപൂർവമുള്ള പ്രചരണം നടക്കുന്നുണ്ട്. പന്തളം കോളേജിലേയ്ക്കു റിസർവ്വുപോലീസും ഗവർമ്മെൻറിന്റെ എല്ലാ മർദ്ദനസംവിധാനങ്ങളും നീങ്ങിയിട്ടുണ്ടെന്നും പത്രവാർത്ത കണ്ടു. ആരെക്കൂടി രാജ്യം അപകടത്തിലാകാൻ പോകുന്ന ഒരു ജീവന്മരണസമരം നേരിടുന്ന വാശിയോടും വൈരാഗ്യത്തോടുമാണ് സർക്കാർ കരുക്കൾ നീക്കുന്നതു്. പത്രവാർത്തകൾ കണ്ടാൽ പന്തളം കോളേജിൽവച്ചു് ഇവിടെ കമ്മ്യൂണിസ്റ്റുവേണോ കോൺഗ്രസ്സുവേണോ എന്നൊരു തീരുമാനമെടുക്കാൻ പോകയാണെന്നും തോന്നും. ഈ കോലാഹലങ്ങൾക്കിടയിൽ സ്വാഭാവികമായി യഥാർത്ഥപ്രശ്നം വിസ്മൃതമായിപ്പോയിരിക്കയാണ്. അതു ഗുരുതരമായ ഒരു പ്രശ്നം തന്നെയാണോ? പന്തളത്തു എൻ. എസ്. എസ്. സംഘടനയുടെ വകയായി ഒരു കോളേജു തുടങ്ങി. അവിടെ കഴിഞ്ഞവർഷംവരെ ഒരു കോളേജുയൂണിയൻ ഉണ്ടായിരുന്നു. എൻ എസ്. എസ്. കോളേജിലല്ലാതെ ലോകത്തുള്ള എല്ലാ കോളേജുകളിലും കോളേജുയൂണിയനുകളുണ്ട്. കോളേജിനു പുറത്തുപോയി വിദ്യാർത്ഥികൾ രാഷ്ട്രീയപ്രവർത്തനം നടത്താതിരിക്കാൻ അവരുടെ വികാരങ്ങൾ പറഞ്ഞൊതുക്കുന്നുള്ള ഒരു രംഗമായി യൂണിയനുകൾ ഉപയോഗിക്കരുതു് എന്നുപോലും ബുദ്ധിയുള്ള മാനേജ്മെൻറുകൾ ചിന്തിക്കാറുണ്ട്. പരിഷ്കൃതകോളേജുകളിലെല്ലാം കോളേജുയൂണിയൻ നിർബന്ധിതമാണ് ഏറ്റവും വലിയ പിന്തിരിപ്പനാരെന്നു ലോകംതന്നെ അംഗീകരിച്ചിട്ടുള്ള അമേരിക്കക്കാരുടെ മിഷനറിമാർ നടത്തുന്ന കോളേജുകളും ഭാരതഭൂമിയിലുണ്ട്. അവിടെയെല്ലാം ഇത്തരം കോളേജുയൂണിയനുകളുണ്ട്. കോളേജുയൂണിയനുകൾ മാത്രംകൊണ്ടായില്ല എൻകുരുതി തിരുവിതാംകൂർ യൂണിവേഴ്സിറ്റി ഒരു യൂണിവേഴ്സിറ്റിയൂണിയൻ രൂപീകരിച്ചു. അതിനു ഗവർമ്മെൻറിൽനിന്നു ഒരു ഗ്രാൻറും നൽകുന്നുണ്ട്. കോളേജുവിദ്യാർത്ഥികൾക്കു കോളേജിനകത്തു ഒന്നിച്ചുകൂടാനുള്ള എല്ലാ സൗകര്യങ്ങളും പരിഷ്കൃതമായ എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ കോളേജുകളും നൽകിയിരിക്കേ ഇവിടത്തെ എൻ. എസ്. എസ്. കോളേജുകാർക്കുമാത്രം അതിനു മടിവന്നതു വിചിത്രതരമായ ഒരവസ്ഥയെന്നേ പറയേണ്ടു കലാശാലാവിദ്യാഭ്യാസം അങ്ങാടിമരുന്നോ പച്ചമരുന്നോ എന്നു നിശ്ചയമില്ലാത്തവർ കോളേജുഭരണാധികാരികളായതുകൊണ്ടു വന്നുകൂടിയ ഒരു ബുദ്ധിമുട്ടെന്നതിൽ കവിഞ്ഞു ഈ സമരത്തിനു വലിയ പ്രാധാന്യമുണ്ടെന്നു തോന്നുന്നില്ല. ഈ അടുത്തകാലത്തു അലഹബാദ് യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികൾ ഒരു യൂണിയൻ കായ്ത്തിൽ തുടങ്ങിയ സമരത്തെ അപലപിച്ചുകൊണ്ടു പണ്ഡിറ്റ് നെഹ്റു പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ ഒരു യൂണിയൻ രൂപീകരിക്കാനും വളർത്താനുമുള്ള വിദ്യാർത്ഥികളുടെ അവകാശം അനിഷേധ്യമാണെന്നു വ്യക്തമാക്കിയിട്ടുണ്ട്. ഇങ്ങനെ ലോകത്താകമാനം സാധാരണമായ ഒരു കാര്യം, ഇവിടെമാത്രം സാധ്യമല്ലെന്നു പറഞ്ഞവരുടെ വിവേകമില്ലായ്മ തിരുത്തുന്നതിനു പകരം നമ്മുടെ കഥയില്ലാത്ത ഗവർമ്മെൻറു് ആ ബുദ്ധിശൂന്യതയ്ക്കു പോലീസിന്റെ രക്ഷാകവചം അടുപ്പിച്ചുകൊടുത്തിരിക്കയാണ്. വിദ്യാഭ്യാസത്തിൽ മുന്നണിയിൽ നിൽക്കുന്നതെന്നഭിമാനിക്കുന്ന ഒരു രാജ്യത്തിനു പന്തളം കോളേജിൽ ഇന്നു നടക്കുന്നതും പട്ടുത്തു എം. ജി. കോളേജിലും മറ്റും നാളെ തുടങ്ങാൻപോകുന്നു എന്നു പത്രറിപ്പോർട്ടുകൾ കാണുന്നതുമായ സമരങ്ങളെ ലജ്ജയോടുകൂടിയല്ലാതെ നോക്കാൻ സാധ്യമല്ല. ചില മുതിർന്നവർ പറയുംപോലെ വിദ്യാർത്ഥികളെച്ചൊല്ലിയല്ല, അവരെക്കൊണ്ടു ഇക്കാര്യത്തിനുപോലും ഒരു സമരംചെയ്യിക്കാൻ തയ്യാറെടുത്ത മാനേജ്മെൻറിനെപ്പറ്റി ചിന്തിച്ചാണ് ഞങ്ങൾക്കു ലജ്ജതോന്നുന്നതു്. അത്മാസമായ ഒരു നാടകമാണ് ഇന്നു പന്തളത്തു നടക്കുന്നതു്. ഒരു കോളേജുയൂണിയൻ അനുവദിക്കാതിരിക്കാൻ സഹായമെത്തിക്കാനല്ല ഇവിടെ ഒരു പോലീസുസന്നാഹമുണ്ടാക്കിയിരിക്കുന്നതു്. കോളേജുയൂണിയൻ വേണമെന്നു പറയുന്ന വിദ്യാർത്ഥികളെ അറസ്റ്റുചെയ്യുന്നതിനും മർദ്ദിക്കുന്നതിനും ജനങ്ങളുമായി എന്തെങ്കിലും ബന്ധമുള്ള ഒരു മരണാധികാരിവർഗ്ഗത്തിനു എങ്ങനെയാണ് സാദ്ധ്യമാകുക. കത്തോലിക്കാമിഷനറിമാർ നടത്തുന്ന കോളേജുകളിൽപോലും അനുവദിച്ചിട്ടുള്ള കോളേജുയൂണിയൻ എൻ. എസ്. എസ്. മിഷണറിമാരുടെ കോളേജിൽ അനുവദിക്കുകയില്ലെന്നാണെങ്കിൽ ഈ പോക്കു് ഏതു പാമരത്വത്തിലേക്കാണ് വഴിതെളിക്കുന്നതെന്നുകൂടി നാം ശാന്തമായി ചിന്തിക്കേണ്ടിയിരിക്കുന്നു. ന്യായമെന്നും അന്യായമെന്നും രണ്ടുവാക്കും പറയാനില്ലാത്ത ഒരു കാര്യത്തിന്റെ പേരിൽ വിദ്യാർത്ഥികളുടെമേൽ ഒരു സമരം അടിച്ചേല്പിക്കുന്നവരാണ് വിദ്യാർത്ഥികളുടെയിടയിൽ വിശ്വാസമില്ലായ്മയും അച്ചടക്കമില്ലായ്മയും വിളമ്പുന്നതു്. ഒരു

പത്രാധിപരോട് സംസാരിക്കുക

[ഈ പംക്തിയിൽ പത്രാധിപർ വായനക്കാരുമായി സംസാരിക്കാൻ ശ്രമിക്കുന്നു. നിങ്ങൾക്കു ഇഷ്ടമുള്ള കാര്യം ചോദ്യരൂപത്തിൽ പത്രാധിപർക്കു എഴുതുക. കവറിനു മുകളിൽ "ചോദ്യം" എന്നു കുറിച്ചിരിക്കണം. നന്നായിരുന്നാൽ നിങ്ങളുടെ ചോദ്യത്തിനു അഞ്ചു രൂപാ സമ്മാനം ലഭിക്കും. പത്രാധിപർ]

എ. എസ്. പണിക്കർ തിരുവല്ലം

ഞാനും എന്റെ കൂട്ടുകാരനുമായി ഒരു പന്തയം. ദേവദാസിന്റെ കഥ ബങ്കിമ ചാറ്റർജിയുടേതാണെന്നു ഞാനും ശരച്ചന്ദ്ര ചാറ്റർജിയുടേതാണെന്നു അദ്ദേഹവും. പന്തയത്തുക ഞങ്ങളുടെ വെസ്റ്റ് കോസ്റ്റ് അത്തലറ്റിക് ക്ലബ്ബിനു ലഭിക്കുന്നതാണ്. ആരായിരിക്കും ആ തുകകൊടുക്കേണ്ടിവരുന്നതു്.?

പണിക്കരു കൊടുത്തേമതിയാകൂ.

പി. സുകുമാരിഅമ്മ, കായംകുളം

നിങ്ങളുടെ സ്വന്തംപേരിൽ ഞാൻ അയച്ചതന്ന

യൂണിയൻ [വേണമെങ്കിൽ പാലും സമരം ചെയ്യണമെന്നു വന്നാൽ പിന്നെ എന്താണ് ഇവിടെ സമരംകൂടാതെ ലഭിക്കുന്നതെന്നുകൂടി പറഞ്ഞു കൊടുക്കേണ്ടതുണ്ട്. കാളേജധികൃതർ രാഷ്ട്രീയരംഗത്തു പിന്തിരിപ്പന്മാരാകുന്നതു കുറയെക്കെ മനസ്സിലാക്കാം, അന്യായമായ ശിക്ഷണനടപടികളും ചില പ്രത്യേകസന്ദർഭങ്ങളിൽ എടുക്കേണ്ടിവരുന്നതും മനസ്സിലാക്കാം. പക്ഷേ നിലവിലിരുന്ന ഒരു യൂണിയൻ നിരത്തലാക്കുന്നതു് എന്നുപറയുന്ന വിദ്യാർത്ഥികളെ അറസ്റ്റുചെയ്യുന്നതും തല്ലുന്നതും മനസ്സിലാക്കുവാൻ വിഷമമാണ്. പന്തളത്തു ഇന്നു നടക്കുന്നതു ഭാവനാശൂന്യരായ ഒരു സംഘം അധികൃതരും സർക്കാരും ചേർന്നു നടത്തുന്ന ഒരാഭാസമാണ്. ഇക്കാര്യം എത്ര [നീട്ടിയെഴുതിയാലും വിവരമുള്ള വർക്കാർക്കും ഈ നടപടികളിൽ ന്യായംപോയിട്ടു മര്യാദപോലും കാണാൻ സാധ്യമല്ല. വിദ്യാർത്ഥികളെ കുറ്റപ്പെടുത്തുക ഇന്നു ചില കേന്ദ്രങ്ങളിൽ ഒരു ഫാഷനായിത്തീർന്നിട്ടുണ്ട്. എന്തിനും ഏതിനും ഈ കുറ്റപ്പെടുത്തൽ മറയിട്ടു രക്ഷപ്പെടാനുള്ള വാസനയും ഇന്നു പ്രകടമായിക്കണ്ടുവരുന്നുണ്ട്. അതു മുത്തുമുത്തു് ഏതുവരെ പോകുമെന്നു് പന്തളം വിളിച്ചുപറയുന്നു. ഈ വിവരക്കേടു നിറുത്താനുള്ള ബോധമുണ്ടായില്ലെങ്കിലും പുത്തികേടിനു ഭാഷ്യമുണ്ടാക്കുന്ന മര്യാദയില്ലായ്മയെങ്കിലും നിറുത്തണം. പന്തളം വിദ്യാർത്ഥികളുടെ [അവകാശവാദം തുറന്നതാനും ശരിയാണ്. ഇവിടെ ആരോഗ്യകരമായ ഒരു കലാശാലാവിദ്യാഭ്യാസം വളർന്നു വരണമെന്നാഗ്രഹിക്കുന്നവരെല്ലാം പന്തളത്തെ വിദ്യാർത്ഥികളുടെ പക്ഷത്തായിരിക്കുമെന്ന കാര്യത്തിൽ ഞങ്ങൾക്കു അശേഷം സംശയമില്ല. അജ്ഞതയ്ക്കും അന്ധകാരത്തിനുമെതിരായി വിവേകത്തിന്റെയും പ്രകാശത്തിന്റെയും പോരാട്ടമാണിവിടെ നടക്കുന്നതു്. അതു ജയിക്കേണ്ടതു് ഈ നാട്ടിന്റെ മൊത്തത്തിലുള്ള അഭിമാനത്തിന്റെതന്നെ ആവശ്യമാണ്.

ഒരു ചെറുകഥ പ്രസിദ്ധീകരിച്ചുകണ്ടില്ല. അതു നിങ്ങൾ തിരസ്കരിച്ചതായി കരുതാമോ?

ചെറുകഥകളും ലേഖനങ്ങളും മറ്റും പത്രാധിപർ, കൗമുദി, എന്ന മേൽവിലാസത്തിൽ തന്നെ അയക്കണം. എന്റെ പേരിൽ അയച്ചാൽ അവ പത്രാധിപരുടെ മേശപ്പുറത്തു എത്തിയില്ലെന്നു വരും.

എസ്. എസ്. മണിയൻ, കോട്ടയം

ഒരു റിപ്പബ്ലിക്കും ഒരു ഡൊമിനിയനും തമ്മിലുള്ള വ്യത്യാസമെന്താണ്?

റിപ്പബ്ലിക്കിന്റെ തലവൻ ജനങ്ങൾ തിരഞ്ഞെടുക്കുന്ന പ്രസിഡന്റും ഡൊമിനിയന്റെ തലവൻ രാജാവുമാണ്. ഇൻഡ്യ ഇപ്പോൾ രണ്ടും ചേർന്ന സക്സ്സിലാണ് ഇപ്പോൾ വ്യാപൃതയായിരിക്കുന്നതു്.

കെ. വിജയരാഘവൻ, ആലപ്പുഴ.

യൂണിവേഴ്സിറ്റി സെക്കൻഡ് ഗ്രേഡ് കാളേജിൽ പനമ്പിള്ളിക്കു ഒരു വിഷയം നൽകാതെ ക്ഷണിച്ചുവരുത്തി ഇന്നവിഷയത്തിൽ പ്രസംഗിക്കണമെന്നു നിർബന്ധിച്ചതു ശരിയാണോ?

ആ മീറ്റിംഗിനു എന്നെ ക്ഷണിച്ച യൂണിയൻ സ്റ്റീക്കർ എന്നോടു വിഷയം പറഞ്ഞു. പനമ്പിള്ളിയോടും പറഞ്ഞിട്ടുണ്ടെന്നും പറഞ്ഞു ആ യോഗത്തിൽവച്ചും അദ്ദേഹം അക്കാര്യം പറഞ്ഞു. പനമ്പിള്ളി ആ വിഷയത്തെപ്പറ്റി പ്രസംഗിക്കാതിരുന്നതു ദീർഘദർശനം കൊണ്ടാണെന്നാണ് എന്റെ വ്യാഖ്യാനം

എസ്. വാസുദേവൻ, കായംകുളം.

ഞങ്ങളുടെ നിയോജകമണ്ഡലത്തിൽ ഒരു തിരഞ്ഞെടുപ്പുപ്രചരണയോഗത്തിനു ക്ഷണിച്ചാൽ വരുമോ?

ഇല്ല. ഈ തിരഞ്ഞെടുപ്പിനു ഒരു സ്ഥലത്തും പ്രസംഗിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. കഴിഞ്ഞ തിരഞ്ഞെടുപ്പുവരുത്തിയ തകർച്ചയിൽനിന്നു എന്റെ ശരീരം ഇതുവരെ [നിവന്നിട്ടില്ല.

എൻ. വി. വസുമതി, കോട്ടയം.

വിവാഹിതനായ ഒരാളെ ഒരു യുവതി നിഷ്കളങ്കമായി സ്നേഹിക്കുകയും ആ വിവരം അയാളെ അറിയിക്കുകയും ചെയ്താൽ അയാൾ എന്തുചെയ്യണം.?

ഹൃദയത്തിലെ മൃദുലതയ്ക്കു എപ്പോഴും ചാനസുകൊടുക്കുന്നതല്ല നമ്മുടെ സമൂഹകെട്ടുപാടു്. വിവാഹിതനായ ഒരാളെ "നിഷ്കളങ്കമായി" സ്നേഹിക്കുന്നവൾ ആ വിവരംപോലും അയാളെ അറിയിക്കരുതു്.

പി. വി. നാരായണൻ, തൃശ്ശൂർ.

"കഷണ്ടി" ഒന്നു നിവ്വചിക്കാമോ?

ബാഹ്യരൂപത്തിനു വിരൂപമായ ഒരു സമരപരിപാടി

റവ. ഡാളി, കിളികൊല്ലൂർ.

താങ്കളുടെ ദൃഷ്ടിയിൽ വിവിധികളായി തോന്നുന്ന ഏതാണ്ടു താങ്കൾ ഏറ്റുചെയ്യും?

അവരുടെ ചോദ്യം പ്രസിദ്ധീകരിച്ചു ഉത്തരം പറയാതിരിക്കും

കെ. വിശ്വനാഥൻനായർ, കവടിയാർ.

തിരുവനന്തപുരത്തെ ചില സാഹിത്യകാരന്മാർ ചേർന്ന ഒരു സദസ്സിൽവച്ചു നിങ്ങളെ വളരെ പുച്ഛിച്ചു സംസാരിക്കുന്നതു കേട്ടു. അവരെല്ലാം നിങ്ങളെ ഇത്ര പുച്ഛിക്കുന്നതെന്താണു?

അവരെല്ലാം എന്നെപ്പറ്റി സംസാരിക്കേണ്ടിവന്നതുകൊണ്ടാകണം.

കെ. പങ്കജാക്ഷൻനായർ, ആലപ്പുഴ,

കമ്മ്യൂണിസ്റ്റുപാർട്ടിയുടെ അഖിലകക്ഷി ഇടക്കാല മന്ത്രിസഭാ മുദ്രാവാക്യത്തെപ്പറ്റി പത്രാധിപരുടെ അഭിപ്രായം എന്താണു?

മറേറതുരംഗത്തു സഹകരിച്ചാലും ഒരിക്കലും ഒരു ബൂർഷ്വാ സംഘടനയുമായി യോജിച്ചു ഭരണാധികാരത്തിൽ കയറരുതെന്ന ലെനിന്റെ സിദ്ധാന്തം എനിക്കു ഇന്നും ശരിയായിതോന്നുന്നു.

കെ. സി. രാജമ്മ, ആലുവാ.

എന്റെ ഇളയഅനുജത്തിക്കു രണ്ടക്ഷരമുള്ള ഒരു നല്ല പേരിടണം. പുതിയതായിരിക്കണം. പത്രാധിപർ ഒരു പേരു പറഞ്ഞുതരുമോ?

ധൃതിയിലൊന്നു പറയാം. ഇഷ്ടപ്പെട്ടില്ലെങ്കിൽ ഇടരുതു—ബീനാ.

ദി നവഭാരത്
ബാങ്ക് & ചിട്ടിഫണ്ട്
കോസ്റ്റൽ ടാക്കീസിനുസമീപം ആലപ്പുഴ
7-ാമതുവർഷത്തെ
പ്രതിവാര, പ്രതിമാസ, ദ്വിമാസലേലച്ചിട്ടികൾ
ഉടനെആരംഭിക്കുന്നു കൂടുതൽവിവരത്തിനു
എഴുതിച്ചോദിക്കുക.
പ്രൊ: പി. കെ. കരുണാകരൻ. മുനിസിപ്പൽകൗൺസിലർ.

എൽ. ഐസക്ക്, പാല.

നിങ്ങൾ എല്ലാ സഹകാരികളുടെയും മറുപടി അയയ്ക്കുമെന്നു പറഞ്ഞിരുന്നല്ലോ. എന്താണു ഞാനയച്ച ഒരു കത്തിനു മറുപടി അയയ്ക്കാതിരുന്നതു?

ഞാൻ കണ്ടില്ല. എന്റെ മേൽവിലാസമെഴുതി Personal എന്നു മാർക്കുചെയ്യുന്ന കത്തുകളേ ഞാൻ പൊട്ടിക്കാറുള്ളൂ. അല്ലാത്തുള്ള കത്തുകളിൽ ഞാൻതന്നെ മറുപടി അയയ്ക്കുന്നതെന്നു നിർബന്ധമില്ലാത്ത കത്തുകൾക്കു ആഫീസിൽനിന്നു മറുപടി അയയ്ക്കും.

കെ. സി. ഐസക്ക്, കോട്ടയം.

ഇന്നുവരെ മന്ത്രിസഭ ചെയ്ത ഏറ്റവും വലിയ ദ്രോഹം എന്താണെന്നു പറഞ്ഞുതരുമോ?

വിശ്വാസപ്രമേയം അവതരിപ്പിച്ചപ്പോൾ അനുകൂലിച്ചും പ്രതികൂലിച്ചും മെമ്പറന്മാർ വോട്ടുചെയ്തു. പ്രമേയം പരാജയപ്പെട്ടു. പ്രമേയത്തോടു അനുകൂലിക്കാതിരുന്നവരെ വൈരനിര്യാതനബുദ്ധിയോടെ പിരിച്ചുവിട്ടു. അഭ്യുദ്രോഹമല്ലെന്നു വയ്ക്കാം. അനുകൂലിച്ചവരെക്കൂടി അവർ പിരിച്ചുവിട്ടുകളഞ്ഞു. എന്നിട്ട് അവർ പിരിഞ്ഞുപോയുമില്ല. ഈ മന്ത്രിസഭ ചെയ്ത ഏറ്റവും വലിയ സാമൂഹദ്രോഹം അതാണെന്നു തോന്നുന്നു.

സമ്മാനം

കെ. സി. ഐസക്ക്, കോട്ടയത്തിനു നൽകുന്നു.

R. S. P. TIMBER DEPOT
EAST THAMPANOOR.
TRIVANDRUM 1.

തേക്ക്, ഈട്ടി, വേങ്ങ, തേമ്പാവ്, മരുത്, ആഞ്ഞലി മുതലായ എല്ലാത്തരം ഉരുപ്പാടികളും അറുപ്പുസൈസ് ഉരുപ്പടികളും മിതമായ വിലയ്ക്ക് ഇവിടെ കിട്ടുന്നതാണു.

N. B. ഓർഡർപ്രകാരം ഏതിനംസൈസ് ഉരുപ്പടികളും കൃത്യ സമയത്തു് അറുപ്പിച്ചുകൊടുക്കുന്നതാണു,

Phone 274.

Prop: ബാങ്കർ, R. ശ്രീധരപ്പണിക്കർ.

മദിരാശി സർക്കാർ വിദ്യാഭ്യാസവകുപ്പ്
കൗമുദിയുടെ നേർക്ക് കൊഞ്ഞനം കാട്ടുന്നു

C. M. C. HIGH SCHOOL,

Elathur, P. O. KORAPOYA.

26 - 10 - 1953.

From

The Headmaster.

To

The Manager,
The Kaumudi Weekly,
Pettah, Trivandrum.

Ref:your card dated 21-10-53.

Sir,


With reference to your card dated 21-10-53 I have to request you not to continue sending the weekly to the above address. I may point out for information that the weekly is not approved for school use by the Educational department.Kindly excuse.

No. 189/53-54
26-10-53.

Yours faithfully,

Headmaster.

ആയിരത്തിതൊള്ളായിരത്തിഅമ്പത്തിരണ്ടു മുതൽ ഏലത്തൂർ സി. എം. സി. സ്കൂളിൽ കൗമുദി ആഴ്ചപ്പതിപ്പ് മുടങ്ങാതെ വരിസംഖ്യ വാങ്ങിച്ചുയച്ചുവരുന്നു. ഈയിടെ വരിസംഖ്യ മുടങ്ങിയപ്പോൾ ആഫീസിൽനിന്നും അയച്ച റിമൈൻഡറിനു്, പ്രസ്തുത സ്കൂൾ ഹെഡ്മാസ്റ്റർ അയച്ച മറുപടിക്കുറിപ്പാണു് ബ്ലാക്കെട്ടത്തു് മുകളിൽ ചേർത്തിരിക്കുന്നതു്. കൗമുദി പള്ളിക്കൂടങ്ങളിൽ വരുത്തി വായിക്കുന്നതു് മദിരാശിഗവണ്മെൻറു് വിദ്യാഭ്യാസവകുപ്പ് അപ്രൂവു് ചെയ്യുന്നില്ലെന്നും, അതുകൊണ്ടു് കൗമുദി തുടർന്നു് അയയ്ക്കേണ്ടതില്ലെന്നുമാണു് ഹെഡ്മാസ്റ്ററുടെ മറുപടിക്കുറിപ്പിൻറെ സാരം.



പൊതുജനാഭിപ്രായം

പൊതുതിരഞ്ഞെടുപ്പിൽ കാൺഗ്രസ്സ് ഭയനീയമായി പരാജയമടയുകയും, ഇടതുപക്ഷസംയുക്തകക്ഷി ഭൂരിപക്ഷത്തോടെ ജയിച്ച് ഭരണകക്ഷിയായി മാറുകയും ചെയ്താൽ തിരു-കൊച്ചിസംസ്ഥാനത്തെ പൊതുജനാഭിപ്രായങ്ങളായ പത്രങ്ങളും നേതാക്കന്മാരും ആ ഭരണകക്ഷിയെ എങ്ങിനെ വീക്ഷിക്കും; എങ്ങിനെ അതിനെ അഭിമുഖീകരിക്കും; എന്ന ഭാവിഫലം അറിവാനായി നാല്പത്തൊന്നാമദിവസത്തെ പ്രതം ഞെരുഷ്ഠംച്ച് ഉച്ചവെയിലിൽ പഞ്ചാംഗി മദ്ധ്യത്തു നിന്ന് ആദിത്യനെ അഭിമുഖമായി കണ്ണിമയ്ക്കാതെ ധ്യാനിച്ചും, മരം കോച്ചുന്ന മഞ്ഞത്ത് ഏഴരവെളുപ്പിന് ചോലവെള്ളത്തിൽ കഴുത്തോളം നീറിലിറങ്ങിനിന്ന് പഞ്ചാക്ഷരം ജപിച്ചും കായത്തിലും മനഃശുദ്ധിയും വരുത്തിയും ആത്മനിരന്തരഹിതനായ സാക്ഷാൽ പരബ്രഹ്മത്തെ പ്രസാദിപ്പിച്ചപ്പോൾ, ഈശ്വരൻ എന്താണെന്നു ചോദിച്ചുകൊള്ളുവാൻ ഈശരീരിയുണ്ടാകയാൽ അതിനുശേഷം എന്താണെന്ന് ഭക്തൻ ആദരപൂർവ്വം അറിയിച്ചുവാറെ സാക്ഷാൽ ദേവർഷിയായ നാരദമഹർഷി പ്രത്യക്ഷപ്പെട്ട് വിവരമായി ചൊല്ലിക്കേൾപ്പിച്ച ഭാവിഫലമാവിതു:

മലയാളരാജ്യം

ഇങ്ങിനെ എഴുതും:-

ഇന്ത്യയ്ക്കു സ്വാതന്ത്ര്യം സമ്പാദിച്ചുതന്ന ഗാന്ധിജിയുടെ കാൺഗ്രസ്സിനും തിരു-കൊച്ചിയിലെ കാൺഗ്രസ്സിനും തമ്മിൽ കടലും കടലാടിയും തമ്മിലുള്ള അന്തരമാണുള്ളത്. ഇവിടത്തെ കാൺഗ്രസ്സിന്റെ ഉത്ഭവവും വളർച്ചയും അവിശുദ്ധമായതെ ക്രൂരകൈട്ടിൽ കൂടിയായിരുന്നു. നായർ നശിക്കട്ടെ എന്ന മുദ്രാവാക്യം മുഴക്കിക്കൊണ്ട് രാഷ്ട്രീയ മണ്ഡലത്തിലിറങ്ങിയ മുഷ്പിരിസമുദായങ്ങൾ ഉടലെടുത്ത മാറിയിട്ടപ്പോൾ ഉണ്ടായതാണ് തിരുവിതാംകൂർ സ്റ്റേറ്റ് കാൺഗ്രസ്സ്. സ്വാതന്ത്ര്യോദ്യോഗത്തിൽ സാമുദായികപ്രാതിനിധ്യം വേണമെന്നുള്ളതായിരുന്നു നിവർത്തനപ്രക്ഷോഭണത്തിന്റെ ലക്ഷ്യം. സ്റ്റേറ്റ് കാൺഗ്രസ്സിന്റെ ലക്ഷ്യവും അതുതന്നെയായിരുന്നു. ചരിത്രപരമായ കാരണങ്ങളാൽ ഈ രാജ്യത്തു നായർ സമുദായത്തിനു സ്വാധീനമുള്ളതുകൊണ്ട് രാഷ്ട്രീയ സ്വാധീനങ്ങളും തച്ചുടച്ച് അവരെ അവശരാക്കണമെന്നുള്ള വെറും സങ്കുചിതവും വർഗ്ഗീയവുമായ ഒരു ചിന്താഗതിയിൽ നിന്നുടലെടുത്തതായിരുന്നു മുഷ്പിരിസംഘടനയും അതിന്റെ കുസൃതിസന്താനമായ സ്റ്റേറ്റ്കാൺഗ്രസ്സും. തിരുവിതാംകൂർ സ്റ്റേറ്റ്കാൺഗ്രസ്സിന്റെ ഉത്ഭവംമുതൽതന്നെ ഞങ്ങളും അതിനെ ശക്തിയായി എതിർത്തിരുന്നു. മഹത്തായ ഇന്ത്യൻ നാഷണൽകാൺഗ്രസ്സിനും തിരുവിതാംകൂർ സ്റ്റേറ്റ്കാൺഗ്രസ്സിനും തമ്മിൽ യാതൊരു പൊരുത്തവും ബന്ധവുമില്ല. ഗാന്ധിജിയെ മിസ്റ്റർ ഗാന്ധിയെന്നു വിളിച്ചധിക്ഷേപിച്ചവരാണ് ഇവിടത്തെ കൃസ്ത്യാനികളും ഈഴവരും മുസ്ലീങ്ങളും. ഒരു ദിവസം നേരം വെളുത്തപ്പോൾ ഖദറുടുത്തതുകൊണ്ടു അവരെല്ലാം കാൺഗ്രസ്സുകാരാകുമോ? കെ. ജി. ശങ്കരൻ, കെ. കുമാരൻ, ത്രിവിക്രമൻതമ്പിയും, കെ. ജി. കുഞ്ഞുകൃഷ്ണപിള്ളയും, കോട്ടൂർ കുഞ്ഞുകൃഷ്ണപിള്ളയുമൊക്കെയായിരുന്നു ഇവിടത്തെ യഥാർത്ഥ കാൺഗ്രസ്സുകാർ. അവരാരും സ്റ്റേറ്റ് കാൺഗ്രസ്സിൽ ചേർന്നില്ല. എന്നു മാത്രമല്ല ഈ കൃസ്ത്യൻ കാൺഗ്രസ്സിനെ അവർ അങ്ങേയറ്റം എതിർക്കുകയും ചെയ്തിരുന്നു. വെറും വർഗ്ഗീയവാദികളായിരുന്ന സ്റ്റേറ്റ്കാൺഗ്രസ്സിനെതിരായി അവർ നാഷണൽ കാൺഗ്രസ്സിനെ കൊടിനാട്ടുകയും ചെയ്തു. ജനനം മുതൽ മരണംവരെ സ്റ്റേറ്റ്കാൺഗ്രസ്സ് കൃസ്ത്യൻ കാൺഗ്രസ്സായിരുന്നു. ഈ കാൺഗ്രസ്സ് വെറും കൃസ്ത്യൻ കാൺഗ്രസ്സാണെന്നുള്ള വസ്തുത ഹിന്ദുമണ്ഡലം പ്രക്ഷോഭണകാലത്തു് മന്നത്തുപത്മനാഭനും ആർ. ശങ്കറും കളത്തിൽ വേലായുധൻനായരും അവസരത്തിലുപയുക്തം പ്രഖ്യാപിച്ചിട്ടുണ്ട്. സാക്ഷാൽ ദേശീയസംഘടനയായ ഇന്ത്യൻ നാഷണൽ കാൺഗ്രസ്സുവിടെ? വെറും വർഗ്ഗീയവാദികളായ ക്രിസ്ത്യാനികളുടെ ഈ ഇമിറേഷൻ കാൺഗ്രസ്സുവിടെ? വർഗ്ഗീയതയാണ് കാൺഗ്രസ്സിന്റെ ഏറ്റവും വലിയ ശത്രു. ആ വർഗ്ഗീയതയുടെ മൂട്ടുമറിയാണ് ഇവിടത്തെ കാൺഗ്രസ്സ്. അതിനാൽതന്നെ അതു് നാമാവശേഷമാക്കേണ്ടതാണ്. ഈ തിരഞ്ഞെടുപ്പോടുകൂടി അതു് ധൂലയുക്കയും ചെയ്തു. അതിനാൽ സ്റ്റേറ്റ് കാൺഗ്രസ്സിന്റെ പരാജയത്തിൽ ഈ രാജ്യത്തെ യഥാർത്ഥ ദേശാഭിമാനികളെല്ലാം സന്തോഷിക്കേണ്ടതാണ്. ഇപ്രയവസരത്തിൽ ഭരണകക്ഷിയായി മാറിയിരിക്കുന്ന സംയുക്തകക്ഷിയോടും അതിന്റെ നേതാക്കന്മാരായ പട്ടം താണുപിള്ള, ശ്രീകണ്ഠൻനായർ, എം. എൻ. ഗോവിന്ദൻനായർ മുതലായവരോടും ഞങ്ങൾക്കൊരഭ്യർത്ഥനയുണ്ട്. സ്റ്റേറ്റ്കാൺഗ്രസ്സിന്റെ അനുഭവങ്ങൾ നിങ്ങൾക്കു പാഠമായിരിക്കട്ടെ. സ്വാതന്ത്ര്യോദ്യോഗങ്ങൾ ജാതിതിരിച്ചു പങ്കുവയ്ക്കുന്നതു് ദേശീയതയ്ക്കു കടകവിരുദ്ധമാണ്. കാര്യക്ഷമതയായിരിക്കണം ഉദ്യോഗത്തിന്റെ മാനദണ്ഡം. കാൺഗ്രസ്സിന്റെ വർഗ്ഗീയതമൂലം കാൺഗ്രസ്സുഭരണകാലത്തു് സിക്രട്ടേറിയറ്റിലും മറ്റും നടത്തിയിട്ടുള്ള നായർ സംഹാരത്തിനു പ്രതിവിധിചെയ്യാൻ പുതിയ ഗവർമെന്റ് ധീരമായ നടപടികളും എ

അലകൾ

(കഥാമാസിക)

സിംഗപ്പൂരിൽനിന്ന് ഡിസംബർ ആദ്യം പ്രസിദ്ധീകരണം തുടങ്ങുന്നു

— ആദ്യലക്കത്തിൽ —

ആനന്ദക്കുട്ടൻ, നാഗവള്ളി, കെ. ഏ. ജബ്ബാർ, ശങ്കരൻകരിപ്പായി, എം. പരമേശ്വരൻനായർ ഓരോ ലക്കവും ഓരോ വിശേഷാൽപ്രതി ആയിരിക്കും.

ഒറ്റപ്രതി നാലണ. ഏജൻറന്മാർക്ക് 25% കമ്മിഷൻ

കേരളത്തിലും ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലും

ഏജൻറന്മാരെ ആവശ്യമുണ്ട്

കൂടുതൽ വിവരങ്ങൾക്ക് ഞങ്ങളുടെ കേരളത്തിലെ ആഫീസിലേയ്ക്കെഴുതുക:-

"അലകൾ" (കഥാമാസിക)

ചിറയിൻകീഴുമുക്ക് P. O. തിരുവനന്തപുരം.

മാനേജർ, "അലകൾ"

ക്കണം. വർഗ്ഗീയ നേതാക്കന്മാരെയും വർഗ്ഗീയ പത്രങ്ങളെയും നിശ്ശേഷം പ്രോത്സാഹിപ്പിക്കുകയും അവരുടെ വിഷപ്രചരണം പരിപൂർണ്ണമായും തടയുകയും ചെയ്യുക എന്നതാണ് ഈ രാജ്യത്തെ ദേശീയ വളർച്ചയുടെ ആരംഭം മുതൽ ഇന്നോളം ഉറച്ചു നിന്നു പ്രവർത്തിക്കുകയും, വർഗ്ഗീയതയെ അതിന്റെ ഗുഹകളിൽ തന്നെ ചെന്നു തിരുകുകയും ചെയ്തിട്ടുള്ള പാരമ്പര്യമാണ് ഞങ്ങൾക്കുള്ളത്. അങ്ങിനെയുള്ള പത്രങ്ങളെ സകലവിധത്തിലും പ്രോത്സാഹിപ്പിക്കേണ്ട കടമ ഒരു ദേശീയ ഗവൺമെന്റിനുള്ളതാണ്. വർഗ്ഗീയമായി അഭിപ്രായങ്ങളും പങ്കിട്ടിരുന്ന കാൺഗ്രസ്സ് ഗവൺമെണ്ടുകളും ഞങ്ങളെ പല പ്രാവശ്യം ഭീഷണിപ്പെടുത്തിക്കൊണ്ടിരുന്നു. സ്റ്റേറ്റ് ട്രാൻസ്പോർട്ടിന്റെ റിക്കാറ്റ് പ്രിന്റിംഗ് ഞങ്ങളിൽ നിന്നെടുത്തുകളയുമെന്നും, ഗ്രൂൽമെന്റിന്റെ കാൺട്രാക്ട് കൃാൻസൽ ചെയ്യുമെന്നും, മറ്റും മറ്റും അവർ ഓരോ കാലത്തു് ഭീഷണിപ്പെടുത്തി ഞങ്ങളെ ധർമ്മമാർഗ്ഗത്തിൽ നിന്നും ഭ്രംശിപ്പിക്കാൻ പരിശ്രമിച്ചിരുന്നു. പക്ഷെ മലയാള രാജ്യത്തിന്റെ സ്ഥാപകനായ ശ്രീ. കെ. ജി. ശങ്കറിന്റെയും ശ്രീ. കെ. ജി. പരമേശ്വരൻ പിള്ളയുടെയും പാവന സ്മരണകളും ഞങ്ങളെ ധർമ്മമാർഗ്ഗത്തിൽതന്നെ ഉറപ്പിച്ചു നിർത്തിരണം ഏറ്റെടുക്കാൻ പോകുന്ന കക്ഷിയോടു് ഒരു വാക്കുകൂടി ഞങ്ങൾക്കു പറയാനുണ്ടു്. നിങ്ങളെപ്പറ്റി എന്തെല്ലാം അപവാദങ്ങൾ ശത്രുക്കൾക്കു പറയാനുണ്ടാകുമെങ്കിലും നിങ്ങൾ വർഗ്ഗീയവാദികളാണെന്നു് അക്കൂട്ടർ പറയാൻ സാധിക്കയില്ല. തനി ദേശീയചിന്താഗതിയുള്ളതു് ഈ രാജ്യത്തെ ഇടതുപക്ഷ കക്ഷികൾക്കുമാത്രമാണു്. ഞങ്ങിനെയുള്ള ഒരു കക്ഷിയെ ഈ രാജ്യത്തിന്റെ ഭരണം ഏല്പിക്കുന്നതുകൊണ്ടു് യാതൊന്നും ഭയപ്പെടാനില്ലെന്നുമാത്രമല്ല ഭാവി ശോഭനമായിരിക്കുകയും ചെയ്യും.

മനോരമ

ഇങ്ങനെ എഴുതും:

ഈ രാജ്യത്തെ ജനങ്ങളും കാൺഗ്രസ്സിന്റെ പിന്നിലില്ലെന്നു് ഈ ഈ കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പു തെളിയിച്ചിരിക്കുന്നു. യാതൊരു കക്ഷിക്കും വ്യക്തമായ ഭൂരിപക്ഷമില്ലാതിരുന്നതിനാൽ ഭൂർഭൂചമായിരുന്ന കാൺഗ്രസ്സുഗവൺമെന്റു് നിയമസഭ പിരിച്ചുവിട്ടു് വീണ്ടും ഒരു തിരഞ്ഞെടുപ്പു നടത്തിയതു് ഉപരിതമായി എന്നു ഇപ്പോൾ എല്ലാവർക്കും ബോധ്യമായിരിക്കുമല്ലോ. ഒരുറച്ച ഗവർമെൻറുണ്ടാകണമെന്ന ആഗ്രഹത്തിന്റെ പേരിലാണു് ഞങ്ങൾ പൊതുതിരഞ്ഞെടുപ്പിനെ സ്വാഗതം ചെയ്തതു്. ഇപ്പോൾ ഇടതുപക്ഷ സംയുക്തകക്ഷിക്കു രൂപീകരിക്കുവാൻ അവസരം ലഭിച്ചിരിക്കുകയാണു്. അടുത്ത തിരഞ്ഞെടുപ്പിൽ കാൺഗ്രസ്സിനു വീണ്ടും അധികാരത്തിൽ വന്നു കൂടെന്നില്ല. അതു് അവരുടെ ഒരുമയെയും വിവേകത്തെയും ആശ്രയിച്ചിരിക്കുന്നു. ഇന്ത്യയിൽ ഇന്നു നിലവിലുള്ളതു് ബ്രിട്ടീഷു മാതൃകയിലുള്ള ഡെമോക്രസിയാണു്. ഓരോ കക്ഷികളും മാറിമാറി അധികാരത്തിൽവരുന്നതു് ഡെമോക്രസിയുടെ സ്വഭാവമാണു്. ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്നരീതിയിൽ ഭരണം നടത്തിയാൽ ഇവിടത്തെ സംയുക്തകക്ഷിക്കു രാജ്യത്തിനു വളരെ ഗുണം ചെയ്യാൻ സാധിക്കും. അതിനെതിരായി പ്രവർത്തിച്ചാൽ പെപ്സുവിലെ അനുഭവംതന്നെയായിരിക്കും ഫലം. ശ്രീമാൻ പട്ടം താണുപിള്ളയെപ്പോലുള്ള പരിണതപ്രജ്ഞന്മാരായ രാജ്യതന്ത്രജ്ഞന്മാർക്കു ഞങ്ങളും ഇക്കാര്യത്തിൽ ബുദ്ധ്യുപദേശം ചെയ്യേണ്ടതായിട്ടില്ല എങ്കിലും ചില തത്വങ്ങൾ ഞങ്ങളും ഉന്നയിക്കുന്നു. ഇന്ത്യൻകമ്മ്യൂണിസ്റ്റുപാർട്ടി റഷ്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയിൽ നിന്നും വിഭിന്നവും സ്വതന്ത്രമായ വ്യക്തിത്വമുള്ളതുമായ ഒരു പാർട്ടിയാണു്. അങ്ങിനെയിരിക്കെ സ്വതന്ത്രമായ നയം സ്വീകരിക്കാനുള്ള സ്വാതന്ത്ര്യമുണ്ടു്. ചൈനയിലെ കമ്മ്യൂണിസ്റ്റു ഗവൺമെൻറു് അവിടത്തെ ജന്മിമാരേയും മുതലാളിമാരെയും നശിപ്പിച്ചില്ലെന്നു മാത്രമല്ല, ദേശീയ മുതലാളിത്വത്തെപ്പോൽസാഹിപ്പിക്കുകയുമാണു് ചെയ്തതു്. ഇന്ത്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ വിശാലജനാധിപത്യസിദ്ധാന്തം ചൈനീസ്സു ഗവൺമെൻറു അംഗീകരിച്ച മാർഗ്ഗമാണു്. ആ നയത്തിൽ ഉറച്ചുനിൽക്കുകയാണെങ്കിൽ ഈ രാജ്യത്തെ എല്ലാവരുടെയും പിന്തുണ അവർക്കുണ്ടായിരിക്കും. ജന്മിത്വം അവസാനിപ്പിക്കും, മുതലാളിത്വം നശിപ്പിക്കും

(ശേഷം 10 ാംപേജിൽ)

കേസരി രസായനം


ക്ഷയിച്ചുപോയ ധാതുബലവും, നശിച്ചുപോയ പുരുഷത്വവും വീണ്ടെടുക്കും. രതിപ്രിയന്മാർക്കു ശരീരക്ഷീണം സംഭവിക്കാതെ കാക്കുകയും, രതിയിൽ ദീർഘസംതൃപ്തി വരുത്തുകയും ചെയ്യും. ക്ഷയം, വാതം, സപ്തധാതുവലനം, നാഡിക്ഷീണം, മെലിച്ചിൽ, രക്തക്കുറവു് എന്നിവയെ പരിഹരിച്ചു ആരോഗ്യത്തെ വർദ്ധിപ്പിക്കും. ബീജവർദ്ധകങ്ങളായ സസ്യബീജങ്ങളുടെ സമാഹാരമാണു് ഈ ലേഹ്യം. ആനകേസരിക്കെന്നവണ്ണം, ആനയാനകം കേസരി രസായനം സേവിച്ചവർക്കു അടിപതറിയിട്ടുണ്ടു്.

40 നേരത്തേക്കുള്ള ഒരു ഭരണിക്കു 10 രൂ. മാത്രം. പാക്കിംഗു് പോസ്റ്റേജുവേറെ

സ്വതന്ത്ര ഫാർമസി (Regd)

H. O. ചാലക്കുടി. Phone: 44.

ബ്രാഞ്ചുകൾ:— തിരുവനന്തപുരം Phone 2877 വക്കീൽ, ആലപ്പുഴ, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോടു്.



കൊല്ലം ബാറിൽ അന്നു നല്ല വക്കീലന്മാർ പലരുമുണ്ടായിരുന്നു. ശങ്കരമേനോൻ, കൃഷ്ണാകരമേനോൻ, പറവൂർ നാരായണപിള്ള, എൻ. കുമാരൻ മുതലായവർ അന്നത്തെ പേരെടുത്ത വക്കീലന്മാരായിരുന്നു. പുളിപ്പള്ളി, വൈക്കം, ടി. എം. മുതലായവർ മുൻപന്തിയിൽ എത്തി, എത്തിയില്ല എന്നു പറയാം. ഇഴവരായിട്ട് എൻ. കുമാരനും, മേനാത്തേരിൽ കേശവപിള്ളയും മാത്രമേ ജില്ലാക്കോടതിയിൽ വ്യവഹരിച്ചിരുന്നുള്ളൂ. മുൻസിഫ് കോടതിയിൽ വാസന്തിയുടെ ഇളയ അമ്മാവൻ ടി. കെ. നാരായണനും ഉണ്ടായിരുന്നു. എന്നോടൊന്നിച്ച് കെ. ശങ്കരൻ, പി. കെ. ഭാസ്കരൻ എന്നീ ഇഴവരും സന്നത്തെടുത്തിരുന്നു. പക്ഷേ, ഇവരുടെ ആരുടെ സെറിലും ഞാൻ ഉൾപ്പെട്ടിരുന്നില്ല. അന്ന് ഇ. വി. കൊല്ലത്തുണ്ട്. കൊല്ലം ബാറിന്റെ രസികത്വം മുഴുവൻ ഇ. വി. യിൽ കേന്ദ്രീകരിച്ചിരിക്കയാണ്, ഏ. കെ. വേലപ്പിള്ള, രാമവാര്യർ മുതലായവർ ഇ. വി. യുടെ പുറകെ നിന്നിരുന്നു. ആ സംഘത്തിനു് എന്നെക്കൂടി ആകർഷിച്ചുചേർക്കാൻ ഒരു വിഷമവുമുണ്ടായിരുന്നില്ല. ഇ. വി. യുടെ പേരു സാഹിത്യലോകത്തിൽ അതിവേഗം പൊന്തിവരുന്ന കാലമാണു്, രാഷ്ട്രീയകാര്യങ്ങളിലും കൈവച്ചിട്ടുണ്ട്. മലയാളിയുടെ പത്രാധിപത്യം അന്നു് ഏറെക്കുറഞ്ഞിരിക്കുന്നു എന്നാണു് എന്റെ ഓർമ്മ. ഇങ്ങനെ തെറിവിളിക്കപ്പെട്ടിട്ടുള്ള ഒരു വ്യക്തി നമ്മുടെ നാട്ടിൽ വേറെ കാണുകയില്ല. ആത്മാർത്ഥതയില്ലായ്മയുടേയും, ഹൃദയശൂന്യതയുടേയും മൂർത്തീകരണമായി, അവയുടെ പര്യായമായി ഇ. വി. യെ കരുതുന്നവരാണു് വളരെപ്പേർ. ഇ. വി. യുടെ സ്നേഹിതന്മാരായി നടന്നിട്ടുള്ളവർതന്നെ വലിയ അപവാദങ്ങൾ ഇ. വി. യെപ്പറ്റി പറഞ്ഞു പരത്തിയിട്ടുണ്ട്. ഇ. വി. യെ മനസ്സിലാക്കാൻ ഉള്ള കഴിവില്ലായ്മയാണു് അതിനു് ഇടവരുത്തിയിട്ടുള്ളതു് എന്നാണു എന്റെ വിശ്വാസം. മുൻഷി പരമുപിള്ള, സി. ഐ. രാമൻനായർ, ഇ. എം. കോവൂർ മുതലായവർ എഴുതിയിട്ടുള്ള സുരണകളും വായിച്ചപ്പോൾ എനിക്കു് തോന്നിയിട്ടുള്ളതു് അങ്ങനെയാണു്. നേരിന്റെ തരിമ്പില്ലാത്തപൊളി ഇല്ലെന്നു ഹെർബർട്ട് സ്പെൻസർ പറഞ്ഞിട്ടുണ്ട്. ഈ സ്നേഹിതന്മാർ പരത്തിയിട്ടുള്ള വൻപിച്ച പൊളികളിലും നേരിന്റെ തരിമ്പുകണ്ടേക്കാം ഇ. വി. യെ സൂക്ഷ്മത്തിൽ അറിയുന്നതിനോ പഠിക്കുന്നതിനോ കഴിവില്ലാത്ത ആളുകളും എഴുതിവിട്ട കഥകളുമാത്രമാണു് അവയെന്നേ കരുതേണ്ടതുള്ളൂ. യഥാർത്ഥ ഇ. വി. യുടെ ജീവചരിത്രം ഇനിയും എഴുതപ്പെടേണ്ടതുണ്ട്. അദ്ദേഹം ഒരു മായാവിയായി എന്നും നിലകൊള്ളും. പക്ഷേ ഒന്നുപറയാതുണ്ട്. ഗാന്ധിജിയും നാരായണഗുരുവും ഒന്നിച്ചു് സഞ്ചരിച്ചു പോകുന്നതുപോലെ ഇ. വി. യുമൊന്നിച്ചു് നടക്കുന്നതിൽ കഴിയുന്നതിനാണു് ഞാൻ ആഗ്രഹിക്കുന്നതു്. അതു് എനിക്കു തീർത്തുപറയാം. ഞങ്ങൾ തമ്മിൽ സാമാന്യധർമ്മങ്ങൾ വളരെ വിരളമായിരുന്നു. എങ്കിലും ഞങ്ങൾ തമ്മിൽ വല്ലാത്ത ഒരു അടുപ്പമാണു് ഉണ്ടായിരുന്നതു് ഹൃദയമെന്നു ഒന്നു് എനിക്കുണ്ടു്. ഇ. വിക്കു ഹൃദയം ഇല്ലെന്നു പറയുന്നതു് കേവലം ഭോഷ്കാണു് അദ്ദേഹം ആത്മാർത്ഥതയില്ലാത്ത, കപടവേഷം കെട്ടാൻ സമർത്ഥനായ ഒരു ബീ. ഏ. മായാവിയായി പലർക്കും പ്രത്യക്ഷപ്പെട്ടിരുന്നു എന്നൊരു സന്ദേഹിക്കാം. പക്ഷേ ഞങ്ങളുടെ ദീർഘകാലത്തെ സൗഹൃദത്തിനിടയിൽ ഒരിക്കലെങ്കിലും അദ്ദേഹം എന്നോടു് ആത്മാർത്ഥതയില്ലാതെ പെരുമാറിയതിന്റെ ഒരു ഉദാഹരണവും എനിക്കു ചൂണ്ടിക്കാണിക്കുവാനില്ല. ഞങ്ങളുടെ സ്വഭാവവൈരുദ്ധ്യങ്ങൾ തമ്മിലുണ്ടായിരുന്ന വൈജാത്യം ഞങ്ങൾക്കുമദ്ധ്യേ ഒരു ഉൾക്കടൽപോലെ കിടന്നിരുന്നു. പക്ഷേ ഞങ്ങളെ പരസ്പരം ബന്ധിക്കുന്ന ഒരു സച്ചൈതന്യവും വെള്ളിരേഖയും ആ ഉൾക്കടലിൽ എപ്പോഴും ഉണ്ടായിരുന്നിട്ടതന്നെയുണ്ട്.

ഇ. വി. അന്നു നല്ലപോലെ മദ്യപിക്കാറുണ്ടായിരുന്നു. ഹൃദയത്തിന്റെ അടിത്തട്ടിൽ, ഉപബോധമനസ്സിൽ ശ്രദ്ധകൊള്ളാതെ അവ്യക്തമായി ഉറങ്ങിക്കിടന്ന ആശയങ്ങൾ വിശദമായി പുറപ്പെടുത്തിൽ സകല മോഹനതന്ത്രങ്ങളും കൈക്കൊണ്ടു പ്രത്യക്ഷപ്പെടുന്നതു് ഇ. വി. യെ സംബന്ധിച്ചിടത്തോളം അത്തരം സന്ദർഭങ്ങളിലായിരുന്നു. കവിതയും കഥകളും തുലികാചിത്രങ്ങളും അനർഗ്ഗളമായി ധാരായന്ത്രത്തിൽ നിന്നെന്നപോലെ അദ്ദേഹത്തിന്റെ മസ്തിഷ്കത്തിൽനിന്നു പുറപ്പെടുകയായിരുന്നു. അങ്ങനെ അവ മണിക്കൂറുകളിൽ പ്രവഹിക്കാറുണ്ടു്. ബ്രഹ്മാവു് എന്ന ഗ്രീക്കു ദേവതയോ വാരുണി എന്ന ഹൈന്ദവദേവതയോ ഇ. വി. യെ ഭ്രാന്തുപിടിപ്പിച്ചു ഏങ്കിൽ ആ ഭ്രാന്തു് അവശേഷിക്കുന്നതുവരെയുള്ള അനുഗ്രഹകർത്താവു് ഇ. വി. യെ ആക്കുകയും ചെയ്തിരുന്നു എന്നു് ഞാൻ നിശ്ചയിച്ചുപറയുന്നു. ഈ വിപാടകടൽ കടഞ്ഞുകിട്ടിയ വാരുണീകുംഭം ആയിരുന്നു എന്നു് ഞാൻ ഇ. വി. യെ നേരിട്ടതന്നെ കളിയാക്കാറുണ്ടായിരുന്നു. എന്റെ ശൈശവകാലങ്ങളിൽ ഇ. വി. രസിച്ചു മദിച്ചു എന്നെ അലിനന്ദിച്ചിട്ടുമുണ്ടു്. അതൊക്കെ ഇ. വി. യുമായുള്ള എന്റെ പരിചയത്തിന്റെ ആദ്യകാലമാണു്. രാത്രിഞ്ചരത്തിനുശേഷം ഇ. വി. എന്റെ താമസസ്ഥലത്തു് വന്നു് വീട്ടിൽ ഹാജരുവയ്യുവാൻ എന്നെക്കൂടി കൊണ്ടുപോകുന്ന വിദ്യ ഉണ്ടായിരുന്നു. ആ മഹേശ്വരിയമ്മയെപ്പോലെ ഇതു മാഗ്വയതിയും ഇതു നിർഭാഗ്യവതിയും ആയ ഒരു സ്ത്രീയെ ഞാൻ കണ്ടിട്ടില്ല. എന്റെ സാന്നിദ്ധ്യവും മാപ്പുസാക്ഷിത്വവും പലപ്പോഴും അവരെ അനുരഞ്ജിപ്പിച്ചിട്ടുണ്ടു്.

ഇ. വി. യുമായുള്ള എന്റെ ഇഴയടുപ്പത്തിനു ചില അപവാദശരങ്ങളും എന്റെ മേലും പ്രകീർത്തനത്തിനു ഇടവരുത്തിയിട്ടുണ്ടു്. ഞാൻ ഇ. വി. യുടെ മദ്യമുഷ്ടിയിൽ അമർന്നു് മദ്യലോലുപനായി പ്രാപാന്തരപ്പെട്ടുപോയിഎന്നുള്ളതാണു് അവയിൽ ഒന്നു്. ദീർഘകാലംഇങ്ങനെയൊരപവാദം എന്റെമേൽ ഒരു ക്രൂരശരംപോലെ തറച്ചു നിന്നിരുന്നു. പക്ഷേ അതിൽ സത്യം ഇല്ലാതിരുന്നതിനാൽ ഞാൻ അതു വകവച്ചതേ ഇല്ല. സത്യം ഇല്ലാതിരുന്നു എന്നു പറയുന്നതിലും ശരിയില്ല. ഒരു ദിവസം കെ. സി. ഗോവിന്ദപ്പിള്ളയും ഇ. വി. യും മലയാളി മാധവൻനായരുംകൂടി നീണ്ടകര ഒരു അരയഭവനത്തിൽ ഒരു പാർട്ടിക്കു് എന്നെയുംകൂടി ക്ഷണിച്ചുകൊണ്ടുപോയി. അന്നു് ഒരു ഇരിപ്പിരി ഞാനും കൂടിച്ചു അയിരുന്നു. ഒരുനാഴികനേരത്തിലും രണ്ടിലും ഇ. വി. യുടെ സെറിൽ അപൂർവ്വം ചിലയവസരങ്ങളിൽ ഞാൻ കൂടിച്ചിരിക്കും. ഒരു ദിവസം കൂടിച്ചതു് അല്പമൊന്നു കടന്നുപോയി. അടുത്ത ദിവസം അതിന്റെ പ്രതിഫലനം എനിക്കു കേവലം ദുസ്സഹമായിരുന്നു. ഏ

കിറുക്കുകൾ

(8-ാംപേജിൽ നിന്നും തുടർച്ച)

പ്പിക്കും എന്നൊക്കെയുള്ള ബുദ്ധി ശൂന്യവും അപ്രായോഗികവും രാജ്യദ്രോഹപരവുമായ പരപാടികൾ സംയുക്തകക്ഷി ഉപേക്ഷിക്കേണ്ടതാണ് ഈ രാജ്യത്തു് ഏറ്റവും അടിയന്തിരമായി വേണ്ടതു് വ്യവസായീകരണമാണു്. അതു കൊണ്ടുമാത്രമെ തൊഴിലില്ലായ്മ അവസാനിക്കൂ. ജന്മിമാരെ പ്രോത്സാഹിപ്പിച്ചാൽ ഉല്പാദനവും വർദ്ധിക്കും. പട്ടിണിയും തീരും. ഈ രണ്ടു കാര്യത്തിലും കോൺഗ്രസ്സുശവമെൻറ പരാജയപ്പെട്ടകയാണുണ്ടായതു്. കാരണം സ്പഷ്ടമാണു്. പനമ്പിള്ളിയുടെ പ്രകടനപത്രികപോലെയുള്ള അകാരം കുസുമങ്ങളെ സംയുക്തകക്ഷിക്കില്ല. ഇടതുപക്ഷകക്ഷികളെപ്പറ്റി നിർഭാഗ്യകരങ്ങളായ പല തെറ്റിദ്ധാരണകളും ജനതാമദ്ധ്യത്തു് പരന്നിട്ടുണ്ടു്. അതൊക്കെ പ്രവൃത്തികൊണ്ടതന്നെ മാറേണ്ടതാണു് കുസ്സ്യാനികളെ കമ്മ്യൂണിസത്തിൻറെ ശത്രുക്കളാണെന്നൊരു കള്ളനാണയം തല്പരകക്ഷികൾ ഇവിടെ പ്രചരിപ്പിച്ചിട്ടുണ്ടു്. അതൊക്കെ കുസ്സ്യാൻ ശത്രുക്കളായ മന്നംശങ്കരന്മാരുടെ കള്ളപ്രചരണം കൊണ്ടുണ്ടായതാണു്. ലോകത്തെ ഒന്നാമത്തെ കമ്മ്യൂണിസ്റ്റാണു് യേശുദേവൻ. പത്രണ്ടപ്പവും പത്രണ്ടു മീനുംകൊണ്ടു അവിടന്നു് പന്തീരായിരം പേരെ ഒരു പോലെ തീറ്റി. കമ്മ്യൂണിസത്തിന്റെ സ്ഥിതി സമത്വവാദത്തെപ്പറ്റിയുള്ള അഭിപ്രായ കഥയാണതു്. മാർപ്പാപ്പായും സ്റ്റാലിനും സഹപാഠികളായിരുന്നവരാണു്, കത്തോലിക്കർ കമ്മ്യൂണിസത്തിൻറെ ശത്രുക്കളാണെന്നു പറയുന്നു. അതു നേരല്ല. ഇറാഖിയിലെയും ഫ്രാൻസിലെയും സ്പെയിനിലെയും കമ്മ്യൂണിസ്റ്റുകാരും ആരാണു്? ആ രാജ്യങ്ങളിൽ കത്തോലിക്കർ മാത്രമല്ലേ ഉള്ളൂ. ഇവിടത്തെ കുസ്സ്യാനികളും മുഴുവൻ കത്തോലിക്കരല്ല. നല്ല ആദർശങ്ങളും സ്വീകരിക്കുന്നതിൽ ഇവിടത്തെ കുസ്സ്യാനികളും മാറാരുടെയും പുറകിൽ നിന്നിട്ടുള്ളവരല്ല. ഇവിടത്തെ ഉത്തരവാദഭരണ പ്രക്ഷോഭണ ചരിത്രം തന്നെ അതു തെളിയിക്കുന്നു. ഉത്തരവാദഭരണത്തിനു വിലങ്ങുതടിയായിനിന്ന സി. പി രാമസ്വാമിഅയ്യരെ എതിർത്തതിനാൽ പത്രണ്ടര ലക്ഷംരൂപയാണു് മനോരമയ്ക്കു നഷ്ടപ്പെട്ടതു്. അതിനുവേണ്ടി മനോരമപ്രത്യുപകാരം ജയിൽവാസവും അനുഭവിച്ചിട്ടുണ്ടു്. അധികാരത്തിൽവന്ന ശവമെൻറിനെ വിശ്വസ്തതയോടെ സേവിക്കുന്ന പാരമ്പര്യമാണു് മനോരമയ്ക്കുള്ളതു്. വൈരനിര്യാതനബുദ്ധിയിൽ ശക്തിദുർവിനിയോഗം ചെയ്യുന്ന പുതിയ ശവമെൻറ് ഭരണകാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കണം. ഈ രാജ്യത്തു ഏറ്റവും തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ള നിർഭാഗ്യവാന്മാരിൽ ഒരാളാണു് ടി. എം. വറുഗീസ്. ഇന്നു അധികാരത്തിൽ വന്നിരിക്കുന്ന കക്ഷിനേതാക്കന്മാരുടെ പഴയ സഹപ്രവർത്തകനും ബന്ധുവുമായിരുന്ന വറുഗീസിനെ അവർ ഈയവസരത്തിൽ വിസ്മരിക്കരുതു്.

കേരളകൗമുദി ഇങ്ങനെ എഴുതും: —

ജനദ്രോഹികളായ കോൺഗ്രസ്സിനെ ജനയീനായി തോല്പിച്ചു നിലംപരിശാക്കിയ ഈ രാജ്യത്തെ ജനകീയശക്തിയെ ഞങ്ങളും അഭിവാദനം ചെയ്യുന്നു. വരാൻപോകുന്ന വിപത്തിനെ കാലെക്കൂട്ടിത്തന്നെ ഞങ്ങളും മുന്നറിയിപ്പു നൽകി. എന്നിട്ടും ചില ധിക്കാരികളുടെ പിടിയിൽ അമർന്നുപോയ കോൺഗ്രസ്സ് അതു മുന്നറിയിപ്പു് കൂട്ടാക്കിയില്ല. കോൺഗ്രസ്സിൻറെ ഈ അധഃപതനത്തിനു കാരണക്കാർ ടി. എം. വറുഗീസും കളത്തിൽ വേലായുധൻനായരുമാണു്. ഉപ്പുതിന്നവൻ വെള്ളം കുടിച്ചു. അഹങ്കാരം അല്പം ഉണംചെയ്യുന്നില്ല. ചത്തകുഞ്ഞിൻറെ ജാതകം വായിക്കണ്ടല്ലോ. അധികാരത്തിലേയ്ക്കു കാലും നീട്ടിയിരിക്കുന്ന സംയുക്ത കക്ഷിയോടാണു് ഞങ്ങൾക്കു ചിലതു പറയാനുള്ളതു്. ഈ രാജ്യത്തു് ഭിന്നവർഗ്ഗങ്ങൾ ഉണ്ടെന്നുള്ളതു് ഒരു യാഥാർത്ഥ്യമാണു്. ആ വസ്തുത മറക്കാതെ എല്ലാവർക്കും നീതി ലഭിക്കുന്ന ഒരു ഭരണക്രമമാണു് ജനങ്ങളും അഭിലഷിക്കുന്നതു്. ശത്രുക്കളേയും മിത്രങ്ങളേയും തിരിച്ചറിവാൻ ശ്രദ്ധിക്കണം. ശ്രീ. പട്ടം താണുപിള്ള അനുഭവസമ്പന്നനാണു് അതിൽനിന്നും വേണ്ടുവോളം വിവേകവും അദ്ദേഹത്തിനു മുതിർന്നിരിക്കുമെന്നു ഞങ്ങളും വിശ്വസിക്കുന്നു

മന്നത്തു പത്മനാഭൻ ഇങ്ങനെ പ്രസംഗിക്കും: —

എൻറെ ജീവിതത്തിൽ ഏറ്റവും സന്തോഷകരമായ ഒരവസ്ഥയെയാണു് രാജ്യം ഇന്നു നേരിടുന്നതു് കുസ്സ്യാൻ കോൺഗ്രസ്സിനെ ആറടിമണ്ണിൽ ആഴത്തിൽ കുഴിച്ചിടണമെന്ന ഒരു ഉഗ്രശപഥം ഞാനും ശങ്കരനും കൂടി നടത്തിയിട്ടുണ്ടു്. ഏറ്റവുമാന്തർ അമ്പലത്തിൻറെ തിരുമുറ്റത്തുവച്ചാണു ഞങ്ങൾ ശപഥം ചെയ്തതു് പുതിയ ഭരണം ഈ രാജ്യത്തെ ഹിന്ദുക്കൾക്കു പുത്തനായ ഒരാശാകിരണമാണു് രാജ്യഭരണം നിങ്ങളും നടത്തണം. ദേവന്മാരുടെ ഭരണം ഈ വയസ്സനെ എല്പിക്കണം. ചെറുപ്പക്കാർ രാജ്യം ഭരിക്കണം. വയസ്സന്മാർ ദേവനെ ഭജിക്കട്ടെ എം. എൻ. ഗോവിന്ദൻനായർ, ശ്രീകണ്ഠൻനായർ, ശങ്കരനാരായണൻനായർ എന്നിങ്ങനെയുള്ളവരിലാണു് നായർ സമുദായത്തിൻറെ ഭാവിഭാഗധേയം സ്ഥിതി ചെയ്യുന്നതു്. ഇവർ ആരെല്ലാമെന്നല്ലേ! ഒന്നു സർദാർപണിക്കരുടെ ജാമാതാവു്. പിന്നൊന്നു കെ. കെ കുഞ്ചുപിള്ളയുടെ മരുമകൻ. മൂന്നാമൻ ഉണിച്ചക്കം വീട്ടിലെ സന്താനം. ഞങ്ങളുടെ കാലം കഴിഞ്ഞുപോയി. ഇനി നിങ്ങളുടെ കാലമാണു്. ഒരുകാര്യം ഈ വയസ്സൻറെ അഭിലാഷമായി പറയാനുണ്ടു്. കളത്തിൻ വേലായുധൻനായരെ ഒരക്ഷൗഹിണി നിങ്ങളുടെ പന്തിയിൽ ഇരുത്തണം.

—

(ശേഷം 38-ാംപേജിൽ)

സോവിയറ്റ് സാഹിത്യം

: ശ്രീ ഗുപ്തൻനായർക്ക് ഒരു മറുപടി :

★ എം. കെ. കുമാരൻ ★

സ്റ്റാലിൻ സമ്മാനം ലഭിച്ച ഒരു സോവിയറ്റ് നോവലാണ് "ഐവാൻ ഇലിനോവിച്ച്".

കഥയുടെ ആരംഭം 1910-ലാണ്. കുസ്നായിക്ക ഓംഗാ എന്നൊരു യുവതിയുണ്ട്. മോസ്ക്കോയിലെ ഒരു കെമിസ്റ്റിന്റെ ഫലമാണ് ഓംഗാ. അവളുടെ കുഞ്ഞുന്നാളിൽ തന്നെ അമ്മ മരിച്ചു പോവുകയാൽ വാത്സല്യനിധികളായ അച്ഛന്റെയും മൂത്തസഹോദരിമാരുടെയും ലാളനയിലാണ് അവൾ വളർന്നത്. അവളുടെ സ്വഭാവം, അതിലാളനയാൽ കൗമാരവയസ്സുകളായിട്ടും എന്ത് അവൾക്കതൊന്നും അറിയാം വിദ്യാർത്ഥിനിയായിരിക്കുന്ന കാലത്താണ് അവളുടെ വിവാഹം നടന്നത്. പ്രസിദ്ധനായ ഡാക്ടർ ഐവാൻ ഇവാനോവിച്ച് ആർഷനോവ് അവളെ വിവാഹം കഴിച്ചു പ്രസവത്തോടുകൂടി അവൾക്ക് യൂണിവേഴ്സിറ്റി വിട്ടുപോരേണ്ടതായി വന്നു.

ഈ കഥ ആരംഭിക്കുന്നകാലത്ത് ഡാക്ടർ ആർഷനോവ്, ഒരു സൈബീരിയൻ ഖനിപ്രദേശത്ത് താമസിക്കുകയാണ്. വിദഗ്ദ്ധനായ ആ സർജനും അമ്മിടെ വലിയ ജോലിത്തിരക്കുണ്ട്. ഇത്തരങ്ങളായ പല രോഗങ്ങളും ചികിത്സിച്ചു ഭേദപ്പെടുത്തുന്നതിലും ശസ്ത്രക്രിയനടത്തുന്നതിലും വ്യാപൃതനായിരിക്കുകയാണദ്ദേഹം. ഓംഗാ അച്ഛനോടൊത്ത് മോസ്കോയിൽവച്ചുണ്ടായ പരിചയം ഇവർക്ക് കൂടുതൽ ഘനിഷ്ഠതയുണ്ടാക്കിത്തീർത്തു. ഭർത്താവിന്റെ സാന്നിദ്ധ്യമായി അവളുടെ ഹൃദയത്തിൽ ഒരു വിരഹം അവളെ വേദനിപ്പിച്ചില്ല. ലീന മരിച്ചു മോസ്കോയിലെ അവളുടെ ജീവിതം ശൂന്യമായി. അവൾ ഭർത്തൃസന്നിധിയിലേക്ക് പുറപ്പെട്ടു

യാത്രാമദ്ധ്യേ, കപ്പലിൽവച്ചു സൈബീരിയായിലേക്ക് പോകുന്ന ടാവ്റോവ് എന്ന ഒരു എൻജിനീയരുമായി ഓംഗാ പരിചയമായി. ആർട്ടിക്ക് മഹാസമുദ്രത്തിൽ കൂടിയുള്ളദുർഘടമായ ആ യാത്രയുടെ ദുസ്സഹത്വത്തെ ലഘൂകരിച്ചുതു്, ടാവ്റോവിന്റെ സാന്നിദ്ധ്യമായിരുന്നു. ഉന്മേഷശാലിയും ഉല്ലാസവും അകമ്പടി സേവിക്കുന്ന ഒരു നിറഞ്ഞ ജീവിതമായിരുന്നു യുവാവായ ടാവ്റോവിന്റേതു്. ഓംഗായും, ടാവ്റോവും പല വിഷയങ്ങളെപ്പറ്റിയും. സംസാരിച്ചു—സാഹിത്യത്തെയും, രാഷ്ട്രീയകാര്യങ്ങളെയുംപറ്റി മാത്രമല്ല, ഓംഗായുടെ സ്വകാര്യജീവിതത്തെപ്പറ്റിയും അവർ ഹൃദയം തുറന്നു സംസാരിച്ചു ടാവ്റോവുമായുള്ള പരിചയബന്ധം, അതിരുകടന്നുപോകുമെന്ന കാണുന്നമാത്രയിൽ, തന്റെ ഭർത്താവിന്റെ ഗുണഗണങ്ങളെക്കുറിച്ചും, തനിക്കദ്ദേഹത്തോടുള്ള സ്നേഹവായ്പിനെക്കുറിച്ചും ഓംഗാ ആവർത്തിക്കും. ഭർത്തൃസ്നേഹത്തേക്കാൾ ഉപരിയായി ഒരു വികാരം ഹൃദയത്തിൽ അങ്കുരിക്കുവാൻ ഓംഗാ ഒരു നിമിഷംപോലും അനുവദിച്ചില്ല.

സ്വന്തമായി ഒരു ജോലിയില്ലാത്ത അവളുടെ ജീവിതത്തെപ്പറ്റി കൂടുതൽ ചിന്തിക്കുവാൻ ഓംഗായെ പ്രേരിപ്പിച്ചതു് ടാവ്റോവു് ആയിരുന്നു. എന്താണ് തനിക്കൊരു ജീവിതലക്ഷ്യമെന്നു് അവൾ ചിന്തിച്ചു. യൂണിവേഴ്സിറ്റി വിദ്യാഭ്യാസം പൂർത്തിയാക്കുവാൻ അവൾക്ക സാധിച്ചില്ല. തന്റെയും ഡാക്ടർ ആർഷനോവിന്റെയും പ്രേമമാം പൂർണ്ണചന്ദ്രികയിലാടുന്ന പൂത്ത ഓമനമൊട്ടായ ലീനയെ വളർത്തുന്നതുമാത്രമായിരുന്നു, ആ കഴിഞ്ഞു ജീവിച്ചിരുന്നകാലത്തോളം, ഓംഗായുടെ ജീവിതലക്ഷ്യം. ലീന മരിച്ചപ്പോൾ ആ ലക്ഷ്യവും നശിച്ചു. തൊഴിലിനെയും, ജീവിതലക്ഷ്യത്തെയും കുറിച്ചുള്ള ടാവ്റോവിന്റെ പ്രസംഗങ്ങൾ, ഓംഗായെ അസ്വസ്ഥയാക്കി. ജീവിതം നിഷ്ഫലമായിപ്പോകുന്നതുള്ള വിചാരം അവളെ വ്യാകുലപ്പെടുത്തുവാൻ തുടങ്ങി

ഭർത്താവിന്റെ ജോലിസ്ഥലമായ സൈബീരിയൻ ഖനിപ്രദേശത്തു് ഓംഗാ ചെന്നെത്തിയതു് വല്ലാത്തൊരു വിധം അസ്വസ്ഥമായ ഹൃദയത്തോടുകൂടിയാണ്. എങ്കിലും ഭർത്തൃസമാഗമത്തിൽ, ആ അസ്വസ്ഥത, താല്ക്കാലികമായിട്ടെങ്കിലും അവഗണിക്കപ്പെട്ടു.

ഓംഗാ-ആർഷനോവിനെയും, ആർഷനോവ് ഓംഗായെയും ശാശ്വതമായി സ്നേഹിച്ചു. ദുസ്സഹമായ വിരഹത്തിനുശേഷം സംഭവിച്ച ആ സമാഗമം മധുരതരമായിരുന്നുപോർക്കും തോന്നി. ആർഷനോവിന്റെ സാന്നിദ്ധ്യവും സാമീപ്യവും ഒരു നിമിഷംപോലും കഴിയരുതെന്ന് ഓംഗാ ആശിച്ചു. പക്ഷേ സ്വതന്ത്രനിർവ്വഹണത്തിൽ മനസ്സും ആത്മവും മുഴുകിയ ജീവിതം നയിച്ചിരുന്ന ആർഷനോവിനു്, ഓംഗായോടുള്ള സ്നേഹ അവൾ ആശിച്ച രീതിയിൽ പ്രകടിപ്പിക്കുവാൻ സാധിച്ചില്ല നൂറോ സർജറിയിൽ അതിവിദഗ്ധനായ ആർഷനോവ്, സ്വന്തം വീടിനേക്കാൾ സ്നേഹിക്കുന്നതു് ഈ ശരീരത്തിന്റെ ആസ്വസ്ഥതയിലെ സർജിക്കൽ വാർഡിനെയാണെന്ന് ഓംഗാ സംശയിച്ചു. അവൾ അവഗണിക്കപ്പെട്ടുകയാണ്.

ഒരു ജോലിയും ചെയ്യാതെ വീട്ടിലിരിക്കുന്നതു് അസഹനീയമായി അവൾക്കു തോന്നി. ഭർത്താവിനിഷ്ടമുള്ള നല്ല ഭക്ഷണം പാകം ചെയ്യുന്ന ജോലി അവൾ സ്വയം ഏറ്റെടുത്തു. മനസ്സിനിഷ്ടമായ ഒരു ജോലിയായതുകൊണ്ടല്ല. വേറൊന്നും ചെയ്യുവാനില്ലാഞ്ഞിട്ട്. അടുക്കളപ്പണികൊണ്ടു തൃപ്തിപ്പെടുത്തുവാനുതകുന്നതായിരുന്നില്ല, അവളുടെ ജീവിതം. അവളുടെ മനസ്സ് കൂടുതൽ കൂടുതൽ ഉഴറിത്തുടങ്ങി. യൂണിവേഴ്സിറ്റി വിദ്യാഭ്യാസം പൂർത്തിയാക്കാതിരുന്നതിനെപ്പറ്റിയായിരുന്നു ഓംഗാ സ്വയം ശപിച്ചു. ഭർത്താവും അതിനനുകൂലിയായ

വാസുദേവ വിലാസം

കുറഞ്ഞതിക്കുഴമ്പ്

പ്രസവാനന്തരസ്ത്രീകളായ ക്ഷീണം, ഞരമ്പുതളർച്ച, ഉന്മാദവായു, ഉദരശൂല മുതലായവയെ ഉന്മൂലനംചെയ്ത് പൂർവ്വവൽ യുവത്വം കൊടുക്കുന്ന ഒരുത്തമ ഔഷധം.

നിർമ്മാതാക്കൾ:

വാസുദേവവിലാസം വൈദ്യശാല

കോട്ടയ്ക്കം, തിരുവനന്തപുരം

ഫ്രാഞ്ചുകൾ:

1. പുത്തൻചന്ത, തിരുവനന്തപുരം. 2. ഹരിപ്പാട്.

രുന്നു. യൂണിവേഴ്സിറ്റി വിട്ടതിനുശേഷവും, ചില സാങ്കേതിക പഠനങ്ങളിൽ അവൾ ഏർപ്പെട്ട് ഒന്നും പൂർത്തിയാക്കാൻ അവൾക്കിടയായില്ല. ഭർത്താവ് അതിൽ അവളെ സഹായിച്ചതുമില്ല. അവളുടെ ശ്രമങ്ങളെയെല്ലാം, വെറും വിനോദങ്ങളായിമാത്രമേ ഭർത്താവു പരിഗണിച്ചുള്ളൂ. ശരിയായ ഒരു മാർഗ്ഗദർശനവും അവൾക്കു ലഭിച്ചില്ല. അങ്ങനെകിലും ഒരാൾ ഉപദേശിക്കാനോ, നയിക്കാനുണ്ടായിരുന്നാൽമാത്രമേ സ്വന്തം കഴിവുകൾ പ്രയോജനപ്പെടുത്തുവാൻ കഴിയുകയുള്ളൂഎന്നു വിശ്വസിക്കുന്ന ഒരു തരക്കാരനുണ്ട്, അച്ഛട്ടത്തിൽ പെട്ട ഒരു യുവതിയായിരുന്നു ഓമനാ. ഉപദേശത്തിനും നേതൃത്വത്തിനും വേണ്ടി, പ്രശസ്തനായ ഭർത്താവിന്റെ നേരേ അവൾ നോക്കി. അവൾക്കുമിടെനിന്നും ഒരു സഹായവും ലഭിച്ചില്ല. ഈ വിഷയത്തെപ്പറ്റി ഓമനായും, അർഷനോവും പല പ്രാവശ്യം തമ്മിൽ ചൂടുറന്ന സംസാരിച്ചു. അതു ദമ്പതിമാരുടെ ഹൃദയബന്ധത്തെ ഉലയ്ക്കുന്ന ചില "രംഗ"ങ്ങളുണ്ടായി. കാമുകിയായ അനസ്സിൽ കാർകൊണ്ടൽ വന്നു കയറുവാൻ തുടങ്ങുകയാണ്.

വിധിയുടെ വിനോദം എന്നതന്നെ പറയട്ടെ, കപ്പലിൽ ഓമനായുടെ ക്ലാസ്സുകാരനായിരുന്ന ടാവ്റോവ്, ആ ഖനിപ്രദേശത്തുതന്നെ ജോലിക്കായി നിയമിക്കപ്പെട്ടു, ഓമനായുടെ ജീവിതമണ്ഡലത്തിൽ ആ യുവാവ് വീണ്ടും പ്രവേശിച്ചു. ആ പരിചയം പുതുക്കപ്പെട്ടു. ഓമനായുടെ കഴിവുകളും വാസനകളും കണ്ടുപിടിക്കുന്നതിൽ ടാവ്റോവ് ജാഗ്രതകനായി. ജീവിതം പാഴാക്കിക്കളയാതെ, സാഹിത്യയത്നങ്ങളിലേർപ്പെടാൻ അയാൾ ഓമനായെ ഉപദേശിച്ചു. പത്രങ്ങളിലേയ്ക്കു ലേഖനങ്ങളെഴുതി അയയ്ക്കുവാൻ അയാൾ നിർദ്ദേശിച്ചു. ഖനിയിലെ സ്ഥിതികളും പഠിച്ച് അവൾ എഴുതി. അതും കേവലം ഒരു വിനോദമായിമാത്രമേ അവളുടെ ഭർത്താവ് കണ്ടുള്ളൂ. പക്ഷേ ഓമനായ്ക്ക് അതു വിനോദമായിരുന്നില്ല. ജീവിതം സഫലമാക്കുവാൻ അവളുടെ കരങ്ങൾ കണ്ടുപിടിക്കുകയായിരുന്നു. ഭർത്താവിൽനിന്നും ലഭിക്കാത്ത അനുഭാവവും ഉപദേശവും, നേതൃത്വവും, ഒരു സഹൃത്തുമാത്രമായ ടാവ്റോവിൽനിന്നും അവൾക്കു ലഭിച്ചു. അവളുടെ ലേഖനങ്ങളും പത്രങ്ങളിൽ പ്രസിദ്ധീകൃതങ്ങളായി.

ടാവ്റോവിനോട് ഓമനായോടു തോന്നിയ സ്നേഹം പ്രേമമായി രൂപംമാറിക്കഴിഞ്ഞിരുന്നു അയാൾ അതു ഓമനായെ അറിയിക്കുകയും ചെയ്തു. അവളുടെ ഹൃദയത്തിൽ വേദന കലർന്ന ഒരു ചലനമുണ്ടായി. ഓമനായ്ക്ക് ടാവ്റോവിന്റെ നേരേ കൃതജ്ഞത മാത്രമാണുള്ളതു്. അയാളെ ഒരുത്തമ സുഹൃത്തായിട്ട് അവൾ കരുതുന്നു. സ്വന്തം ഭർത്താവിനെ പരിശുദ്ധമായ മനഃസാക്ഷിയോടുകൂടി അഭിമുഖീകരിക്കുവാനുള്ള അവകാശം നഷ്ടപ്പെടുത്തുവാൻ താൻ തയ്യാറില്ലെന്നു് ഓമനാ, ടാവ്റോവിനോടു പറഞ്ഞു. ഓമനായും അർഷനോവും, ടാവ്റോവും മറ്റു ചില സുഹൃത്തുക്കളും ചേർന്ന് ഒരു ദിവസം വനത്തിനുള്ളിൽ ഒരു വിനോദയാത്ര പോയി. അതു വനപ്രദേശത്തുവച്ച് ഒരു സന്ദർഭത്തിൽ ഓമനായും, ടാവ്റോവും തനിച്ചായപ്പോഴാണ് അയാൾ ഓമനായോടു പ്രേമാഭ്യർത്ഥന നടത്തിയതു്. ഓമനായുടെ നിഷേധഭാവത്തിലുള്ള മറുപടി ടാവ്റോവിനെ ശോകമൂകനാക്കി. അയാൾ വിനോദയാത്രാസംഘത്തിൽനിന്നും വേർപിരിഞ്ഞു് ഏകനായി ആ വനത്തിൽ സഞ്ചരിച്ചു. അയാൾ സംഘത്തിൽനിന്നും കൂട്ടുപിരിയുകയും വഴിതെറ്റിപ്പോവുകയും ചെയ്തു. ഭയങ്കരമായ തണുപ്പും മൂടൽമഞ്ഞുമുള്ള ഒരു രാത്രി ടാവ്റോവ് വനത്തിൽതന്നെ കഴിച്ചുകൂട്ടേണ്ടിവന്നു. പിറേദിവസം അയാളെ ബോധരഹിതനായനിലയിൽ ചിലർ കണ്ടെത്തുകയും അവർ അയാളെ എടുത്തു് ആസ്പത്രിയിലാക്കുകയുമാണുണ്ടായതു്. കാട്ടിൽ മറിഞ്ഞുവീണു് കാലിനു് ഗുരുതരമായ പരുക്കുപറ്റിയിരുന്ന കൂലശലായ ജ്വരവുമുണ്ടായിരുന്നു. ഡോ: അർഷനോവിന്റെ വിദഗ്ദ്ധമായ ചികിൽസയുടെ ഫലമായിട്ടാണു് അയാൾക്കു സുഖമുണ്ടായതു്.

ടാവ്റോവിനു പറ്റിയ അപകടത്തിൽ ഓമനായുടെ ഹൃദയം അനുകമ്പാകുലമായി. ആസ്പത്രിയിൽ ചെന്നു് അവൾ ടാവ്റോവിനെ സന്ദർശിച്ചു. അവളറിയാതെതന്നെ അവളുടെ ഹൃദയം ടാവ്റോവിനോടു സമർപ്പിച്ചുകൊണ്ടിരുന്നു. ഓമനായുടെ ലേഖനങ്ങളെപ്പറ്റി, അവൾക്കു് ലേഖനമെഴുതിയിൽനിന്നും കിട്ടിയ പ്രതിഫലത്തെപ്പറ്റി, അവളുടെ മാനസികഭാവങ്ങളെപ്പറ്റി—എല്ലാം അയാൾ ടാവ്റോവുമായി സംസാരിച്ചു.

ഓമനാ അകന്നകന്നുപോവുകയാണെന്നു് അർഷനോവ് മനസ്സിലാക്കി. ഓമനായും, ടാവ്റോവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു് പല വർത്തമാനങ്ങളും പ്രചരിച്ചു. അവരുടെ സദാചാരവിരുദ്ധമായ നടപടികളെപ്പറ്റി പലരും അമർഷം പ്രകടിപ്പിച്ചു. കമ്യൂണിസ്റ്റ് പാർട്ടി ഡിസ്ട്രിക്ട് കമ്മിറ്റിസെക്രട്ടറിയുടെ കണ്ണുകളിലും ഓമനാ-ടാവ്റോവ് ബന്ധത്തെക്കുറിച്ചുള്ള വാർത്തകളെത്തി. അയാൾ ഓമനായെ വിളിച്ചു ശകാരിച്ചു. അല്പനും അഹങ്കാരിയും അധികാരദുർമ്മോഹിയുമായ ആ പാർട്ടിസെക്രട്ടറി ഡാക്ടർ അർഷനോവിന്റെ ഉയർച്ചയിൽ അസൂയാലുവായിരുന്നു. ബുദ്ധിജീവികളുടെ വംശത്തെ ഒന്നടങ്കം അധിക്ഷേപിക്കുവാൻ ആ അവസരത്തെ അയാൾ ഉപയോഗപ്പെടുത്തി.

ഓമനായോടു് അനുഭാവം പ്രകടിപ്പിക്കുവാൻ അർഷനോവ് കഴിവതും ശ്രമിച്ചു. അവളെഴുതിയ ലേഖനങ്ങൾ അദ്ദേഹം വായിച്ചു. അദ്ദേഹം സാഹിത്യത്തിൽ കൂടുതൽതാല്പര്യം പ്രകടിപ്പിച്ചു സാഹിത്യമാസികകളും, പുതിയ നോവലുകളും അദ്ദേഹം വായിച്ചു. എങ്കിലും ഓമനാ ആഗ്രഹിച്ച വിധത്തിൽ അവളെ സഹായിക്കാനും ഉപദേശിക്കാനും അർഷനോവിനു സാധിച്ചില്ല കാരണമോ, അദ്ദേഹത്തിന്റെ ജോലിയിൽ ഹൃദയം മുഴുവനും മുഴുകിപ്പോയി രണ്ടാമത്തെ കാരണം, ഓമനായുടെ പരുത്തിലെഴുത്തു് ഒരു വിനോദമായി മാത്രമേ അർഷനോവ് കണക്കാക്കിയുള്ളൂ എന്നതുതന്നെ.

സ്വന്തം ഭർത്താവിൽനിന്നും അകലുന്തോറും ഓമനാ, സ്നേഹിതനായ ടാവ്റോവിനോടു കൂടുതൽ കൂടുതൽ അടുത്തു. ഹൃദയത്തിന്റെ മൃദുലവികാരങ്ങളെ നിഷേധിക്കുകയും, ജീവിതം നശിപ്പിക്കുകയും ചെയ്യുന്നതു് പാപമാണെന്നു—സദാചാരത്തിന്റെയും, ദാമ്പത്യബന്ധത്തിന്റെയും പേരിൽ ജീവിതസുഖങ്ങളെ ബലികഴിക്കുന്നതു മോഷ്ടമാണെന്നു—ഓമനായെ ബോദ്ധ്യപ്പെടുത്തുവാൻ സമയമായെന്നു് ടാവ്റോവു് കണ്ടു. ടാവ്റോവിന്റെ ജീവിതം ഓമനായെപ്പറ്റിയുള്ള ചിന്തയാൽ നിറഞ്ഞു. അർഷനോവു്—ബഹുമാന്യനായ ആ വ്യക്തിമാത്രമാണ് ഓമനായ്ക്കും തനിക്കും മദ്ധ്യേ നിൽക്കുന്നതു്. ടാവ്റോവ് ഓരോനിമിഷവും നെടുവീർപ്പിട്ടു.

ഇൻഡ്യൻ ചിട്ടിഫണ്ട്

ക്ലിപ്തം, തിരുവനന്തപുരം.

12500 രൂപയുടെ

പ്രതിമാസലേലച്ചിട്ടി ക്യാഷ്സെക്യൂരിറ്റിയിന്മേൽ

പുതുതായി വീണ്ടും ഉടനെ ആരംഭിക്കുന്നു

(A)	60	രൂ. 50	മാസം	രൂ. 3000	(D)	30	രൂ 50 മാസം രൂ. 1500
(B)	50	,,	,,	2500	(E)	20	,, ,, 1000x2
(C)	40	,,	,,	2000	(F)	10	,, ,, 500x3

മുടങ്ങാ ചിട്ടികൾ ആരംഭിച്ചുവരുന്നു. ആവശ്യപ്പെട്ടാലുടനെ വയ്ക്കോല അയച്ചുതരുന്നതാകുന്നു

കെ. ദാമോദരൻപിള്ള,
മാനേജിംഗ് ഡയറക്ടർ

ടാവ്റോവിൽനിന്ന പ്രേമാഭ്യർത്ഥനകളെ പ്രതിരോധിച്ചുനിൽക്കുവാൻ ഓൽഗായ്ക്കു കഴുത്തുപോരായിരുന്നു, അവളുടെ ഹൃദയം കീഴടങ്ങി. അവളിലുണ്ടായ പരിവർത്തനം അവളെ ഭയപ്പെടുത്തി.

ഹൃദയം മറ്റൊരാൾക്കു കൊടുത്തതിനുശേഷം ഭർത്താവുമൊന്നിച്ചു ഒരു വീട്ടിൽ താമസിക്കുക ഒരു ശയ്യയിൽ കിടന്നുറങ്ങുക ഇതെല്ലാം ഓൽഗായ്ക്കു ധർമ്മസങ്കടമായി തോന്നി. താൻ ഹൃദയപൂർവ്വം സ്നേഹിക്കുകയും ആരാധിക്കുകയുംചെയ്ത ഭർത്താവ് ഇന്ന് ഓൽഗായ്ക്ക് ഒരു അന്യനാണ്. എങ്കിലും ഭർത്താവിനെ ഉപേക്ഷിച്ച് ടാവ്റോവിനോടൊത്തു പോകാൻ അവൾക്കു മതിയില്ല. അവസാന തീരുമാനം അവൾ മറ്റാരിവച്ചു താൻ ഗർഭിണിയാണെന്ന് ഓൽഗാ മനസ്സിലാക്കിയതോടുകൂടി ഓൽഗായുടെ ഹൃദയത്തിൽ വീണ്ടും ഒരു വലിയ വടംവലിനടന്നു. ഒരു കുഞ്ഞുണ്ടായാൽ ഭർത്താവുമായുള്ള തന്റെ ബന്ധം വീണ്ടും പൂർവ്വസ്ഥിതിയിലെത്തുമെന്ന് ഓൽഗാ വിചാരിച്ചു. ഗർഭിണിയാണെന്ന സംഗതി ഭർത്താവിനെ അവൾ അറിയിച്ചില്ല. അദ്ദേഹം യാദൃച്ഛികമായിട്ടാണല്ലോ മനസ്സിലാക്കിയത്.

ഓൽഗായുടെ ആഗ്രഹം ഫലിച്ചില്ല ഗർഭം അലസിപ്പോയി. അതോടുകൂടി ഓൽഗായും ആർഷനോവും തമ്മിൽ ശേഷിച്ചിരുന്ന ലോലമായ ബന്ധവും ഛേദിക്കപ്പെട്ടു.

ഡാക്ടർ ആർഷനോവ്, ഓൽഗായിൽനിന്നും അകന്ന് കുറച്ചുകാലം ജീവിക്കുവാൻ തീരുമാനിച്ചു. സൈബീരിയൻ ധ്രുവമേഖലയിലുള്ള ഒരു സ്ഥലത്തേയ്ക്ക് അദ്ദേഹം പോയി. ആർഷനോവ് അങ്ങനെ രംഗത്തുനിന്നും മറഞ്ഞപ്പോൾ ടാവ്റോവ് വീണ്ടും ഓൽഗായെ സമീപിച്ചു. ഭർത്താവുമൊന്നിച്ച് പുതിയ ജോലിസ്ഥലത്തേയ്ക്കു പോകണമെന്ന് സ്നേഹിക്കുമ്പോൾ നിർബ്ബന്ധിച്ചിട്ടും വഴിപ്പെടാതെ അവൾ തനിയേ താമസിക്കുകയായിരുന്നു. ആർഷനോവ് പോയി രണ്ടു മൂന്നാഴ്ചയ്ക്കുള്ളിൽ ഓൽഗാ, ടാവ്റോവിന്റെ വസതിയിലേക്കു താമസം മാറ്റി. അവർ പരസ്യമായി ഭർത്താ ഭർത്തൃബന്ധം പുലർത്തി.

പുതിയ ജോലിസ്ഥലത്തുവച്ചു തന്നെ ആർഷനോവ് വിവരം അറിഞ്ഞു. തകർന്നുപോയ ജീവിതത്തെപ്പറ്റി അദ്ദേഹം ഹൃദയവേദനയോടെ പലതും ചിന്തിച്ചു. ഇണ പറന്നുപോയ ആ കൂട്ടിലേക്ക്— ഓൽഗായും താനും ഒരുമിച്ചു ജീവിച്ച ആ വീട്ടിലേക്ക് മടങ്ങിവരാൻ ആർഷനോവ് മടിച്ചു, എങ്കിലും മടങ്ങിവന്നു.

ആർഷനോവിന്റെയും ഓൽഗായുടെയും ചിത്തവൃത്തികൾ തമ്മിലുള്ള സംഘട്ടനമാണ്— സ്വകാര്യജീവിതത്തിലുണ്ടായ വൈരൂപ്യമാണ് ഈ കഥയെ മുന്നോട്ടു നയിക്കുന്നത്. അവർ തമ്മിലുള്ള ബന്ധം പൊട്ടിത്തകരുന്നതു മാത്രമാണ് ആ വൈരൂപ്യത്തിന്റെ പരിണാമം.

വ്യക്തികളുടെ സ്വകാര്യവേദനകളെ വിസ്മരിപ്പിക്കുന്ന ഒരു മഹാവിപത്ത് ഇതിനകം സംഭവിക്കുന്നു. നാസിജർമ്മനി, സോവിയറ്റ്യൂണിയനെ ആക്രമിക്കുന്നു. ആർഷനോവും ഓൽഗായും, അവരുടെ സ്വന്തം ദേശനാടകത്തിലെ കഥാപാത്രങ്ങൾമാത്രമല്ല. രാജ്യത്തെ മുഴുവൻ ബാധിക്കുന്ന ആ മഹാനാടകത്തിലെ കഥാപാത്രങ്ങൾകൂടിയാണവർ. ദേശീയവിപത്തിന്റെ വലിയ വേദനയിൽ അവരുടെ സ്വകാര്യവേദനകൾ മുങ്ങിപ്പോകുന്നു. ജീവിതനദി പിന്നെയും പ്രവഹിക്കുകയാണ്.

കേരളത്തിലെ ഒരു പ്രസിദ്ധ സാഹിത്യനിരൂപകനായ ശ്രീ. എസ്. ഗുപ്തൻനായർ ഇക്കഴിഞ്ഞ ചിങ്ങം 22-ാം തീയതിയിലെ കേരളമിത്രം വാരികയിൽ എഴുതിയിരുന്ന ലേഖനത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള "ഒരുവൻ ഇവാനോവിച്ച്" (Ivan ivanovich) എന്ന റഷ്യൻ നോവലിന്റെ മൊഴിമാറ്റമാണ് മുകളിൽ സംഗ്രഹിച്ചിരിക്കുന്നത്.

(തുടരും)

★

താരാപഥം

	രൂ.	ണ.
ഒറ്റപ്രതി ഏജന്റന്മാർമുഖേന	0	4
വാർഷികവരിസംഖ്യ	8	8
വാർഷികവരിസംഖ്യ (വിദേശത്തേക്ക്)	4	0

ആറുമാസത്തെ വരിസംഖ്യ മുൻകൂർ അയയ്ക്കേണ്ടതാണ്.

മാനേജർ,

താരാപഥം

പേട്ട, തിരുവനന്തപുരം.

ചിത്രവിചിത്രം

★ ഫുട്പാത്ത് ★

[സിയാസർഹാദിയുടെ ഫുട് പാത്ത് (നടപ്പാത) എന്ന ചിത്രത്തെപ്പറ്റി വി. പി. സാഠെ എഴുതിയ അവലോകനമാണ് ചുവടെ ചേർക്കുന്നത് —ജ്യോതി]

സിയാസർഹാദിയുടെ ഫുട്പാത്ത് (നടപ്പാത) എന്ന ചിത്രത്തെപ്പറ്റി പരസ്പരവിരുദ്ധങ്ങളായ പല അഭിപ്രായങ്ങളും പുറത്തുവന്നിട്ടുണ്ട്. ചില നിരൂപകന്മാർ ആ ചിത്രം നിരാശാജനകമായിരുന്നെന്നും അഭിപ്രായപ്പെട്ടപ്പോൾ ചിലർ അതിനെ ഒരു മഹത്തായ കലാസൃഷ്ടിയെന്ന് വാഴ്ത്തുകയുണ്ടായി. പക്ഷേ ആ ചിത്രം ഈ രണ്ടിനത്തിലും ഉൾപ്പെട്ടതായിട്ടില്ല.

കരിഞ്ചന്തവ്യാപാരമാണ് സർഹാദി ഈ ചിത്രത്തിൽ പ്രതിപാദ്യമായി സ്വീകരിച്ചിരിക്കുന്നത്. ഈ വിഷയത്തെ ആസ്പദിച്ച് പല ചിത്രങ്ങളും ഇതിനകം ഇന്ത്യയിൽ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ബംഗാൾക്ഷാമത്തിന് കാരണക്കാരായ കരിഞ്ചന്ത മുതലാളികളുടെ ഭാഗം ഡേവിഡും കെ.എൻ സിംഗും അഭിനയിച്ചിട്ടുള്ള 'നയാതരാന' 'ധർത്തികേലാൽ' എന്നീ ചിത്രങ്ങളും ഇതിനുദാഹരണങ്ങളാണ്. 'ദി തേർഡ് മാൻ' 'നേപിൾസ്' 'മില്ല്യണയേഴ്സ്' എന്നീ വിദേശചിത്രങ്ങളുടെ പ്രതിപാദ്യവും കരിഞ്ചന്തയാണ്.

ഹൃദയഗ്രാഹിയായോ, വൈകാരികമായി ചലനങ്ങളുണ്ടാക്കത്തക്കരീതിയിലോ ഈ വിഷയത്തെ "ഫുട്പാത്തിൽ" കൈകാര്യം ചെയ്തിട്ടില്ല. അതിനാടകീയമായ സാമൂഹ്യവിമർശനങ്ങളും ഈ ചിത്രത്തിൽക്കൂടി സാധിച്ചിട്ടില്ല. സ്വന്തം ഭാഗധേയത്തിൽ അതൃപ്തനായ സത്യസന്ധനായ ഒരു മനുഷ്യന്റെ പുറപ്പാടാണ് ഈ ചിത്രത്തിന്റെ കഥ കെട്ടിപ്പടുത്തിരിക്കുന്നത്. കൂടുതൽ സമ്പാദ്യമുണ്ടാക്കുന്നതിനുവേണ്ടി അയാളും ഒരു കരിഞ്ചന്തക്കാരനായി മാറുന്നു. അയാളുടെ സഹോദരൻ രോഗബാധിതനായിത്തീരുന്നതും തുടർന്ന് അയാളുടെ മനസ്സാക്ഷി അയാളെ വേണ്ടനിലപാടുകളെടുപ്പിക്കുന്നതും. രോഗിയായ ആ മനുഷ്യൻ ഉദ്ദാഗ്രങ്ങളിൽക്കൂടി അർജ്ജിച്ച പണം നിരസിക്കുന്നു. ഒടുവിൽ കരിഞ്ചന്തക്കാരുടെ പൂഴ്ത്തിവയ്പ്പുമൂലം വേണ്ട ഔഷധങ്ങളും തക്കസമയത്തു ലഭിക്കായ്കയാൽ ആ സഹോദരൻ മരിക്കുന്നു. ഇതോടെയാണ് അയാളുടെ കണ്ണു തുറക്കുന്നത്. ഉടനെ കരിഞ്ചന്തപ്പണി ഉപേക്ഷിച്ച് അയാൾ പോലീസിന് കീഴടങ്ങുന്നു. അങ്ങനെ ഒരു പാത്രത്തിന്റെ സ്വഭാവത്തിന്റെ അഗാധപഠനമാണ് ഇതിൽക്കൂടി സാധിച്ചിരിക്കുന്നത്. ഇത്തരത്തിലുള്ള ഭാഗങ്ങൾ അഭിനയിക്കുന്നതിൽ വിദഗ്ധനായ ദിലീപ്കുമാറാണ് ഇതിൽ കരിഞ്ചന്തക്കാരന്റെ ഭാഗം അഭിനയിക്കുന്നത്.

ഒരു മനുഷ്യന്റെ സൂക്ഷ്മപഠനമെന്നനിലയിൽ ഈ ചിത്രം രസാവഹമാണ്. പക്ഷെ ഇതിൽ ശക്തമായ സംഘട്ടനമില്ലെന്നതന്നെയല്ല ആ മനുഷ്യന്റെ മാനസ്സിക സംഘട്ടനംതന്നെ സമർത്ഥമായി ആവിഷ്കരിച്ചിട്ടുമില്ല. അയാളെ ഒരു കരിഞ്ചന്തക്കാരനായി മാറുന്നതിനു പ്രേരകങ്ങളായി ശക്തങ്ങളായ കാരണങ്ങളൊന്നുമില്ല. കരിഞ്ചന്ത വ്യാപാരങ്ങളുടെ പ്രതിപാദനം തീരെ സ്പർശിച്ചിട്ടുമില്ല. അഭ്യാസാടിഖവുമായിട്ടുണ്ട് ഇതിനെക്കാളൊക്കെ ഭോഷകികമായി തീർന്നിട്ടുള്ളതു കരിഞ്ചന്തയിൽ നിന്നു അയാളെ പിന്മാറുന്നഭാഗമാണ്. നാടകീയ സംഘട്ടനമോ വൈകാരിക മൂർച്ചയോ ഇല്ലാത്തവയായിട്ടാണ് ആ ഭാഗങ്ങളും ചിത്രീകരിച്ചിരിക്കുന്നത്. അയാളുടെ സഹോദരന്റെ മരണത്തിനു അയാളെ സ്പഷ്ടമായ ഉത്തരവാദിത്വമുണ്ടെന്നുള്ളതു ഈ ചിത്രത്തിൽ സൂചിപ്പിക്കാത്തതുകൊണ്ടാണ് ആ ഭാഗങ്ങളും തേജസ്സറ്റതായിത്തീരുന്നതു കരിഞ്ചന്ത മുഖം കഷ്ടപ്പെടുന്ന നിസ്സാഹായരായ സാധുജനങ്ങളെപ്പറ്റിഎന്തെങ്കിലും പറയുവാൻ ഈ ചിത്രത്തിന്റെ സംവിധായകൻ തുനിഞ്ഞിട്ടില്ല.

എന്തെങ്കിലും ഒരു സംഭവം അതേപടിപിന്നിൽ നടക്കുന്നതായി ഈ ചിത്രത്തിൽ കാണിച്ചിട്ടില്ല. ഒരു നടൻമാത്രം മുന്നിനിൽക്കുന്ന ഒരു നാടകംകണ്ട പ്രതീതിയാണ് ഈ ചിത്രം ജനിപ്പിക്കുന്നതു. കുറഞ്ഞതു രണ്ടു പാശ്വശ്യമെങ്കിലും ആവശ്യമില്ലാത്തതാണെങ്കിലും സുന്ദരമായി സർഹാദി ചിത്രീകരിച്ചിട്ടുണ്ട്.

പൃഥ്വിരാജ്കപൂറിന്റെ 'പൈസ' എന്ന നാടകത്തിന്റെയും പ്രതിപാദ്യം 'ഫുട്പാത്തിലേതു തന്നെയാണ്. ചലച്ചിത്ര സങ്കേതങ്ങളുടെ സഹായത്തോടുകൂടി ആ പ്രശ്നം ചലനാത്മകവും തീക്ഷ്ണവുംകൃത്യനരോധവുമായിട്ടുള്ളതിൽ അവതരിപ്പിക്കുവാൻ പൃഥ്വിരാജിന കഴിഞ്ഞിട്ടുണ്ട്. ഒരു പ്രസംഗയുടേയും, ഫുട്പാത്തിന്റേയും ഒരുതാരതമ്യപഠനം നാടകവിദ്യാർത്ഥികൾക്ക് രസാവഹമായിരിക്കും

* * *

ഡോക്ടർ ഏന്ന പ്രസിദ്ധ ഹിന്ദി ചലച്ചിത്രത്തിന്റെ കഥ തയ്യാറാക്കിയതു ഷെയ്ലജാനന്ദിനെന്ന അശോക്കുമാർ ഋഷികേഷ്മുഖർജിനെ നിർമ്മിക്കുന്നതിലേയ്ക്കായി അന്തു ചലച്ചിത്ര കഥ എഴുതുവാൻ അശോക്കുമാർ നിയോഗിച്ചിരിക്കുന്നതായി അറിയുന്നു. ആനന്ദിന്റെ ആ ദ്യത്തെകഥ ഇതു മാസംതന്നെ നിർമ്മാണം ആരംഭിക്കുന്നതാണ്. വസന്ത് ജോഗ്ലേകർ ആയിരിക്കും സംവിധായകൻ.

* * *

ശാന്താറാം അടുത്തതായി നിർമ്മിക്കുന്ന ചിത്രത്തിന് 'നൗക' എന്നു നാമകരണം ചെയ്തിരിക്കുന്നു. കഥ എഴുതിയിരിക്കുന്നതു ദിവാൻ ഷെരാറാണ്. ഈ ചിത്രത്തിൽ പ്രസിദ്ധ കഥക് നർത്തകരായ സന്ധ്യയും ശോഭനാകൃഷ്ണനും പ്രധാന ഭാഗങ്ങൾ അഭിനയിക്കുന്നു ദീപാവലി ദിനത്തിൽ ഈ ചിത്രത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതാണ്.

* * *

ശരത്ചന്ദ്രചാറ്റർജിയുടെ 'ബിരാജ്ബഹു' എന്ന നോവലും ടാഗോറിന്റെ കഥയും ചലച്ചിത്രമാക്കുവാൻ ബിമൽറോയി തീരുമാനിച്ചിരിക്കുന്നു പ്രഥമ ചിത്രം നിർമ്മിക്കുന്നതു ഹിന്ദുസ്ഥാനിയും രണ്ടാമത്തേതു ബിമൽറോയിയുമാണ്.

★ ഒരു പാട്ടിന്റെ പകൽ സ്വപ്നം

പുത്തൂശ്ശേരി രാമചന്ദ്രൻ

"കവിവരന്നേ, കവിവരന്നേ, നവ്യചിന്തതന്നുടെ
കനകതൊങ്ങയന്തിയായുള്ള കാല്പനികവന വീഥിയിൽ!...."
കനകരേണുകൊത്തു കോത്തു കല്പനകളെ നെയ്തൊരെൻ
കസവുനേർത്തിടുമൂടി ഞാൻ കിടന്നാടുവാൻ!
അരികിൽ വന്നിരുന്നിതെന്റെ തോഴി,-പാട്ടുപാടുവാൻ;
അവളുപാടി; ഞാനറിഞ്ഞി,-സ്വപ്നമൊന്നു കാണുവാൻ.
അധികനേരമതുമേലുറച്ചുപാടിയ-
ന്നവൾ അരുന്നുവീണ, പാടുറങ്ങിവീണ!-പൂഴിയിൽ
ഇരുളുവീണ മുറ്റവിലും, തണുത്തുരാത്രി! ക്രൂരമാം
ചുരുളുകുത്തുടിക്കുവന്നു നിൽപ്പതാരു?....സ്വപ്നമോ?
അകലെനിന്നു കേൾക്കുയായി ശംഖ്ധ്വനിയെന്നുവെട്ടമോ?
അവിടെയാളുകൾ തിരക്കിയോടിടുന്നു!....സ്വപ്നമോ?
അകലെ, യകലെ, മഷകൾ പുഴ്ന്നകെട്ടുമുടിക്കുമീതെയാ
കയിലിരുന്നു പാടി,--യന്നു, പകലുതോറ വാർത്തകൾ!
അരുതുവിക്കെ, യാത്തിരമ്പിവന്നുജനസമൂഹമൊ
ന്നതിനുമുമ്പിലവരെയൊക്കെയാനയിച്ചു നിന്നൊരാമം
"കവിവരന്നേ, കവിവരന്നേ, നവ്യചിന്തതന്നുടെ
കനകതൊങ്ങയന്തിയായുള്ള കാല്പനികവനവീഥിയിൽ
വഴിയൊഴിഞ്ഞു നിൽക്കുവിൻ, വഴിയൊഴിഞ്ഞുനിൽക്കുവിൻ.
വലിയകൊമ്പനാനമേലിരിക്കുവിൻനന്ന വേളയിൽ!
'വർഗ്ഗശക്തി'തൻ 'വിനാശ'വിരുതെഴുന്ന 'ദുർഗ്ഗ'യാം
'രക്തയക്ഷി' യേവധിച്ചു വാളുയർത്തും കൈകളിൽ
സത്യസുഷമയേടിവന്നൊരുമ്മവെപ്പ വേളയിൽ
സത്യശക്തികതിരിടുന്ന കവിതയൂർന്ന മുരളിയിൽ
പുനിയ പുനിയ 'മനുഷ്യസ്നേഹ'മൂറുമാത്മവീണയിൽ
മധിതഹൃദയരാശലഹരിമീട്ടിടുന്ന ഗായകൻ!
നിണമൊഴുക്കിയെത്രയെത്ര രണ്ടനിലങ്ങൾതുമിയിൽ?
സമതപൂത്തതി—ല്ലുവർ മരുപോയ പാട്ടുകൾ
അവനിതന്നുപാടി, യാടിയാടി നിന്നു ചുറ്റിലും
അവരുതകളകലെയായൊരുമവിലദേവകന്യകൾ!
അവിടെ,യാകിനാക്കളെ നെയ്തുകൊണ്ടുപോരുങ്ങളിൽ
വിജയലഹരി വീർപ്പടക്കി' ജയജയ മുഴക്കവേ,
"കവിവരന്നേ, കവിവരന്നേ," വലിയ 'മന്ത്രശക്തി' തൻ
കവിവരന്നു കാഹളങ്ങൾ മുഴക്കിയാടിദേവകം!
അവനുചുറ്റുമണിനിരന്നു, നാഗകന്യകൾ, രവൻ
'അതിമനുഷ്യ'നല്ലാ പുണ്യവാളനല്ല 'കവി'യിവൻ.
ഇരുപതില്ലകൈയ്യുകൾ ഇരുളുയാണ്ട കാലുകൾ
ഇവിടെയുള്ള നന്മയിൽനിന്നു ഭിന്നനല്ലകാഴ്ചയിൽ!
ഒരുമയിലുകെ രവളുവെളുത്ത രവള്ള 'ലോഹ', യാവലം-
കൈയ്യിൽ ശോഭ, ഗൗതമൻ വരിച്ചെറിഞ്ഞ ചാമരം!
ഇരുളുവച്ച കൊട്ടിയോരിരുമുടിത്തിയാഞ്ഞരി
ഞ്ഞെറിയുമാകത്തിൽ നിന്നെരിഞ്ഞു 'ശുക്രതാരകം'!
'കപിലവാസ്തു' കൺമിഴിച്ചു, ഹോ! ലഹേം വിറച്ചുപോയ്!
അഖിലദേവകം നമിച്ചു പുഷ്പവൃഷ്ടി ചെയ്തുപോയ്!
അവരു നോക്കിനിന്ന തമ്മിലുള്ളതവിവരായ്
പറകയാണു—'ഗാന്ധി'യന്നു ചത്തതെന്നു ഭാഗ്യമായ്!

"ബുദ്ധനെവിടെ?,....കൃഷ്ണനവിടെ?,....കൃസ്തുവെവിടെ?....കവി
ങ്ങളുള്ളതങ്ങളുതിരുയങ്ങളും നേടിവന്നു നില്പുവേ? [യിവൻ
"വലിയജന്മിമാരൊടില്ല പക,തരിമ്പുമില്ലൊഴിം-
വയരുറഞ്ഞു പാടിവീഴും നാട്ടിൽനിന്നു വന്നവൻ?
"കളവുകൊണ്ടു വിളവെടുക്ക മിസ്സുമൂഹത്തിതി'തൻ
കരിപിടിച്ചമണ്ണിലെന്നു വീഴ്ത്തടക്കിനിന്നവൻ?
"തുടരെയന്ന ജീവനെത്തുച്ചജീർണ്ണ ചിന്തതൻ
തുടലറുത്തു, തുകിലുണർത്തു പാട്ടുപാടിവന്നവൻ?
"വിപുലമായ ചക്രവാള സീമതേടിയലയവേ
സുഗമമായ മാർഗ്ഗമൊന്നു മുന്നിലായ് തെളിഞ്ഞവൻ?
"കവി വരന്നേ. കവിവരന്നേ, വലിയമന്ത്രശക്തിതൻ
കവിവരന്നേ, വഴിയൊഴിഞ്ഞു ദൂരെമാറി നിൽക്കുവിൻ
വൈരമില്ല, 'വർഗ്ഗഭേദ'മില്ല, സ്നേഹധാരയാൽ
വൈകൃതങ്ങളൊപ്പിമായ്ച്ച കവിവരന്നു; കണ്ടുവോ?
സമരമെന്തു?....സമിതികൊണ്ടു സമതകൊയ്തെടുക്കുമാ-
പുതിയ മന്ത്രവിരുതെഴുന്ന മുരളി നിങ്ങളും കേട്ടുവോ?
കവിവരന്നേ, കവിവരന്നേ, നവ്യചിന്തതന്നുടെ,
കനകതൂപുരം കിലുക്കി; വഴിയൊഴിഞ്ഞു നിപ്പ്കുവിൻ!
ബുദ്ധനല്ല, ക്രിസ്തുവല്ല, കൃഷ്ണനല്ല, ദേവനു-
മുള്ളതങ്ങളുതിരുയങ്ങളും വെന്നുവന്ന കവിയിവൻ!
യമുന,ഗംഗയേപുണർന്ന നാളിലന്നു പുതിയതായ്
ഹിമഗിരികൊട്ടത്തുതായി ബ്രഹ്മികദിവ്യമൂലിക?
ഇണയേവ്യാധനെയ്ത വീഴ്ത്തിയിട്ടശപ്തനാളില-
ന്നിവനിരഞ്ഞെടുത്തുതായിപ്പുതിയഹംസതൂലിക?....
പൂമഴപൊഴിഞ്ഞു പുഷ്പകങ്ങളിലറി, ദേവകം!....
പുഴിമണ്ണിലവതരിച്ച പുതിയകവി,യിതാരിവൻ?
തോറ്റുപോയ ബുദ്ധനെ വെടിഞ്ഞുവോ ശശോധരേ?
"പോറ്റി! പോറ്റി!!"യെന്നുചാടിവന്നിവന്റെ കാല്പൽനീ?
തോക്കെടുത്ത കൃഷ്ണനേക്കളഞ്ഞു രാധവന്നിതാ-
കാല്പൽവീണ കേണുകേണിരപ്പു പ്രണയഭിക്ഷുവായ്!!
വന്നുനില്പതാരുവാനിൽ? നിങ്ങളോ മലാഖമാർ??
'മന്ന'യും സുമങ്ങളും 'മനുഷ്യപുത്ര'നേകുവാൻ
അസുരരൊക്കെയോടിവന്ന ദേവകളെപ്പുണരുവേ,
അഖിലരും സമതചാരു നൃത്തമാടി ഭൂമിയിൽ
അവരുനോക്കിനിന്ന തമ്മിലുള്ളതവിവരായ്
പറകയാണു: "ഗാന്ധിയന്നു ചത്തതെത്ര ഭാഗ്യമായ്!!"
ബുദ്ധനെവിടെ? കൃസ്തുവെവിടെ? കൃഷ്ണനെവിടെ, കവിയിവൻ
അള്ളതങ്ങളുതിരുയങ്ങളും നേടിവന്നു നില്പുവേ?
"കവിവരന്നേ, കവിവരന്നേ, നവ്യചിന്തതന്നുടെ
അമൃതകുംഭവും കുലുക്കി വഴിയൊഴിഞ്ഞു നിൽക്കുവിൻ!
"കവിവരന്നേ, കവിവരന്നേ....." കൺമുറക്കെന്നിറ ഞാൻ,
കതിരണിഞ്ഞു നിൽപ്പു പുലരി, പൂർവ്വദിങ്മുഖങ്ങളിൽ!!

---

* ഉറക്കം വരുന്നില്ലെങ്കിൽ കണ്ണു് ഇറുക്കി അടച്ചുകൊണ്ടേ പാടാവൂ.

ചെറുകഥ

ജിന്നു കൂടിയ പെണ്ണ്

★

ഇടവാ സലാം

നിലത്തുവിരിച്ച മെത്തപ്പായിൽ കണ്ണു രണ്ടും മേല്പോട്ടയത്തി, തല യിണയിലും തറയിലുമായി മുടി ചിന്നിച്ചിതറിയിട്ട്, തുടർച്ചയാ യി ഉയർന്നും താഴ്ന്നുമിരിക്കുന്ന മാറിൽ കൈകളമർത്തിയും നിശ്ചേ ഷ്ടിച്ച് ചൈതന്യമറ്റനിലയിൽ കിടക്കുന്ന നെബീസായുടെ ചുറ്റും പെണ്ണുങ്ങൾ കൂടിനിൽക്കുന്നു. ഏ ല്പാവരിലും പരിഭ്രമത്തിനേറെതായ ഭാവം: ചിലരുടെ എളിയിലിരി ക്കുന്ന കുഞ്ഞുങ്ങൾപോലും വല്ലാതെ ഭയന്നിട്ടുണ്ട്.

"റഹ്മാനായതമ്പുരാനേ! എ ന്റെ പുള്ളപോയ് പര്ത്തുകണ്ടാ. നീ കാത്തോളണേ യാറബ്ബുൽ ആ ലമീൻ!"

ചുളിവീണ ഒട്ടിയ കവിൾത്തട ത്തിൽ നാലു വിരലുകളും ചേർത്തു, പെരുവിരൽ കീഴ്ത്താടിയിലമർ ത്തി ആശിയാഉമ്മ ഹൃദയംനൊ ന്തു അവലാതിപ്പെട്ടു. റബ്ബുൽ ആലമീനായ തമ്പുരാന്റെ ശക്തി അവരുടെ ഈ മാതിരിയു ള്ള അനേകം അനേകം ആവശ്യാ തികൾക്കു പരിഹാരം കാണുന്നതി ലുമേറെ ഉപരിയായ്ട്ടാണ്. അൻ പത്തിരണ്ടു വർഷക്കാലത്തെ അ നുഭവം ഇതുപോലെ ആവലാതി കളും അകമഴിഞ്ഞ പ്രാർത്ഥനകളും നിറഞ്ഞതായിരുന്നു.

"എടീ സൈനബാ, നീ അ ങ്ങോട്ട് ചെല്ല്. എന്റെ മോൾക്ക എന്തോന്നോ ജിന്നിന്റെ ഒഖദവ മാണ്. എടീ, മോന്തയും വലി ച്ചുണ്ടു് ഇരിക്കാതെ അങ്ങോട്ട ചെല്ല്. പുതുപ്പള്ളേടെട്ത്തു ആ സാലി എലപ്പയെ വിളിച്ചോണ്ടു വരാമ്പറ. എന്റെ ആലുമ്മൂട്ടി തങ്ങളേ മീരാസാഹിബു ആണ്ടവരെ, എന്റെ പുള്ളയ്ക്കൊന്നും വരല്ലേ?"

സൈനബാ -നെബീസായു ടെ മാതാവു മടിയ്ക്കാതെ എഴു ന്നേറ്റുപോയി. ജിന്നും കൂഫിരിയ ത്തുക്കപ്പെട്ട ശൈത്താനും ആശി യാ ഉമ്മാനിർദ്ദേശിക്കുന്ന വിധം പെരുമാറിയാൽ ഓട്ടം 'മുഴുക്കാ തെ' ഓടുമെന്നു് ആ നാട്ടുമുഴുവൻ പേരുകേട്ടിട്ടുള്ളതാണ്

സൈനബാ ഉത്താപ്പിന്റെ അട്ട ക്കലേയ്ക്കു ചെന്നു. ചാളവലയ്ക്കുള്ള കേട്ടുകടം ഓരോന്നായി തീ ത്തു കൊണ്ടിരുന്ന കാതിരുപിള്ള തല യുയർത്തി ചോദിച്ചു--"എന്തെടീ, നെബീസാക്കെന്തേയി വിളി കൊ ണ്ടൊണ്ടോടി. റബ്ബേ, ഏന്റെ മോ ക്കു ഏന്തു മ്മാശം വന്നു പെണ ത്തോ.....' അവരുപതോടുക്കാറാ യ അയാളുടെ ഏകമകളാണ് നെ ബീസാ. എത്രയെത്ര നേർച്ചകളുടെ ഫലമായിട്ടാണെന്നോ നെബീസാ യുടെ കുഞ്ഞുകാലുകാണാൻ അ യാൾക്കു ഭാഗ്യമുണ്ടായതു്. തന്റെ വലിയ വല്ലിം വിറിട്ടാണെ നാട്ടാർ പള്ളിയിലേയ്ക്കു നെബീസായുടെ മൂന്നാമത്തെ വയസ്സിൽ അവളു ടെ ഉമ്മയും വലിപ്പാ വരുന്ന ഒ രു വെള്ളിക്കൊണ്ടുള്ള പ്രതിമയു ണ്ടാക്കി അയാളം കൊടുത്തതു്. ഭർത്താവിന്റെ ചോദ്യത്തിനു സൈനബാ ഇങ്ങിനെയാണു് ഉ ത്തരം പറഞ്ഞതു്.

"ആശിയാ ഉമ്മാന്താന്താ പറ ഞ്ഞു സാലി എലപ്പയെ വിളി ച്ചോണ്ടുവന്നു ഒരു ഉറുക്കു എഴുതി കെട്ടിയ്ക്കാൻ എന്റെ മോളു് തല പൊക്കുന്നില്ല. ഇന്നാരീം, വേക മൊന്നു പോയിട്ടു വരീൻ. സാലി എലപ്പയില്ലെങ്കി അലിമുലവി യേയോ മമ്മാത്തുള്ളാ മുസിലിയാ രിനേയോ വിളിച്ചോണ്ടു വരാൻ. മാ നേരം അസറായി."

ചെയ്തു കൊണ്ടിരുന്ന ജോലി പൂ ത്തിയാക്കാതെ തന്നെ അയാളം എഴുന്നേറ്റു പോയി. സൈനബാ തളത്തിലേയ്ക്കും.

കേട്ടറിഞ്ഞും മറ്റും അയൽവീ ടുകളിലെ പെണ്ണുങ്ങളെല്ലാം വന്നു കൂടി. എല്ലാവരും നെബീസായുടെ ചുറ്റും ക്കൂടിനില്ക്കയാണ്. ആശി യാഉമ്മാ തലയ്ക്കലിരുന്നു ഒരു പ ഴയ വിശറികൊണ്ടു് വീശി.

അന്നു രാവിലെ തുടങ്ങിയതാണു നബീസായ്ക്കു ഈ ഉപദ്രവം. വല്ലാ ത്ത ഒരലർച്ച ഇടയ്ക്കിടെ നീട്ടിയു ള്ള കൂകലും മാറിലും തലയ്ക്കും തുട ർച്ചയായ ഇടി. കണ്ണുകളം മേല്പോ ട്ടുയർത്തി നിശ്ചലമായി വച്ചേയ്ക്കും.

യൗവനയുക്തകളായ പല പെ ൺകുട്ടികളേയും അപകടം പിടി ച്ച ഈ സുഖക്കേടുബാധിയ്ക്കാറുണ്ടു്. ചിലരുടെയൊക്കെ ജീവനേയും കൊണ്ടേ പോകൂ എന്നൊരു നിർ ബ്ബന്ധവും മിക്കവാറും ഈ സുഖ ക്കേടിനുണ്ടു്. അകാലത്തിൽ മരി ച്ച പല ചെറുപ്പക്കാരികളും രാ ത്രികാലങ്ങളിൽ നാട്ടുനീളെ നട ക്കാറുണ്ടെന്നു പഴമക്കാർ പറയും. അതിനു തെളിവുതരാനും അവർ തയാറാണ്. കുന്നും പുറത്തെ ജമീ ലാ തെക്കേ വീട്ടിലെ കുഞ്ഞിപ്പെണ്ണു കുറച്ചു കുഞ്ഞിവെള്ളം ആവശ്യപ്പെട്ട തായി [ആശിയാഉമ്മയോടു് അവി ടത്തെ വലിയ ഉമ്മാമ്മാ ഇയ്യിടെ പറഞ്ഞതേയുള്ളു. ഈ ജമീലാ തന്റെ പതിനെട്ടാമത്തെ വയ സ്സിൽ ജിന്നുകൂടി മരിച്ചുപോയതാണു്. പുത്തൻവീട്ടിലെ റുഖിയാബീവി യുടെ കഥയും ഇതുപോലെതന്നെ പ്രസവിച്ചു അധികം കഴിയുന്നതി നുമുൻപുതന്നെ ജിന്നിന്റെ ഉപ ദ്രവമുണ്ടായി മരിച്ച ഒരു ഇരുപ ത്താനാകാരിയാണു് റുഖിയാബീ വി. ഇത്തിരി ഇരുട്ടി പള്ളിമുക്കി ലെ ഒഴിവുപീടികയിൽക്കൂടി ഒ റ്റയ്ക്കു പോകുന്നവരുടെയൊക്കെ മുൻപിൽ വെള്ളവസ്ത്രവും ധരിച്ചു വന്നു നില്ക്കാറുണ്ടുപോലും ഈ റു ഖിയാബീവി!

ഇങ്ങിനെ പല പെൺകുട്ടികളു ടെയും ചരിത്രം ആശിയാഉമ്മാ ഓ ർത്തു. ഇവരുടെയൊക്കെ സുഖക്കേ ടിനും ഇതുപോലെ ആശിയാഉമ്മാ പരിഹാരമാർഗ്ഗം നിർദ്ദേശിച്ചതാ ണു്. എങ്കിലും മലഖുൽമൗത്തി ന്റെ കൈകളെ നിയന്ത്രിക്കാൻ മു ലയ്ക്കുമ്മക്കും ഖോജാമാക്കും ഒന്നും കഴിഞ്ഞില്ല വിധിയെത്തട ക്കാൻ ആർക്കും സാദ്ധ്യമല്ലെന്നാണ ല്ലോ!

നെബീസായുടെ ദീനഭാവം കണ്ടപ്പോൾ ആശിയാഉമ്മാ ഇങ്ങി നെ പലതും ഓർത്തുപോയതാണ്. എങ്കിലും അവർ അധൈര്യപ്പെട്ടി ല്ല. മാർഗ്ഗം മുൻപിൽ തെളിഞ്ഞു കിടക്കുകയാണ്. മുസല്യാരെക്കൊ ണ്ടു ഒരു ഉറുക്കു എഴുതികെട്ടിക്കണം അതു ഫലിച്ചില്ലെങ്കിൽ ഒരു ഹോ മം അതുമല്ലെങ്കിൽ നാഗൂർമീ രാസാഹിബു ആണ്ടവരുടേയും, യൂസഫ് സലിയുള്ളായുടേയും പേ രിൽ ഓരോ റാത്തീബു്! റബ്ബി ന്റെ അനുഗ്രഹംകൊണ്ടു് കാര്യം 'ഷെഫാ' ആകും.

പെട്ടെന്നു, നെബീസാ ശരീര മാകെ കുടഞ്ഞു പഴയ ക്രുക്കിവി ളിയും നെഞ്ചത്തിടിയും ആവ ർത്തിച്ചു. ശരീരം വശങ്ങളിലോട്ട ഉലച്ചുകൊണ്ടിരുന്നു.

കൂകലിന്റെ ശബ്ദം പൂർവ്വാധി കം ഉച്ചത്തിലായ്ത്തീർന്നു.....ക്രൂ, ക്രൂ, ക്രൂ, ക്രൂ.....

ആശിയാഉമ്മാ നെബീസായുടെ കാല്പത്തൻ ചുരുട്ടിപ്പിടിച്ചിരുന്ന കാൽവണ്ണം ക്രൂട്ടിപ്പിടിച്ചു. തണു ത്തു വിറങ്ങലിച്ചപോലുണ്ടു് കാല്പാദം രണ്ടും. എങ്കിലും അവ ആശിയാഉമ്മായുടെ പിടി യിലൊതുങ്ങിയില്ല

ക്രൂട്ടത്തിൽ കൗമുതിയായ ഒരു ചെറുപ്പക്കാരി മൊഴിഞ്ഞു:

"ടേ, തൊരപ്പായെടുത്തു കൊ ണ്ടടി നല്ല രണ്ടു വീത്തു്. എല്ലിപ്പി ശാചു പറന്നു പോകും."

അതും ശരിയാണല്ലോ! വാ യ്നോക്കി നടക്കുന്ന പിശാചുക്കളും

ദേഹത്തണഞ്ഞാൽ പൂലെടുത്ത ടിച്ചാലുടൻ സ്ഥലം വിടുമെന്നാണ വയ്പ്പ്! എങ്കിലും ആശിയാ ഉമ്മാ അതിനെ ഏതുവിത്തു.

"ശ്ശി, മ്ന്നാശം പറയാതെടി. ജിന്നെ ക്കുടിയ പുള്ളയെ 'നജീസ കൊണ്ടേടിയ്യാമ്പോണോ?"

ശരിയാണ്! ജിന്നിന്റെ പരിശുദ്ധി ഇതേവരെ മാനിയ്യപ്പെട്ടിട്ടുള്ളതാണ്. അങ്ങിനെയുള്ള ജിന്നെക്കുടിയിരിക്കുമ്പോൾ അശുദ്ധവസ്തുവായ പൂലുകൊണ്ടേടിയ്യാമോ? ജിന്നിന്റെ കോപമുണ്ടായാൽ....

ബ്ലേക്കിട്ടമാതിരി നെഞ്ചീസായുടെ ക്രുകലും വിളിയും പെട്ടെന്നു നിലച്ചു. വെട്ടിയിട്ട വാഴത്തടപോലെ അവൾ പായുടെമദ്ധ്യേ നീണ്ടുനിവർന്നുകിടന്നു. ഒരു ശരീരം വല്ലാതെ വിയർത്തുകൊണ്ടായിരിക്കണം ക്രമിവന്നതുകൊച്ചുമുലകൾക്കു നേരെയുള്ള കുപ്പായസ്ഥലം നനഞ്ഞുകുതിർന്നതു്.

നെഞ്ചീസാ മെല്ലെ തലയുയർത്തി ചുറ്റും കണ്ണോടിച്ചു. അവൾക്കു വല്ലാത്ത നാണം തോന്നി. ചുറ്റും പെണ്ണുങ്ങൾകൂടി നിലയ്ക്കുന്നു; എന്തോ അത്ഭുതസംഭവം കാണുന്നമട്ടിൽ. അയിഷക്കുട്ടിയും, സെൽമായും, റഷീദായുമൊക്കെയുണ്ട് അക്കൂട്ടത്തിൽ. അവരൊക്കെ തന്നെ കളിയാക്കുകയാണല്ലോ? ആ മോന്തകളിലൊക്കെ ഇട്ടു മാന്തുകയോ കുത്തുകൊടുക്കാൻ അവൾക്കു തോന്നി. അതുവെറുപ്പാണവൾക്കുണ്ടായതു് പരിഭ്രമം കലർന്ന സ്വരത്തിൽ അവൾ വിളിച്ചു:—

"ഉമ്മാാാ....."

ആശിയാഉമ്മായും നെഞ്ചീസായും ഒപ്പം വിളികേട്ടു

"ആ, എന്താ മുത്തുക്കനിക്കെന്തു വേണം?"

"വെള്ളം"

നെഞ്ചീസാ ഉടൻതന്നെ അകത്തുപോയി ഒരു കൊച്ചുക്രുസായിൽ വെള്ളം പകർന്നുകൊണ്ടുവന്നു. അലുമിനിയം ഗ്ലാസ്സുനിറച്ചു വെള്ളം അപ്പൊഴുതന്നെ കൊടുത്തപ്പോഴേയ്ക്കും ആശിയുമ്മായുടെ കൈകൾ താഴെ "ക്ടീം, ക്ടീം" എന്ന ശബ്ദത്തോടെ നെഞ്ചീസാ ക്രുസായിലെ വെള്ളം മുഴുവൻ കുടിച്ചുതീർത്തു. അതു ക്ഷീണമുണ്ടായിരുന്നതു കൊണ്ടാണെന്നു അവൾക്കു്.

നെഞ്ചീസാമെല്ലെ എഴുന്നേറ്റിരുന്നു. ശരീരം വല്ലാതെ ഇളകിയാടുന്നുണ്ടു്. തലയ്ക്കൊരു ഭാരവും. വിതറിക്കിടന്ന മുടി ആശിയാ ഉമ്മാ വാരിക്കെട്ടി. കൊച്ചുകരയൻ കുസുവുകവണി വലിച്ചു നേരെയിട്ടുകൊണ്ടു സൈനബാ പറഞ്ഞു:

"എന്റെമോളു് എണീറ്റു. ചെന്നു് 'വൊള്ള' എടുത്തു യാസീൻ ഓതൂ"

നെഞ്ചീസാ മടികാണിച്ചില്ല. അവൾ എഴുന്നേറ്റു നേരെ കിണറിൻകരയിലേക്കു ചെന്നു. മെതിയടിയും കേത്തലുമായി സൈനബാ പിറകിലും. മുൻകയ്യും മുഖവുമെല്ലാം കഴുകിയപ്പോൾ "അൽഹംദുൻലാ ഇലാഅ ഇല്ലല്ലാഹു" എന്നു മന്ത്രിച്ചപ്പോഴേയ്ക്കും ക്ഷീണമെല്ലാം പറന്നുപോയതുപോലെ നെഞ്ചീസായ്ക്കു തോന്നി.

"മദ്റിബും" നിസ്കരിച്ചിട്ടു സെല്ലാപ്പായിൽ ഇരുന്നുകൊണ്ടുതന്നെ അവൾ തെക്കോട്ടൊന്നു ചൊല്ലി.

"അറിഞ്ഞുചെയ്ത പാപത്തെ തൊട്ടും...."എന്നുതുടങ്ങി "കഫിരിയത്തുക്കപ്പെട്ട ശൈത്താന്റെ പിടിയിൽ നിന്നും വിട്ടത്തിൽ ചെയ്തിച്ചു അങ്ങിനെ നേർവഴിയിലുള്ള നടക്കാനും മുത്തുനെഞ്ചിന്റെ തുക്കല്യാണം ഈ രണ്ടു കണ്ണുകൊണ്ടും കാണാനും നീ ഏറ്റമേറ്റം ഉതവി ചെയ്യണം തമ്പുരാനേ...." എന്നു പറഞ്ഞവസാനിപ്പിച്ച പ്പോഴേയ്ക്കും ഏതാനും മിന്നിട്ടുകൾക്കു മുൻപു മാത്രം നടന്ന സംഭവം അവളുടെ കൺമുൻപിൽ തെളിഞ്ഞുനിന്നു.

"ഇശാ" നിസ്കരിച്ചു—സെല്ലപ്പായിൽ നിന്നും എഴുന്നേറ്റപ്പോഴേയ്ക്കും കാതിർപിള്ളയും സാലി എലപ്പയും വീട്ടിലെത്തി. വരാന്തയിലിട്ടിരുന്ന പായിൽ സാലി എലപ്പ ഇരുന്നപ്പോഴും പെണ്ണുങ്ങൾ അകത്തുനിന്നു കുശുകുശുത്തു.

"അയാള മൊകംകണ്ടാ ഈമാൻ കൊണ്ടുകേടി" ഒരു സ്ത്രീ അഭിപ്രായപ്പെട്ടതു എല്ലാപേരും ശരിവച്ചു.

സാലി എലപ്പ രോഗവിവരമെല്ലാം അന്വേഷിച്ചറിഞ്ഞു ദീർഘമായ ഒരു മൗനത്തിനുശേഷം അയാൾ അഭിപ്രായപ്പെട്ടു. "ആദ്യമായി ഒന്നു 'പറ്റ്'യെഴുതി കൂടിക്കട്ടെ അതിൽ കൊണമില്ലെങ്കി ഞമ്മക്കു വേറെ വഴിനോക്കാം. കേട്ടോ കാക്കാ, നിങ്ങ നാളെ രാവിലെ മുതൽവരീൻ ഞാൻ തട്ടയെഴുതി തരാം. ഇപ്പഴത്തേയ്ക്കും വേണ്ടി ഈ നൂലും എഴുതിതരാം. എളിയിൽ കെട്ടിക്കോളിൻ"

ഒരു കഷണം കറുത്ത നൂലുവാങ്ങി അയാളുടെ കാതിർപിള്ള ഏഴു കെട്ടുംകെട്ടി കൊടുത്തിട്ടു അയാൾ താഴെയിറങ്ങി നടന്നു. കാതിർപിള്ള കൊടുത്ത പൊതിവാങ്ങി പാക്കറിലിട്ടപ്പോൾ അതു പത്തുരൂപയോളം വരുന്ന തുകയാണെന്നു് അയാൾ കാതിയിരിക്കാൻ ഇടയില്ല.

മൂന്നു ദിവസം പിന്നെയും നീങ്ങി. നെഞ്ചീസായ്ക്കു പഴയ അസ്വസ്ഥതകളൊന്നും ഇപ്പോൾ ഉണ്ടാകാറില്ല. അയാളുടെ തട്ടയ്ക്കും നൂലിനും അതു അപകടം പിടിച്ച സുഖക്കേടിനെ എന്നെന്നേക്കുമായി ഒഴിച്ചു നിറുത്തുക്കുവിധത്തിലുള്ള ശക്തിയുണ്ടെന്നു ആശിയാ ഉമ്മായും കുട്ടരും വിശ്വസിച്ചു.

നെഞ്ചീസാ പിറേന്നു മുതൽ കതിരപോലെ എഴുന്നേറ്റു നടന്നു. ക്ഷീണത്തിന്റെ യാതൊരു മട്ടുമില്ല. ചുവന്ന പൈപ്പിംഗ്രവച്ചു മുക്കാൽ കയ്യൻ കുപ്പായവുമിട്ടു, കസവു് നൂലുപോലെ മാത്രം ഓടിച്ചിട്ടുള്ള പുളിയിച്ച കരയൻ നേര്യത്തോളിലൂടെ മടക്കിയിട്ട വേഷ്ടിക്കരികിലൂടെ നീങ്ങിയപ്പോൾ മൂത്തമ്മമാർ സ്വയം പിറുപിറുത്തു—

"പെണ്ണിന്റെ കിബ്റു അറിഞ്ഞു അല്ലാഹുത്ത പാ വിട്ടുകൊടുത്തതുതന്നെ"

ശരിയാണു് ഒറ്റനോട്ടത്തിൽ നെഞ്ചീസാ ഒരഹങ്കാരിപെണ്ണാണു്. ഓത്തുപുരയിൽനിന്നും 'മുപ്പത്തു സ്സൂറും' കിത്താബും ഓതിതികഞ്ഞശേഷം 'വീട്ടിൽ കയറുന്നതുവരെയുള്ള ആ അഹങ്കാരിപ്പെണ്ണിന്റെ കായ്ങ്ങളും ആട്ടും അത്ര ചെറുപ്പം മറന്നിട്ടില്ല. കാതിർപിള്ളയുടെ മകളായി പിറന്ന മട്ടല്ല അവൾക്കു്. വലിയ ഗമയിലാണു പോക്കും വരവുമൊക്കെ. ഇതു കണ്ടു രസിക്കാത്ത ചില പ്രായംകൂടിയ പെണ്ണുങ്ങൾ അവൾ കേൾക്കുക്കെ തന്നെ പറയും "ഓ, മമ്മോഞ്ഞാശാന്റെ ചിറമോളു്." അങ്ങിനെ പറയുന്നതിനു കാരണമുണ്ടു്—

മമ്മോഞ്ഞാശാൻ എന്നു പറയുന്ന വ്യക്തി സ്ഥലത്തെ ഏറ്റവും വലിയ ധനാഢ്യനായിരുന്നു. അങ്ങിനെയുള്ള മമ്മോഞ്ഞാശാന്റെ ചിറമകളായിരിക്കുക്കവണ്ണമുള്ള ഗമയിലാണു നെഞ്ചീസായുടെ നടപ്പെന്നാണു് ഇതിന്റെ സാരം.

പ്രായമായി വീട്ടിലായപ്പോഴും അവൾ ഇതു തുടർന്നു. ദിവസവും രാവിലെ കുളിച്ചു പുതിയ വസ്ത്രം മാറി, പൂവും പൂടി വേലിക്കരികെ വന്നു നില്ക്കുന്നതു കാണാം. അവിവാഹിതകളായ പെൺകുട്ടികൾപോലും ഇങ്ങിനെയൊന്നും ചെയ്യാൻ പാടില്ലാത്തതാണല്ലോ.....! അടുപ്പിലെ കരിയും ചെളിയും ശരീരത്തിൽ പറ്റി, പുകയേറ്റു കണ്ണുംമുഖവും വിളറി ഒരു ജയിലിലേതെന്നപോലുള്ള ജീവിതം നയിക്കാനേ അവൾക്കു പാടുള്ളൂ! പക്ഷേ, നെഞ്ചീസാ ഇതിൽനിന്നൊക്കെ വ്യത്യസ്ഥയാണു്. ഈ വിഷമംപിടിച്ച ജോലികളെല്ലാം ചെയ്യാൻ ഉമ്മായുണ്ടെന്നാണു് അവളുടെ വാദം.

നാലാംക്ലാസ്സുവരെയേ പഠിച്ചിട്ടുള്ളുവെങ്കിലും ഉന്നതവിദ്യാഭ്യാസംലഭിച്ചവരുടെ മട്ടാണവൾ നടിക്കുന്നതു്. സദാനേരവും ഒരു പുസ്തകം കയ്യിലുണ്ടാവും. അതു 'രണ്ടിടങ്ങഴി'യോ, 'ബദർ മാല'യോ, 'ഓടയിൽ നിന്നോ', 'നഫീസത്തുമാല'യോ, 'ബാല്യകാലസഖി'യോ ഒക്കെയാവാം. കഥ വായിക്കുന്നതിനു് നെഞ്ചീസായ്ക്കു വല്ലാത്ത ഭ്രമമാണു്. അടുക്കളയിൽ ശർക്കര പൊതിയാനോ മറ്റോ ഉപയോഗിച്ച കടലാസുതുണ്ടു കിടന്നാൽപോലും, അവളതെടുത്തു മറിച്ചുനോക്കും. തെക്കേവീട്ടിലെ ഷാഫി കാളേജിൽ നിന്നും വരുമ്പോൾ വാങ്ങിക്കൊണ്ടുവരുന്ന പ്രേമോപചാരം അയാളുടെ കൊച്ചനുജത്തി റെഹീക്കായെക്കൊണ്ടു രഹസ്യമായി എടുപ്പിച്ചു അവൾ വായിക്കുന്ന പതിവുണ്ടു്. 'പിറ' എന്തുയെന്നതൊട്ടു, ആലപ്പുഴ മാക്കുറും മക്കത്തുപോയ ഹാജിയാക്കന്മാർ വിമാനാപകടത്തിൽപെട്ടു മരിച്ചതുമെല്ലാം ഒരു മൂച്ചിനു വായിച്ചുതീർക്കും. രാത്രികാലങ്ങളിൽ നെഞ്ചീസാ ബദർമാലയും, നഫീസത്തുമാലയും ഈണത്തിൽനീട്ടി

ചൊല്ലുന്നതു കേൾക്കാൻ അയൽ വീട്ടുകാർപോലും ചെവി കൂർപ്പിച്ചിരിക്കും. ചിന്നി നിവിളക്കിന്റെ മുൻപിലിരുന്നു ധീരകൃത്യങ്ങളടങ്ങിയ ചരിത്രസത്യങ്ങളും ഗാനരീതിയിൽ അവൾ ആലപിക്കുമ്പോൾ പ്രായമേറിയ സ്ത്രീകളും ആ മുഖത്തു ഉറ്റുനോക്കിയിരിക്കും.

നെബീസായ്ക്കു ജിന്നുകൂടുന്നതിനു ഒരു പ്രത്യേക കാരണം ചിലരെല്ലാം പുണ്ടിക്കാണിച്ചു. പുത്തിയുള്ളവരെയേ ജിന്നു സമീപിക്കുഎന്നാണു്. പ്രത്യേകിച്ചും സുഗന്ധവസ്തുക്കളും എപ്പോഴും കൈകാര്യം ചെയ്യുന്നവരെ. നെബീസായാണെങ്കിൽ ഇക്കാര്യത്തിൽ യാതൊരു ലോഭവും കാണിക്കാറില്ല. വാരിക്കരിഞ്ഞാലും മുല്ലപ്പൂമാല അവളുടെ മുടിക്കെട്ടിൽ തങ്ങിയിരിക്കുന്നതു കാണാം. സെൻറും വിലകൂടിയ സുഗന്ധദ്രവ്യങ്ങളും അവൾ നിത്യേന യെന്നവണ്ണം പൂശാറുണ്ടു്.

നെബീസായെക്കുറിച്ചുള്ള സംസാരം അവളുടെ ഉപദ്രവം കഴിഞ്ഞതോടെ ഏതാണ്ടു നിലച്ചു.

മണിക്കൂറുകളും ഏഴെട്ടു ദിവസങ്ങളെ വലിച്ചിഴച്ചു മുൻപിലിട്ട ഒരു വെള്ളിയാഴ്ചയാണു്. കാതിരുപിള്ള 'ജും അ'നമസ്ക്കാരത്തിനു പോയിരിക്കുകയാണു്. സൈനബാ വരാന്തയിലിരുന്നു ചീനി നുറുക്കുന്നു കയാറുകട്ടിലിൽ വാരിയിലെ ദ്വാരത്തിലൂടെ കണ്ണികളിലൂടെ മാനം നോക്കി കിടന്ന നെബീസായ്ക്കു പെട്ടെന്നു ഒരു തളർച്ച. തലമുറുകുന്നതുപോലെ കൈകാലുകളും വല്ലാതെ വിറയ്ക്കുന്നതുപോലെയും. നാവു പൊന്തുന്നില്ല. "ഉമ്മാ" എന്നു വിളിയ്ക്കാൻ ശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല.

ഈ അസ്വാസ്ഥ്യങ്ങളുടെ ഇടയ്ക്കു അപകടം അറിയിക്കുന്ന മട്ടിൽ കയറു ചെറുതായൊന്നു കരഞ്ഞു. തിരിഞ്ഞുനോക്കിയ സൈനബാ കയ്യു തൻറെമേലകം മരണവെപ്രാളമെന്നോണം കിടന്നു പുളയുന്നതാണു്. സൈനബാ വേഗമെഴുന്നേറ്റു ചെന്നു അവളെ താങ്ങിയെടുത്തു മുറിയുടെ അരികിലായി ചുരുട്ടിവച്ചിരുന്ന പായ് അവർ നീക്കിയെടുത്തു്, നിവർത്തിയിട്ടു്, നെബീസായെ അതിൽ കിടത്തി. നെബീസായ്ക്കു വീണ്ടും ജിന്നിന്റെ ഉപദ്രവം!!

അലർച്ച, ക്രുകൽ, നെഞ്ചത്തിടി .....ഇങ്ങിനെ അരങ്ങു നീണ്ടുപോയി. ആശിയാ ഉമ്മായും കൂട്ടരും വിവരമറിഞ്ഞു ഓടിയെത്തി.

ഈ അസ്വാസ്ഥ്യങ്ങളും നാലഞ്ചു മണിക്കൂർ നീണ്ടുനിന്നു. ഇക്കുറി ഒരു പുതിയ അനുഭവംകൂടി നെബീസായ്ക്കു ഉണ്ടായി. ജിന്നിന്റെ ഉപദ്രവത്തിനു പുറമേ പുത്തൻവീട്ടിലെ രഫിയാബീവിയും ശരീരത്തിലണഞ്ഞിരിക്കുകയാണു്.

"ഞാ-ഞാൻ" നെബീസാ വിളിച്ചുകൂവി

ആശിയാഉമ്മാക്കു കാര്യം മനസ്സിലായി. ജിന്നുകൂടുന്ന പെണ്ണുങ്ങളും സാധാരണയായി സംസാരിക്കാറില്ല ഇതു വേറെ ഏതോ പിശാചിന്റെ ഉപദ്രവമാണു്. അവർ ഏട്ടത്തിയോടു ചോദിച്ചു.....

"നീയാരു്? എന്തിനുവന്നു"

"രഫിയാബീവി, എന്റെ കൊച്ചിനേയും കൊണ്ടേ പോകൂ" നെബീസായുടെ ശരീരത്തിലണഞ്ഞ രഫിയാബീവി തന്റെ ആഗമനോദ്ദേശ്യം വെളിപ്പെടുത്തി.

കൂട്ടത്തിൽനിന്നു പെണ്ണുങ്ങളും പിറുപിറുക്കുകയും ഉയർന്നുവന്ന ചിരിയെ അടക്കാൻ ശ്രമിക്കുകയും ചെയ്തു.

"ഛീ, നിനിക്കു നാണമില്ലല്ലോ മച്ചമ്പിക്കുടിയിൽ കേറാൻ. എറങ്ങെടി കള്ളീ" നെബീസായിലുണ്ടെന്നു പറയപ്പെടുന്ന രഫിയാബീവിയോടു ആശിയാഉമ്മാ പറഞ്ഞു.

"ഞാൻ കൊണ്ടേ പോകൂ. എന്റെ പൊന്നെല്ലാം അവരു കട്ടുവച്ചിരിക്കുന്നു എൻറെ അലുക്കത്തു്, പൂവും മുക്കായും....ഊം, ഊം" മറിച്ചുപ്പോം കൂടെകൊണ്ടു പോകാൻ സാധിക്കാതിരുന്ന പണങ്ങളെക്കുറിച്ചു നെബിസായിലുള്ള രഫിയാബീവി ഉൽക്കണ്ഠ കാണിക്കുകയാണു്.

"പോടീകള്ളീ, അതെല്ലാം നിന്റെ വീട്ടിലുണ്ടല്ലോ തൊരപ്പായെടുത്തു നല്ല വീശുവീശും"

ആശിയാ ഉമ്മായുടെ ചുട്ട മറുപടി കേട്ടിട്ടാണെന്നു തോന്നുന്നു നബീസായുടെ അസ്വാസ്ഥ്യങ്ങളും അപ്പാടെ നിലച്ചു. പുറകിൽനിൽക്കുന്ന പെണ്ണുങ്ങളെ ഭയനീയമായി നോക്കിയ നെബീസാ തലയുയർത്തി വല്ലാത്ത ശബ്ദത്തോടെ ഛർദ്ദിച്ചു.

ങ്ഹേ! ആശിയാ ഉമ്മാ ഞെട്ടിപ്പോയി. ജിന്നു കൂടുന്ന പെണ്ണു ഛർദ്ദിയ്ക്കുക! ഇതവൾക്കു പുത്തരിയായ ഒരനുഭവമായി തോന്നി മുൻപിൽ കിടക്കുന്ന ഛർദ്ദിൽ ഒരു പോലീസ് ചിഹ്നത്തിന്റെ ആകൃതി പൂണ്ടു തലയോട്ടിക്കുള്ളിൽ നഴഞ്ഞു കയറിയതു പോലെ.

തുടർച്ചയായി ഏഴു ദിവസങ്ങളിൽ നെബീസായ്ക്കു ഈ ഉപദ്രവമുണ്ടായി. സാലി ഏലപ്പുയും, നമ്മാത്തുള്ളാമുസലിയാരും, അലിമൊല്ലയുമെല്ലാം അവളുടെ അലർച്ചയുടെ മുൻപിൽ തലകുനിച്ചു. തട്ടയെഴുത്തുതൊട്ടു റാത്തീബു നടത്തുകവരെയുള്ള അവസാനക്കൈകരളുകളും നടന്നു. രോഗമെന്താണെന്നു് തുക്കം ഒരെത്തും പിടിയും കിട്ടിയില്ല. ആശിയാ ഉമ്മപോലും മിഴിച്ചു നിന്നു. പഴയ അനുഭവങ്ങളിൽ നിന്നും വ്യത്യസ്ഥമായ ആ ഛർദ്ദിൽ! മനംതികട്ടി നെബീസാ ഛർദ്ദിക്കാൻ തുടങ്ങുമ്പോഴെല്ലാം അവർ അവളുടെ മുഖഭാവമെല്ലാം പരിശോധിക്കും ഒരെത്തും പിടിയും കിട്ടുന്നില്ല!

പിന്നേയും അസ്വാസ്ഥ്യങ്ങൾ ദിവസങ്ങളോളം നീണ്ടുനിന്നു. അതു ആ നാട്ടിലെങ്ങും സംസാരവിഷയമായി. പാതിരാത്രിയുടെ നീണ്ട നിശ്ശബ്ദതയിൽ പോലും നെബീസായുടെ അലർ അയൽപക്കക്കാർക്കു ഒരു ശല്യമായി തീർന്നിരുന്നു.

ഒരു ദിവസം വൈകിട്ടു അന്നാട്ടിലെ ഏറ്റവും കൂടുതൽ വിദ്യാഭ്യാസമുള്ള ആ കാളേജുവിദ്യാർത്ഥി ഷാഹി കാതിരുപിള്ളയോടു പറഞ്ഞു. "പട്ടണത്തിൽനിന്നും ഡാക്ടർ സിൻഹായെ ഒന്നു വിളിച്ചുകൊണ്ടുവന്നു കാണിയ്ക്കാത്തതെന്താ?" ചുമ്മാ, ജിന്നും കിന്നും അതെന്നു പറഞ്ഞിരുന്നാൽ സുഖക്കേടു വേറെ വല്ലതുമായി മാറും"

"ഞമ്മ ഡാക്കിട്ടരിനെ കണ്ട പരിയമില്ല. പൂമ്മക്കുട ഒന്നു വരാമോ"

"ഓഹോ, അതിനെന്താ?"

അടുത്തദിവസം രാവിലെ ഷാഹിയും കാതിരുപിള്ളയും കൂടി വണ്ടിയിലേയ്ക്കു പുറപ്പെടുന്ന സ്സിൽ തിരിച്ചു. നാലഞ്ചു മണിക്കൂർ യാത്രകഴിഞ്ഞു ഒരു കാർകാതിരുപിള്ളയുടെ വീട്ടിന്റെ നടയിൽ വന്നു നിന്നു. അതിൽനിന്നും ഫ്ലാസ്കുകൾ ധരിച്ച, മുക്കുകണ്ണട വച്ച ഡാക്ടറും, ഷാഹിയും, കാതിരുപിള്ളയും ആ വീട്ടിനകത്തേയ്ക്കു കടന്നു. ഡാക്ടറുടെ ആഗമനം ആ വീട്ടിനകത്തു ഒരു പെണ്ണുങ്ങളുടെ സാമ്രാജ്യംതന്നെ സൃഷ്ടിച്ചു. ജന്നലഴികളിൽക്കൂടെ ഒരായിരം കണ്ണുകളും നെബീസായുടെ മുൻപിൽ കുനിഞ്ഞു നിവ്ക്കുന്ന ഡാക്ടറുടെമേൽ പതിഞ്ഞു. ആ പരിസരങ്ങളിലൊന്നും ഇങ്ങിനെ ഒരു സംഭവമുണ്ടാകുന്നതു പുതുതായിട്ടാണു്.

കുറേ നിമിഷങ്ങൾക്കുശേഷം ഡാക്ടർ നിവർന്നു ഷാഹിയെനോക്കി. എന്തോ ഇംഗ്ലീഷിലെന്തോ സംസാരിച്ചു. വിവരമറിയാനായി ഷാഹിയെ അടുത്ത മുറിയിലേയ്ക്കു കാതിരുപിള്ള വിളിച്ചുകൊണ്ടുപോയപ്പോൾ ആശിയാ ഉമ്മാ അങ്ങോട്ടു ശ്രദ്ധിച്ചു മറുപെണ്ണുങ്ങളെല്ലാം ഡാക്ടറുടെ കാർ ഇരച്ചു പോകുന്നതു കാണാൻ വെളിയിലേയ്ക്കു ചാടി.

"പെണ്ണിനു് ഗർഭമുണ്ടു്" ഷാഹി ഇതു പറഞ്ഞവസാനിപ്പിച്ചില്ല. കാതിരുപിള്ള നെബീസായുടെ അടുക്കലേയ്ക്കു പാഞ്ഞു ചെന്നു. "ഛീ, മിണ്ടാതിരിക്കു, കുട്ടത്തിനു അവമാനം വരുത്തിവച്ചു കച്ചി, നീയെന്നെ ഞാഹലാക്കാശം" അയാളുടെ മുഖവിണ്ണം ഞെരുക്കവും തെളിഞ്ഞുനിന്ന കൈകളും പഴയ ശക്തി വീണ്ടെടുത്തു. മുടിയിൽ പിടിച്ചുവലിയ്ക്കുന്ന അയാളെ ഒരു മൂലയിലേക്കുരിഞ്ഞു.

വിവരം നാട്ടിലെല്ലാം പാട്ടായി. വല്ലാത്ത മർമ്മനോവു അവരുനിലയിൽ പുറമേറിക്കൊണ്ടു കിടന്ന ഏങ്ങിവേങ്ങി കരയുന്ന നെബീസായെ ആശിയാഉമ്മാ അടുത്തിരുന്നു തട്ടിവിളിച്ചു. നെബിസാ ചെട്ടെന്നു തിരിഞ്ഞുനോക്കി. അവൾ രണ്ടു കൈകൊണ്ടും എന്തോ നെഞ്ചോടു ചേർത്തു മറച്ചുപിടിക്കാൻ ശ്രമിച്ചു. ആശിയാഉമ്മാ അതു ബലാൽക്കാരമായി പിടിച്ചുവാങ്ങി.

ങ്ഹേ! അയൽവീട്ടിലെ ചാള തന്റെ ഫോളോ!!

★ ഉത്തര രാമചരിതം ★

ജി. വൈദ്യനാഥയ്യർ എം. എ.

ഭാരതീയ നാടകകർത്താക്കന്മാരുടെ യിടയിൽ ഉത്തുംഗമായ ഒരു സ്ഥാനമാണ് 'ഭവഭൂതിക്കുള്ളത്'. അദ്ദേഹത്തിന്റെ ഉത്തരരാമചരിതം സഹൃദയ ലോകത്തെ അന്നും ഇന്നും ഒരുപോലെ ആകർഷിക്കുന്നുണ്ട് ഒരു നാടകം എന്ന നിലയിൽ നോക്കുമ്പോൾ ഉത്തരരാമചരിതത്തിനു ചില കുറവുകൾ ചൂണ്ടിക്കാണിക്കാവുന്നതാണ്. എന്നാൽ ഭാവുക ഹൃദയത്തെ നിർവൃതമാക്കുന്നതിന് ആ കലാസൃഷ്ടിക്കുള്ള കഴിവ് അപരിച്ഛേദ്യമത്രേ. മഥിച്ചു നോക്കുന്തോറും രസാമൃതം ഉളവിച്ചുപൊഴിയുന്ന ഉൽകൃഷ്ടകാവ്യങ്ങളിൽ ഒന്നാണ് ഉത്തരരാമചരിതം. ഒരു നാടകത്തെക്കാൾ ഒരു കാവ്യം എന്ന നിലയ്ക്കാണ് അതു് അനുവാചകരെ വശീകരിച്ചു കൊണ്ടിരിക്കുന്നതു്.

ശാകുന്തളം മുഖേന ശൃംഗാരരസാവിഷ്കരണത്തിൽ കാളിദാസൻ നേടിയ വിജയംതന്നെയാണ് ഉത്തരരാമചരിതംകൊണ്ട് കരുണരസപ്രകാശനത്തിൽ ഭവഭൂതി സാധിച്ചിട്ടുള്ളതും. മനുഷ്യഹൃദയത്തിന്റെ ഇടിത്തട്ടിലുണ്ടാകുന്ന ചലനങ്ങളെപ്പോലും കലാസൗന്ദര്യത്തോടുകൂടി അവിഷ്കരിച്ചുകാണിക്കുന്നതിൽ ഭവഭൂതി പ്രകടിപ്പിച്ചിട്ടുള്ള പ്രാഗത്ഭ്യത്തെ ഏതുതന്നെ പ്രശംസിച്ചാലും അധികമായിപ്പോകുന്നതല്ല. കരുണരസപ്രധാനമായ ഉത്തരരാമചരിതം വായിക്കുമ്പോൾ ചില സന്ദർഭങ്ങളിൽ നാം പുളകിതഗാത്രരാകും. മറ്റു ചില സന്ദർഭങ്ങളിൽ കണ്ണീർ പൊഴിച്ചുപോകും. അതുകൊണ്ട് രസനിർഭരമായ ഒരു കൃതിയാണ് അതു്. കരുണം എന്ന് ഒരർത്ഥരസമേ ഉള്ളൂ എന്നും അതിന്റെ രൂപാന്തരങ്ങളാണ് മറ്റു രസങ്ങളെന്നും ഭവഭൂതി ഈ ശ്ലോകത്തിൽ ഒരിടത്തു് അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നുണ്ട്. ഇതിനെപ്പറ്റി അഭിപ്രായവ്യത്യാസം ഉണ്ടാകാമെങ്കിലും കരുണരസത്തിനു് അതുടെ ഹൃദയത്തെയും മഥിക്കാനുള്ള കഴിവുണ്ട്. വിശ്വസാഹിത്യത്തിൽ മുന്നിൽനിൽക്കുന്ന കൃതികളിൽ പലതും കരുണരസപ്രധാനങ്ങളാണെന്നു കാണാം. നമ്മുടെ ഇതിഹാസങ്ങളായ രാമായണവും ഭാരതവും കരുണരസംകൊണ്ടു തന്നെയാണ് നമ്മെ പല സന്ദർഭങ്ങളിലും രസിപ്പിക്കാറുള്ളതു്. അമാനുഷപ്രതിഭനായ ഷേക്സ്പിയറും കരുണരസം വർഷിച്ചിട്ടാണല്ലോ ലോകൈകകവിയായി ഉയർന്നതു്. ഇങ്ങനെ നോക്കുമ്പോൾ കരുണരസത്തിനു് സഹൃദയരെ എളുപ്പത്തിലാകർഷിക്കാൻ സാധിക്കുമെന്നു വന്നു കൂടുന്നു. എന്നാൽ ഒന്നുണ്ട് ആധുനിക കാലത്തു കണ്ടുവരുന്ന നോവലുകളിലും നാടകങ്ങളിലും എന്നപോലെ കഥാപാത്രങ്ങളെ കൂട്ടക്കൊലചെയ്തു് കലാമാസങ്ങൾ സൃഷ്ടിക്കുന്നതുപോലെയുള്ള ഒരു എളുപ്പവിദ്യയല്ല, ഒരു ഉൽകൃഷ്ടകൃതി മുഖേന കരുണരസം വർഷിച്ചു ഫലിപ്പിക്കുകയെന്നുള്ളതു്.

സീതാപരിത്യാഗവും അതിന്റെ അനന്തരഫലങ്ങളുമാണല്ലോ. ഉത്തരരാമചരിതത്തിലെ കഥാബീജം. നാടകം ശുഭപര്യവസായിയായിരിക്കണമെന്നുള്ള ഭാരതീയമതത്തെ അനുരിച്ചു് അത്യന്തരമായ ഉത്തരരാമകഥയെ ശുഭാന്തമാക്കിയിരിക്കയാണ് ഭവഭൂതി. ഒരു അന്തർനാടകം പ്രയോഗിച്ചുമാണ് ശുഭാന്തം വരുത്തിയിട്ടുള്ളതും.

ഈ നാടകത്തിലെ കഥാഗതിയെപ്പറ്റി അല്പമെന്നാലോചിക്കാം. ഋശ്യശൃംഗന്റെ വൃത്താന്തം സംബന്ധിച്ചു് കൗസല്യ, അരുന്ധതി, വസിഷ്ഠൻ മുതലായവരെ അയോദ്ധ്യയിൽനിന്നും മാറ്റിയതു് ഈ നാടകത്തിനു് അത്യന്താപേക്ഷിതമായ ഒരു പ്രയോഗമത്രേ. അഷ്ടാവക്രനെ പ്രവേശിപ്പിക്കുന്നതും പ്രത്യേകോദ്ദേശ്യത്തോടുകൂടിയാണ്. എന്തും ചെയ്തു് പ്രജാരഞ്ജനം നിർവഹിക്കണമെന്നുള്ള തത്ത്വം രാമനെക്കൊണ്ടു സ്വീകരിപ്പിച്ചു് സീതാപരിത്യാഗം അനപേക്ഷണീയമാണെന്നു വരുത്തുകയാണു് അഷ്ടാവക്രനെ പ്രവേശിപ്പിക്കുന്നതിലുള്ള ഒന്നാമത്തെ ഉദ്ദേശ്യം. ഗർഭകാലത്തിൽ സീതയ്ക്ക് എന്തെങ്കിലും അഭിലാഷമുണ്ടായാൽ അതു സാധ്യമാക്കിത്തീർക്കണമെന്നുള്ള അരുന്ധതിയുടെ നിർദ്ദേശവും അഷ്ടാവക്രൻ കൊണ്ടുവന്നിട്ടുണ്ട്. ഈ ഭരത്യവും സീതയെ കാട്ടിലയയ്ക്കാൻ ഉപകരിക്കുന്നുണ്ട്. ഇങ്ങനെ ഉചിതജ്ഞനായ കലാകാരൻ കഥാപരിണാമം സ്വാഭാവികമാക്കുന്നതിനു് വേണ്ടത്ര ശ്രദ്ധിച്ചിട്ടുണ്ടെന്നു കാണാം.

ചിത്രദർശനംകൊണ്ടും പ്രയോജനങ്ങളും സിദ്ധിക്കുന്നുണ്ട്. രാമനെ ഗ്രഹത്താൻ സീതയുടെ ഗർഭസ്ഥിതരായ ശിശുക്കൾക്ക് ജംഭകാസ്ത്രം ലഭിക്കുന്നതിന്റെ ആവശ്യകത ശ്രദ്ധേയമാകുന്നു. മാത്രമല്ല, ചിത്രദർശനം നിമിത്തം സീതാദേവിക്ക സ്വപരിചിതങ്ങളും : സുപ്രിയങ്ങളുമായ വനാന്തദേശങ്ങളെ സന്ദർശിക്കുന്നതിനു് ആഗ്രഹം അങ്കുരിക്കുകയും അങ്ങനെ ആ നായികയെ കാട്ടിലയക്കുന്നതിനു് ശ്രീരാമനു് സൗകര്യം ലഭിക്കുകയും ചെയ്യുന്നു.

എന്നാൽ നാടകത്തിലെ ചില ഭാഗങ്ങളും അത്ര സമഞ്ജസമായിട്ടില്ലെന്നു പറയാതിരിക്കാൻ വയ്യ. രണ്ടാമങ്കവും, മൂന്നാമങ്കവും കഥാശൂന്യമായിപ്പോയിട്ടുണ്ട്. അവയിൽ വന വർണ്ണനകളും മാത്രമേ ഉള്ളൂ. നാടകീയത എന്ന അംശം അവയിൽ ഇല്ലതന്നെ. ഒരു കാവ്യത്തിൽ താദൃശമായ വർണ്ണന ശോഭിക്കുമെങ്കിലും ഒരു നാടകത്തിൽ ഫലിക്കയില്ല. നാലാമങ്കത്തിൽ വീരപിച്ചു കിടക്കുന്ന കൗസല്യാ ജ കാരികളുടെ സാമാശ്വസനവും കഥാഗതിയെ ഒരു രീതിയിലും സഹായിക്കുന്നില്ല

ഈ നാടകത്തിലെ പ്രധാനപാത്രം രാമനാണല്ലോ. പ്രജാരഞ്ജനത്തെ മുൻകൊപ്പിടിക്കുന്ന ഉദാത്തനും ധർമ്മധീരനുമായ ഒരു രാജപ്രഭുവാകുന്ന രാമൻ. ചിത്രദർശനസന്ദർഭത്തിൽ പരശുരാമന്റെ പരാജയത്തെ ലക്ഷണമൊത്തുണ്ടാക്കാണിക്കാൻ ഒരുങ്ങിയപ്പോൾ 'വത്സ, ഇനിയും വളരെ കാണേണ്ടതുണ്ട്. അങ്ങോട്ടുകാണിക്ഷ്' എന്നു പറയുന്നതിൽ നിന്നും രാമന്റെ സപ്രശസ്തി പ്രത്യാപത്തൈര്യം നല്ലപോലെ തെളിയുന്നുണ്ട് ഇതുപോലെ രാമന്റെ വിനയവും, മഹാമനസ്കതയും വെളിപ്പെടുത്തുന്ന പല സന്ദർഭങ്ങളും ഈ നാടകത്തിലുണ്ട് സീതയുടെ ചാരിത്ര്യത്തെപ്പറ്റി ജനങ്ങൾക്കു ശങ്കയുണ്ടെന്നറിഞ്ഞപ്പോൾ പ്രജാരഞ്ജനതത്പരനായ രാമൻ, സീത പരമപാവനിയാണെന്ന് അറിഞ്ഞിരുന്നിട്ടും ഉപേക്ഷിക്കുകതന്നെയാണു ചെയ്യുന്നതു് എന്നാൽ കഠിനഹൃദയനായ ഒരു രാജാവല്ല ഇങ്ങനെ ചെയ്തതെന്നുള്ളതും വിസ്മരിച്ചുകൂടാ. സീതയോടുണ്ടായിരുന്ന അനുരാഗം അത്യഗാധമായിരുന്നു. ഭാവസത്യപ്രണയത്തെ പ്രശംസിച്ചുകൊണ്ടു് രാമൻ പറയുന്നതു കേൾക്കുമ്പോൾ രോമഹർഷം ഉണ്ടാകാതിരിക്കാൻ പ്രയാസമാണ്. അത്രമാത്രം ഗാഢമായ പ്രേമമാണ് സീതയോടു രാമനുണ്ടായിരുന്നതു്. എങ്കിലും പ്രജാരഞ്ജനത്തെ സർവ്വത്തിലും മുപരിയായി ഗണിക്കുന്ന ആ ഗംഭീരനായകനു് സീതാപരിത്യാഗം അധർമ്മമായി തോന്നിയില്ല.

ശംബൂകനെന്ന ശൂദ്രനെ തപസ്സുചെയ്യുന്നു എന്ന കാരണത്താൽ രാമൻ നിഗ്രഹിച്ചു എന്നുള്ളതു് ആധുനിക ദൃഷ്ട്യാനോക്കുമ്പോൾ അപമാനീയം തന്നെയാണ്. എങ്കിലും അന്നത്തെ ധർമ്മശാസ്ത്രത്തെ മുൻകൊപ്പിടിച്ചിരുന്ന ഒരു രാജപുംഗവനു് ശംബൂകവധം അനപേക്ഷണീയമായിരുന്നു എന്നു സമ്മതിക്കേണ്ടിവരും.

ഭവഭൂതിയുടെ സീത പുരാതന ഭാരതീയ വനിതകൾക്കു് മാതൃക

യായ ഒരു നായികതന്നെയാണ്. തന്റെ ദുർമ്മാർഗ്ഗത്തിനു കാരണം ജനാപവാദം മാത്രമാണെന്നു മനസ്സിലാക്കിയ ആ സതീരത്നം ഭർത്താവിന്റെ ധർമ്മത്തിൽപരതയെ അഭിനന്ദിക്കുകയാണു ചെയ്യുന്നതു്.

കഥാപാത്രങ്ങളുടെ സൃഷ്ടിയും ശ്ലാഘ്യാർഹമായിട്ടുണ്ടു്. തിരിയിൽ നിന്നു കരിന്തിരി പുറപ്പെടുവിക്കുന്നതു തേജസ്വികളായ ആ ക്ഷത്രിയകുമാരന്മാരുടെ ചിത്രീകരണത്തിൽ ഭവഭൂതി നേടിയിട്ടുള്ള വിജയം അന്യാദൃശംതന്നെയാണു്.

സഹൃദയന്മാർക്കു വായിച്ചാസ്വദിക്കാൻ പാകത്തിയ പല മാംസങ്ങളും ഉത്തരരാമചരിതം നാടകത്തിലുണ്ടെങ്കിലുണ്ടു് അതിനൊരു ഒരുമെച്ചം. മറ്റു നാടകത്തിനു് അവശ്യം വേണ്ടതായ ക്രിയാംശം ഇക്കൃതിയിൽ വിരളമാണെന്നു കഥാഗതിയെപ്പറ്റി പറഞ്ഞ സന്ദർഭത്തിൽ വ്യക്തമാക്കിയിട്ടുണ്ടല്ലോ. അല്ലെങ്കിലുണ്ടു തന്നെയാണു് ഒരു നാടകം എന്നതിനേക്കാൾ ഒരു കാവ്യം എന്ന നിലയിൽ ഈ കൃതി ക്ലൃപ്തത കൈവരിക്കുന്നതു്.

സ്നേഹത്തിന്റെ മാഹാത്മ്യത്തെ ഇത്രത്തോളം കീർത്തിച്ചിട്ടുള്ള സാഹിത്യകൃതികൾ സംസ്കൃതസാഹിത്യത്തിലെന്നല്ല വിശ്വസാഹിത്യത്തിൽപോലും അനിഷേധ്യമാകുന്നു.

"ഒരുവനുടനൊരാളിൽ-
സ്നേഹമായാലവനു-
മെന്നുമതു നിരുപമസൗഖ്യ-
ദ്രവ്യമായാളുതന്നെ
അരികിൽ മരുവിയൊന്നും
ചെയ്തീടില്ലെങ്കിലും താൻ
മരുവുമൊരു സുഖത്താൽ
തന്നെയുഭയത്തെ നീക്കും'

ഈ ശ്ലോകത്തിൽ പറയത്തക്ക ശബ്ദാലങ്കാരമോ, അർത്ഥാലങ്കാരമോ ഉണ്ടോ? ഇല്ല. എങ്കിലും അതു നമ്മുടെ ഹൃദയത്തെ ആകർഷിക്കുന്നില്ലേ? വീണ്ടും വീണ്ടും വായിക്കാൻ തോന്നുന്നില്ലേ? എങ്ങനെകൊണ്ടാണതു? മനഃസ്പൃഹയത്തിന്റെ സാവലംബികവും, സാർവ്വകാലികവുമായ ഒരു ഭാവനതയെയാണ് അതു വെളിപ്പെടുത്തുന്നതു്. ഇതുപോലെയുള്ള മാംസങ്ങൾ ഈ കൃതിയിൽ ധാരാളമുണ്ടു്.

കരുണരസത്തെ വർണ്ണിക്കുന്നതിൽ ഭവഭൂതി നിസ്തുല്യനാണെന്നു് ആദ്യമേ പറഞ്ഞുവല്ലോ. ഈ കൃതിയിൽ അതിനുദാഹരണങ്ങൾ സുലഭമാണു്. വിസ്തരഭയത്താൽ മറ്റൊരുദാഹരണമേ കാണിക്കുന്നുള്ളൂ.

"നിലാവെൻകണ്ണിനു നീ
താൻ മമ തനുവിനു നീ
നല്ലമൃതപീയൂഷമാമെൻ
ജീവൻ നീ താൻ ദ്വിതീയം-
മമ ഹൃദയമതാ-
കുന്നു നീ സുന്ദരാംഗി
ഏവം നീയിഷ്ടവാക്യം പലതു-
മനസരിച്ചേതിയൊന്നിച്ച വാണാ-
ഷ്ടാവത്തെത്തന്നെ കഷ്ടം ശിവ-
ശിവയിനി ഞാ-
നെന്തിനോടുന്ന ശേഷം."

മനുഷ്യപ്രകൃതിയെ മാത്രമല്ല ബാഹ്യപ്രകൃതിയേയും വർണ്ണിച്ചു ഫലിപ്പിക്കുന്നതിൽ ഭവഭൂതിക്കുള്ള വൈദഗ്ദ്ധ്യം വിസ്മയാവഹമാണ്. ഒന്നു രണ്ടു് ഉദാഹരണങ്ങൾ കാണിക്കാം

"അസ്സാജാക്ഷി! മരിച്ച
ഹംസഗണമാ-
ട്ടിട്ടുന്ന പക്ഷങ്ങളാൽ
വണ്ണംകുടിയ തണ്ടുലഞ്ഞു
വെളിയിൽ
കാണം വിധം മംഗിയിൽ
അസ്സേതുങ്ങളുമായുലും
നിറയുമി-
പ്പമ്പാ പ്രദേശങ്ങളെ-
ക്കണ്ണീർവീഴുമാറു നിറഞ്ഞിട്ട
മതിൻമധ്യത്തിലീക്ഷിപ്പുഞാൻ"
"എങ്ങും കേകികുലം കുകുമമലകളും
മാൻകൂട്ടമേറ്റം മരി-
ച്ചുങ്ങിങ്ങോടി നടക്കുമീവനവുമ
ന്നീക്ഷിച്ചുരത്രേ ദ്രുതം
എങ്ങും വന്മുളവള്ളി നിലനിലുള-
ക്കുങ്ങളും മംഗിയിൽ
തിങ്ങീട്ടുള്ള നദീതടങ്ങളിവയും
മുൻ കണ്ടതാം നിശ്ചയം."

അലങ്കാരപ്രയോഗത്തിലും ഭവഭൂതി മറ്റാരേടേയും പുറകിലല്ലെന്നു് എടുത്തു പറയേണ്ടിയിരിക്കുന്നു. ചില കവികൾ അലങ്കാരത്തിനു വേണ്ടി മാത്രം അലങ്കാരപ്രയോഗിക്കാറുണ്ടു്. എന്നാൽ ഭവഭൂതി അവരിൽനിന്നും തികച്ചും വിഭിന്നനാണു്. ഇതുപോലെ ഒരു പോരായ്മയാണു് അദ്ദേഹത്തിനുള്ള പ്രധാനമായും പറയുന്നതു്. എന്നാൽ ആ പാകപ്പിഴകൾ എത്ര വ്യത്യസ്തമായിട്ടാണു കണ്ടുവരാറുള്ളതു്. നമുക്കെല്ലാം സുപരിചിതമായ ഈ തത്ത്വം അത്യുചിതവും അതിമനോഹരവുമായ ഒരു സാദ്ധ്യോക്ത്യലങ്കാരംകൊണ്ടു് കവി വെളിപ്പെടുത്തിയിരിക്കുന്നു. കാൺക:-

"ഉലുംചൊല്ലിക്കൊടുക്കുന്നിതു-
ഗുരുജഡനം
പ്രാജ്ഞനം രുദ്രയെത്താ-
നില്ലാതാക്കില്ലുവന്നം ഗ്രഹണ
പട്ടതയെ-
ത്താൻ കൊടുക്കാമില്ല
തെല്ലും മൺകട്ടഭിഞ്ജത്തിനവി
മലമണി
യസ്സോപ്പുമായുംഗ്രഹിക്കു;
ന്നില്ലയ്യണ്ണം ഫലംകൊണ്ടവി-
തവതമാ-
യേറവും ഭേദമുണ്ടാം."

ഒരു നാടകമെന്ന നിലയിൽ രണ്ടാംപന്തിയിൽ ഇരിക്കുവാനുള്ള കലാസന്ദർഭമേ ഉത്തരരാമചരിതത്തിനുള്ളു. എന്നാൽ ഭാവുകഹൃദയത്തെ എക്കാലത്തും രസിപ്പിക്കുവാൻ പര്യാപ്തമായ ഒരു സാഹിത്യകലാസൃഷ്ടിയെന്ന നിലയിൽ ലോകസാഹിത്യത്തിലെ നൊംകിടയിലുള്ള കൃതികളുടെ മുന്നണിയിൽത്തന്നെയാണു് ഉത്തരരാമചരിതം പ്രശോഭിക്കുന്നതു്.

രോഗശാന്തിക്കും ശരീര രക്ഷയ്ക്കും അത്യുത്തമം ആയുർവ്വേദമരുന്നാണ്

പക്ഷേ, മരുന്നുകടം വാങ്ങുമ്പോൾ ശ്രദ്ധിക്കാത്തവർ നിശ്ചയമായും നിരാശരാകും

യാതൊരു കലർപ്പും കൂടാതെ വിധിപ്രകാരം തയ്യാർ ചെയ്യുന്നതും വൃത്തിയായി സൂക്ഷിച്ചിട്ടുള്ളതുമായ മരുന്നുകൾ എവിടെ കിട്ടുമെന്നുള്ളതാണ് നിങ്ങൾ ശ്രദ്ധിക്കേണ്ടതു്. മരിക്കുവോളം നിരാശ നേരിടാതിരിക്കണമെങ്കിൽ ഔഷധനിർമ്മാണത്തിനു് സർവ്വാത്മനാ കീർത്തിമുദ്ര നേടിയ

ആറന്മുൾ ശ്രീകൃഷ്ണാ ഫാർമസിയിലെ

പരിശുദ്ധമായ മരുന്നുകൾ വാങ്ങുക.

തിരുവനന്തപുരം ആയുർവ്വേദ കോളേജിനടുക്കലുള്ള ഞങ്ങളുടെ

ബ്രാഞ്ചു് സന്ദർശിക്കുവിൻ

N. B. രോഗികളെ സൗജന്യമായി പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതിനു പഠിപ്പും പാകതയും ചികിത്സാനൈപുണ്യവും തികഞ്ഞ ഒരു വൈദ്യൻ സദാ ബ്രാഞ്ചിൽ ഉണ്ടായിരിക്കും.

ബി. എൻ. ശ്രീധരനുണ്ണി,
(പ്രൊപ്രൈറ്റർ)

KSC

മനുഷ്യരാശിക്കുവേണ്ടി

കോന്നിയൂർ ആർ. നരേന്ദ്രനാഥ്
ബി. എസ് സി. ബി. എൽ.

കഥാപാത്രങ്ങൾ:—
ശാസ്ത്രജ്ഞൻ
ഭാര്യ
സ്നേഹിതർ
ധാത്രി

[അത്യധികം ആകാംക്ഷയോടെ അങ്ങോട്ടുമിങ്ങോട്ടും നടക്കുകയാണ്. ഓടിനടക്കുകൊണ്ടാണ് സംസാരം. കതകിൽ തട്ടുന്ന ശബ്ദം]

ശാസ്ത്രജ്ഞൻ - ഉറ അതു തന്നെ? അതു തന്നെയല്ലേ.

സ്നേഹിതൻ--അതു തട്ടിയതല്ല.

ശാ - പിന്നെ.

സ്നേ കാറ്റു വീശിയതാണ്.

ശാ--ഓ ഹോ (വീണ്ടും നടക്കുന്നു ശബ്ദം)

സ്നേ--അധിക സമയമായോ.

ശാ—ഇല്ല പത്തു മിനിട്ടായി

സ്നേ--ഓഹോ! പിന്നെ ഇതിടക്കിടക്കു

ശാ—തിടുക്കമോ.

സ്നേ അതെ. (ചെവിയായി ചിരിക്കുന്നു)

ശാ—ഇതു അകാംക്ഷ നിറഞ്ഞ നിമിഷങ്ങളാണ് ഞാൻ അനുഭവിച്ചിട്ടില്ല. ഹഹാ!

സ്നേ—(ചെവിയായി ചിരിച്ചിട്ട്) അതാണ് ലോക ശരി.

ശാ--പ്രതീക്ഷകളും വിങ്ങി നിൽക്കുന്ന സന്ദർഭങ്ങളും പലപ്പോഴും മുണ്ടായിട്ടുണ്ട്. എന്നാൽ. .

സ്നേ—അതെ. ഭാര്യയെ പ്രസവത്തിനു് അകത്തു കിടത്തിയിട്ട് വിവരം കാത്തു വെളിയിൽ നിൽക്കുക! ഹും.....

ശാ—എന്താ അതു കേട്ടതു്.

സ്നേ ഒന്നുമില്ല.

ശാ—പിന്നെ.

സ്നേ—ആരോ നടക്കുന്ന ശബ്ദമാണതു്.

ശാ—അകത്തോ പുറത്തോ?

സ്നേ - അതു വരാന്തയിൽ.

ശാ—ഞാൻ കരുതി നേഴ്സിന്റെ കാലൊച്ചയാണെന്നു്.....

സ്നേ—(ചെവിയായി അടക്കി ചിരിച്ചിട്ട്) സമയം അകന്നതേയുള്ളു.

ശാ—(അക്ഷമനായി) സമയം അകന്നതേയുള്ളു! സമയം അകന്നതേയുള്ളു! പ്രതീക്ഷാവിവശനായി ഞാൻനിന്നിട്ടുണ്ടു് മുഴും. എന്നാൽ.....

സ്നേ ഇതുമില്ല. തീർച്ച. ഒരു ശാസ്ത്രജ്ഞനപോലും.....

ശാ തീർച്ചയായും ഇല്ല പരീക്ഷണത്തിന്റെഫലം കാത്തു്കഴിഞ്ഞിട്ടുള്ള അവസരങ്ങളും.....

സ്നേ അതും ഇതുപോലെയാണോ?

ശാ - ഒരിക്കലുമില്ല. ഇതുമും അഴത്തിൽ എന്റെ മനസ്സിൽ അതിറങ്ങിയിട്ടില്ല. എന്തെന്നറിവും ഇതു്....(അകത്തു് പിഞ്ചുരൂപത്തിന്റെ കരച്ചിൽ

ശാ—(സന്തോഷത്തോടെ) അതെയതെ തോന്നുന്നു.

സ്നേ - അതെ. കുഞ്ഞിന്റെ കരച്ചിൽതന്നെ!....

ശാ—സച്ഛീയശാനംപോലെ ഹാ ഇനിയൊന്നിരിക്കട്ടെ. (കസേര വലിച്ചിട്ടുന്ന ശബ്ദം) ഹാവൂ.

സ്നേ—അന്നു് ഇങ്ങനെയൊക്കെ വിചാരിച്ചോ?

ശാ—എന്നു്?

സ്നേ—(അടക്കി ചിരിച്ചിട്ട്)അല്ല വിവാഹം കഴിക്കുമ്പോൾ....

ശാ—(ചിരിക്കുന്നു)

സ്നേ—ഈ പ്രതീക്ഷയിലെ സുഖം (കതകു തുറക്കുന്ന ശബ്ദം)

നേഴ്സ്—യാതൊരുസുഖവുമില്ല.

ശാ— തള്ളയ്ക്കും.

നേ—അതെ, രണ്ടുപേരും സുഖമായിരിക്കുന്നു.

ശാ—(ആശ്വാസനിശ്വാസം)

സ്നേ കുഞ്ഞു്.

നേ--ആൺകുഞ്ഞുതന്നെ.

സ്നേ--അതായിരുന്നു ഇതു താമസം.

നേ--(ചിരിച്ചിട്ട്) താമസമൊന്നുമുണ്ടായില്ല

ശാ--എനിക്കു്....ഞാൻ അകത്തേക്കു്.....

നേ--(ചിരിച്ചിട്ട്) ഇപ്പോൾ പാടില്ല.... കുറച്ചു കഴിഞ്ഞോട്ടെ.

സ്നേ -മകനെ കാണാൻ തിടുക്കമായി. അല്ലേ (നേഴ്സും സ്നേഹിതനും ചിരിക്കുന്നു)

നേ—ഞാൻ അകത്തോട്ടു് പോകട്ടെ

ശാ--വേഗം ചെല്ലുക.

(നേഴ്സ് പോകുന്നു)

ശാ—വരൂ. ഇനിയും അല്പം ചായ കഴിക്കാം.

സ്നേ—ഇനിയുമെന്തുവച്ചാൽ.

ശാ—ഇതുവരെ ഒന്നും കഴിച്ചില്ല.

സ്നേ—ഇല്ല (ചിരിക്കുന്നു)

ശാ—ഇല്ല (നടന്നുപോകുന്ന ശബ്ദം)

രംഗം 2

[ശാസ്ത്രജ്ഞന്റെ വീട്ടിലെ സചീകരണമുറി]

സ്നേഹിത ഇന്നാപ്പ ഞങ്ങളും കാത്തിരിക്കുകയായിരുന്നു.

ഭാര്യ—തീരെ സമയം കിട്ടിയില്ല.

സ്നേ - അതു മനസ്സിലായി. അദ്ദേഹം എവിടെ?

ഭാ—വെളിയിൽ അതാ. (വീണ്ടിക്കൊണ്ടിരിക്കുന്നു)

സ്നേ--മകനുമുണ്ടല്ലോ

ഭാര്യ--ഗവേഷണ ശാലയിൽ നിന്നും വരാത്തതാമസം മകനെ ഏറ്റെടുത്തോണ്ടു പോകാൻ!

സ്നേ അതങ്ങിനെയാ.

ഭാര്യ—കാപ്പിപോലും കുടിച്ചില്ല

സ്നേ കുഞ്ഞിനെ കളിപ്പിക്കുന്നതാണ് അതിലും പ്രധാനം

ഭാര്യ - എന്തോന്നു കളിയാണെന്നോ?....

സ്നേ - നിങ്ങളും ഭാഗ്യവതിയാണ്.

ഭാ—അതെ. ഇനം അല്ല ഗുണം സമ്മതിക്കാനെനിക്കു മടിയില്ല. ആ പിഞ്ചുമുഖം കണ്ടതിനുശേഷം.

സ്നേ—അതാ നോക്കൂ അവിടെ.

(കുഞ്ഞിനെ കളിപ്പിക്കുന്ന ശബ്ദവും മറ്റും)

ഭാ—ഇങ്ങോട്ടു ഇപ്പോഴെങ്ങും എഴുന്നുകയില്ല. സന്ധ്യസമയമായാൽ ആ ചെല്ലായം പുരണ്ട മേഘങ്ങളെ പൂണ്ടിക്കാണിച്ചു് ഒരായിരം കഥകളും അവനു പറഞ്ഞുകൊടുക്കും അവനതൊക്കെ ആ മടിയിലിരുന്നു കേൾക്കും. ഞാൻ ചിലപ്പോൾ വിചാരിക്കും. അമ്മയേക്കാളും അച്ഛനോടാണ് അവനിഷ്ടമെന്നു്.

സ്നേ അതങ്ങിനെയാണു്.

ഭാ അവനെ മടിയിൽ വച്ചുകൊണ്ടു് അദ്ദേഹം സ്വപ്നങ്ങളും കാണും അവൻ വളർന്നു് യുവാവായാൽ ഗവേഷണശാലയിൽ കൊണ്ടിച്ചു് രണ്ടു തലമുറകളും....മനുഷ്യരാശിക്കുവേണ്ടി പ്രയത്നിക്കുമെന്നു് വേദനയകറ്റാൻ....ശാന്തി കൈവരുത്താൻ....

സ്നേ—അങ്ങിനെയാകും അതുകൊണ്ടും....അനർഘസ്വപ്നങ്ങളും.

ഭാ--ഒരു കുഞ്ഞുണ്ടായാൽ പിന്നെ പ്രതീക്ഷകളായി

സ്നേ--കുഞ്ഞിനോടൊത്തു് പ്രതീക്ഷകളും ജനിക്കുന്നു.

ഭാ--വാസ്തവം. എന്തൊരനുഭവങ്ങളും!.....

സ്നേ--അവ അനുഭൂതികളായി മാറും. അതിന്റെഫലം അതിനെക്കാൾ മഹത്തരമായിരിക്കും.

ഭാ--ആശയുടെ അടിയുറച്ച കേന്ദ്രമാണതു്. അതിനെച്ചുറ്റിയാണു ജീവിതം തുടിക്കുന്നതു്.

സ്നേ സംശയമെന്തിനു്?

ഭാ - അതാ അവർ ഇങ്ങോട്ടു വരുകയാണു്. കുട്ടിയെ കളിപ്പിച്ചു് ശാസ്ത്രജ്ഞൻ അടുത്തുവരുന്നു)

ശാ—അതാ! അമ്മ! അങ്ങോട്ടു പോകാം. (കുഞ്ഞിനെ രണ്ടുപേരും കളിപ്പിക്കുന്നു)

രംഗം 3

അന്തഃപുരി ശോകമയമായ പശ്ചാത്തലഗാനം)

ധാത്രി - ഇതു വേദന എനിക്കു് ഇതിനുമുമ്പു തോന്നിയിട്ടില്ല.

സ്നേഹിതൻ അവർ എപ്പോൾ പോയി?

ധാ.... അരമണിക്കൂർ അയിരിക്കും.

സ്നേ—ഞാൻ ഇവിടെ ഇല്ലായിരുന്നു. സർക്കീട്ടിലായിരിക്കുമ്പോൾ വിവരമറിഞ്ഞു ഇങ്ങോട്ടോടി പോന്നു.

ധാ—നല്ല ഒരു കുഞ്ഞ് മിടുമിടുക്കൻ. എത്ര സാമർത്ഥ്യം....

സ്നേ—ഡാക്ടർ എന്തു പറഞ്ഞു?

ധാ—അവർക്കൊക്കെ അതു നിസ്സാരമായിട്ടാണ് തോന്നിയതു്.

സ്നേ—ചികിൽസിച്ചില്ലേ?

ധാ—ചികിൽസിച്ചു ഫലിച്ചില്ല.

സ്നേ—എന്തുകൊണ്ടു്.

ധാ—സുഖക്കേടു് മനസ്സിലായിരിക്കയില്ല.

സ്നേ—പിന്നെ ചികിൽസിച്ചതു്?

ധാ—മനസ്സിലായില്ലെങ്കിലും ഡാക്ടന്മാർ ചികിൽസിക്കും.

സ്നേ—പക്ഷെ അതു്ഹം

ധാ—അതു് ശാസ്ത്രജ്ഞനോ?

സ്നേ—അതുകൊണ്ടു് വ്യക്തമായി അറിയാൻ കഴിഞ്ഞില്ലേ?

ധാ—അവർക്കാകും....

സ്നേ—സാധിച്ചില്ല—?

ധാ—വിജ്ഞാനത്തിന്റെ പരിമിതി....!

സ്നേ—വിധിയാണു്. ആരെയും കുറ്റപ്പെടുത്തേണ്ട കാര്യമില്ല.

ധാ—എങ്കിലും ഇതുപോലെ...

സ്നേ—ഇതൊക്കെ സംഭവിക്കുമെന്നു് എങ്ങനെ വിചാരിക്കും?. അല്ലേ!....

ധാ—രണ്ടു ദിവസം! കഷ്ടം.

സ്നേ—രണ്ടാമത്തെ ദിവസമോ?

ധാ—അതെ.

സ്നേ—അതു സഹിക്കും?

ധാ—ഡാക്ടർമാർക്കു പല സംശയങ്ങളുമുണ്ടു്.

സ്നേ—എന്തുസംശയം?

ധാ—ശ്രവണശാലയിൽ കുഞ്ഞിനെ ഒരു ദിവസം കൊണ്ടുപോയി.

സ്നേ—അതു് ശാസ്ത്രജ്ഞനോ?

ധാ—അതെ,

സ്നേ—എന്നിട്ടു്? എന്തിനു്?

ധാ—ഒരുതരം കുഞ്ഞിനോടുള്ള വാത്സല്യംകൊണ്ടു്.....

സ്നേ—കൊണ്ടുപോയതാണു് അല്ലേ?

ധാ—അതെ അതു അവിടെല്ലാം ഓടിനടന്നു കളിച്ചു.

സ്നേ—ശാസ്ത്രജ്ഞനോ?

ധാ—അവിടെത്തന്നെ ഉണ്ടായിരുന്നു.

സ്നേ—ശ്രവണശാലയിൽ പലതുമുണ്ടായിരിക്കുമല്ലോ കാണാൻ.

ധാ—അതെ. പക്ഷേ എന്തു പറയാൻ! കഷ്ടി.....

സ്നേ—കഷ്ടിയെന്തു ചെയ്തു?

ധാ—രോഗാണുക്കളെ വളർത്തുന്ന.....

സ്നേ—വളർത്തുന്നു....?

ധാ—വളർത്തുന്നതു് കണ്ടിട്ടില്ലേ. ഗ്ലാസ്സ്ട്യൂബുകളിൽ. അതിന്റെ ശ്രവണമാണല്ലോ അദ്ദേഹത്തിന്റെ ജോലി.

ധാ—അവ കുറെ പ്രത്യേകമെടുത്തു മേശമേൽ വച്ചിരുന്നു.

സ്നേ—എണ്ണിട്ടു്....?

ധാ—അതിൽ ഒരു ട്യൂബു് കുട്ടിയെടുത്തു.

സ്നേ—ആരും കണ്ടതുമില്ലേ?

ധാ—ഇല്ല. കുറെ നേരത്തേയ്ക്കു് ആരും കണ്ടില്ല.

സ്നേ—പിന്നെ?

ധാ—കുട്ടി അതിലൊരു ട്യൂബ് കയ്യിലെടുത്തു്?

സ്നേ—അതു് അടച്ചിട്ടിരിക്കുന്നില്ലേ?

ധാ—കുഞ്ഞു് അതു തുറന്നു.

സ്നേ—കഷ്ടം

ധാ—കഷ്ടമെന്നു പറയാതെന്തു ചെയ്യും. അതു തുറന്നു മണപ്പിച്ചു.

സ്നേ—മണപ്പിച്ചു!....

ധാ—അതെ.

സ്നേ—അതിനു ശേഷമായിരിക്കും അദ്ദേഹം അതു് കാണുന്നതു്

ധാ—അതെ (ശോകത്തോടെ) അപ്പോഴേക്കു് കുട്ടിയുടെ ശ്വാസകോശത്തിൽ അണുക്കളും കടന്നു കഴിഞ്ഞിരുന്നു.

സ്നേ—ദൈവമേ!

ധാ—ഭാര്യ എത്ര പറഞ്ഞതാണു കുഞ്ഞിനെ കൊണ്ടുപോകരുതെന്നു്

സ്നേ—എന്നിട്ടു വകവച്ചില്ല.

ധാ—ഇല്ല. ഇതാണു് വിധി.... ഇന്നു് മൂന്നാംദിവസമാണു്.

സ്നേ—അദ്ദേഹത്തെ ഞാൻ എങ്ങിനെ കാണും?

ധാ—കഷ്ടം! ഞാനാണു നാലു കൊല്ലംമുമ്പു അദ്ദേഹത്തിനെ ആ വാർത്ത അറിയിച്ചതു്.

സ്നേ—ഞാനും അതു കേട്ടതാണു്. അദ്ദേഹത്തോടൊന്നിച്ചുനിന്നു്!

ധാ:—അതുപോലെ ഇന്നു ആ മരവിച്ച ശരീരം ഞാനാണു്.....

സ്നേ—വിധി.....!

ധാ—എന്നല്ലാതെന്തും പറയാനില്ല.

രംഗം 4

[ക്ലോക്കിന്റെ ടിക് ടിക് ശബ്ദംമാത്രം കേൾക്കാനുണ്ടു്. ഇരുപ്പുമുറി]

ഭ്യ—ഇങ്ങനെ ആരോഗ്യം കളഞ്ഞു് പണിയെടുക്കരുതു്.

ശാസ്ത്രജ്ഞൻ—ആരോഗ്യവും ശരീരവും (ഹാസ്യമായി ചിരിക്കുന്നു)

ഭാര്യ—അതു നിസ്സാരമാക്കരുതു്.

ശാ—എന്റെ ആത്മാവിൽ കിടന്നു് ആളിക്കത്തുന്ന തീയെപ്പറ്റി നിനക്കു് ഒരു അറിവുമില്ല.

ഭാ—ഉണ്ടു്.

ശാ—പിന്നെ?

ഭാ—നൈരാശ്യങ്ങളും അതുൽക്കടങ്ങളായ സങ്കടങ്ങളും....

ശാ—വല്ലവരും പറയുന്ന അപവാദം അവഗണിക്കേണ്ടാ....

ഭാ—അവഗണിക്കുന്നില്ല.

ശാ—ഞാൻ അവയെ പരാജയപ്പെടുത്തും അതുമാത്രമാണെന്റെ ജീവിതാദർശം.

ഭാ—അതിനുവേണ്ടിതന്നെയാണു് ഞാൻ പറയുന്നതു്.

ശാ—ഓ എന്റെ ആരോഗ്യം സൂക്ഷിക്കണമെന്നു് (ചിരിച്ചിട്ടു്) മനുഷ്യരാശിയുടെ ആരോഗ്യസംരക്ഷണ ശ്രമത്തിലേർപ്പെട്ടിരിക്കുന്ന ഞാൻ....

ഭാ—ഇന്നു്....

ശാ—രണ്ടു കൊല്ലം തികയുന്നു. അല്ലേ?

ഭാ (ഗൽഗദത്തോടെ) ഇടിഞ്ഞികം അതു കിളിക്കൊഞ്ചലുകളും പ്രതിധ്വനിപ്പിച്ചിട്ടു്.

ശാ—അതെ. രണ്ടുകൊല്ലം! രണ്ടുകൊല്ലമായി ഞാൻ ആ പ്രതിജ്ഞ ചെയ്തിട്ടു്.

ഭാ—എന്റെ കുഞ്ഞു് (കരയുന്നു)

ശാ—എന്റെ കുഞ്ഞു് നഷ്ടമായതുകൊണ്ടു് മറ്റു കുഞ്ഞുങ്ങളും നഷ്ടമാകാതിരിക്കാൻ ഞാൻ മാർഗ്ഗം കണ്ടെത്തും!

ഭാ—എന്റെ കുഞ്ഞു് (കരയുന്നു)

ശാ—അവന്റെ കാര്യം ലോകം മറക്കുകയില്ല. മരണത്താൽ അവൻ ജീവിക്കും മരണത്തിന്റെ പരാജയത്തിൽ അവന്റെ നാമധേയം ഓർമ്മിക്കപ്പെടും. അതിനു വേണ്ടിയാണു് എന്റെ തീക്ഷ്ണമായ പരിശ്രമം

ഭാ—അതു വിജയിക്കട്ടെ,

ശാ—വിജയിക്കും. ആ പരിശ്രമത്തിൽ എന്റെ ആയുസ്സു് വിനിയോഗിക്കും.

ഭാ—പരീക്ഷണം, എവിടെവരെയായി?

ശാ—അണുക്കളെ അടിച്ചു പായിക്കാൻ ഇനി അധികനാൾ വേണ്ടിവരികയില്ല.

ഭാ—അവയെ വളർത്തുന്നതിനു്?

ശാ—വളർത്തുന്നതിനുള്ള പുതിയ രീതി കണ്ടുകഴിഞ്ഞു. നാലു ദിവസത്തിനുള്ളിൽ അതു ഞാൻ..... അവരെ.....

ഭാ—എന്തു്?

ശാ—നിന്നോടുപോലും ഞാനതു പറഞ്ഞിട്ടില്ല.

ഭാ—കഷ്ടമായിപ്പോയി.

ശാ—ഫലം. പൂർണ്ണഫലം കണ്ടെത്തിയിട്ടുണ്ടു്.

ഭാ—എന്താണാപരീക്ഷണം?

ശാ—മറവാനുള്ളല്ല.

ഭാ—ഞാൻകൂടി അറിയട്ടെ.

ശാ—പറയാം.

ഭാ—എത്ര സുഖമാണതു കേൾക്കാൻ.

ശാ—എന്റെ കുഞ്ഞിനെ നശിപ്പിച്ച ആ അണുക്കളെപ്പറ്റിയാണു ഞാൻ ശ്രവണം തുടങ്ങിയിരിക്കുന്നതു്.

ഭാ—മനുഷ്യരാശിയുടെ സുഖജീവിതത്തിനു വിഘാതമായി നിൽക്കുന്ന അവയെ നശിപ്പിക്കണം

ശാ—അതു ശ്രവണശ്രമം ഇനം അണുജീവികളെ അളവില്ലാത്തവിധം ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ സമാഹരിച്ചു വളർത്തുവാനുള്ള വഴിയിലേക്കു തിരിച്ചിരിക്കുന്നു.

ഭാ—നിയന്ത്രിക്കുവാൻ സാധിക്കയില്ലേ?

ശാ—അതു് ഇനിയും കുറേ നടത്തേണ്ടതായിട്ടാണിരിക്കുന്നതു്.

ഭാ—എന്നാൽ അതു അപകടകരമാണു്.

ശാ—എനിക്കറിയാം

ഭാ—കഴിയുന്നത്ര വേഗത്തിൽ നിയന്ത്രണത്തിനുള്ള ഉപാധി കണ്ടുപിടിക്കണം

ശാ—അതു ശ്രമത്തിൽ ഏർപ്പെട്ടിരിക്കുകയാണു് ഞാൻ!



നിഴൽപ്പാടകം

[ഗ്രന്ഥകർത്താ സി. കൃഷ്ണൻനായർ, പ്രസാ: പ്രതാപ് പബ്ലിഷിംഗ് ഹൗസ്. പേജ് 101, വില രൂപ 1]

'നേതാവ്', 'അഴകുടെ രശ്മി', 'അറുപോയ കണ്ണി,' 'ഒരു സ്ത്രീയുടെ കഥ', 'വഞ്ചനയുടെ വഴി', 'നിഴൽപ്പാടകം', 'രഞ്ജിപ്പ്' എന്നിങ്ങനെ ഏഴ് ചെറുകഥകളുടെ സമാഹാരമാണ് ഈ പുസ്തകം. എല്ലാ കഥകളും, സമകാലീന സാമൂഹ്യബന്ധങ്ങളുടെ ചിത്രങ്ങളാണ്. സമൂഹമദ്ധ്യത്തിൽ പൊന്തിവരുന്ന പ്രശ്നങ്ങളാണ് കഥാകൃത്ത് അവതരിപ്പിക്കാൻ ശ്രമിക്കുന്നത്. പക്ഷേ അനുവാചകന്റെ ഹൃദയത്തിലേതെങ്കിലും നേരിയ ചലനങ്ങൾപോലും സൃഷ്ടിക്കുന്നതിൽ അദ്ദേഹം പരാജയപ്പെട്ടിരിക്കുന്നു. വ്യക്തിത്വവും മുഴുമിപ്പും ഉള്ള കഥാപാത്രങ്ങളൊന്നുതന്നെ ഈ നാലൊന്നുപേജിലൊരിടത്തും കാണാനില്ല

ചുറ്റും കാണുന്ന പ്രശ്നങ്ങളെ കണ്ണുമടച്ച് അപ്പടി പകർത്താതെ അവയിലേയ്ക്ക് ഊളിറങ്ങി ആ പ്രശ്നങ്ങളുടെ മൂലകാരണങ്ങളായ സാമൂഹ്യബന്ധങ്ങളെ അപഗ്രഥിച്ച് മനസ്സിലാക്കിക്കൊണ്ട് കലാസൃഷ്ടി ചെയ്യുവാൻ തുടങ്ങിയാൽ ശ്രീ: കൃഷ്ണൻനായർ നന്നാകും.

ഈ കഥകളെ യാന്ത്രികമായി പുകഴ്ത്തിക്കൊണ്ട്; ഗ്രന്ഥകാരൻ സാമ്പത്തികസഹായം അർഹിക്കുന്നു. എന്നുള്ള സൂചനയിലും, അഭ്യർത്ഥനയിലും ഉപസംഹരിക്കുന്ന ഒരവതാരിക ശ്രീ. വൈലോപ്പിള്ളിൽ ശ്രീധരമേനോൻ എഴുതിയിട്ടുണ്ട്. കഥകളെ പുകഴ്ത്തുവാനായി വൈലോപ്പിള്ളിക്ക് പ്രേരണ നൽകിയിരിക്കുന്ന ഘടകം കഥാകൃത്തിന്റെ നിസ്സഹായതമാത്രമാണെന്നു കഥകൾ വായിച്ചാൽ വ്യക്തമാകും. വ്യക്തിപരമായ സ്നേഹബന്ധങ്ങൾക്കും വികാര പരാധീനതയ്ക്കും അതീതനായി നിന്നുകൊണ്ട് കലാസൃഷ്ടികൾക്ക് വിലയിരുത്തുകയാണ് അവതാരികാകാരന്റെ കടമ ഈ കടമയെ വിസ്മരിക്കുന്നതു് അക്ഷന്തവ്യം തന്നെ വിശേഷിച്ചും വൈലോപ്പിള്ളിയേ പോലുള്ളവർക്ക് പറ്റിയതല്ല.

വെള്ളിമുള്ളുകൾ

[വില: ടാറാപുരം സുകുമാരൻ പ്രസാ: ബി. കെ. എം. പ്രസിദ്ധീകരണം പേജ്. 131 വില രൂപ 1 ണ. 4]

വിശ്വസാഹിത്യത്തിലെ അനശ്വരകലാസൃഷ്ടികൾ നമ്മുടെ സാഹിത്യത്തിലേക്ക് വിവർത്തനംചെയ്യപ്പെടുന്നതു് തീർച്ചയായും സ്വാഗതാർഹമാണ്. വിശേഷിച്ചും ചെറുകഥകൾ. കാരണം മറുഭാഷകളിൽ അഭിജ്ഞരായ നമ്മുടെ സാഹിത്യകുതുകികൾക്ക് വിശ്വസാഹിത്യത്തിലെ കലാസൃഷ്ടികളുമായി പരിചയപ്പെടാൻ അവസരം സിദ്ധിക്കുന്നു. ചെറുകഥകളുടെ കാര്യം വിശേഷിച്ചു പറഞ്ഞതിനു കാര്യമുണ്ട്. വിശ്വോത്തരങ്ങളായ ചെറുകഥകളും കൊച്ചുകൈരളിയുടെ ചെറുകഥകളും തമ്മിൽ താരതമ്യപ്പെടുത്തുന്നതിനും അതിന്റെ ഫലമായി അഭിമാനിക്കുന്നതിനും ഉള്ള സന്ദർഭം വായനക്കാരനു ലഭിക്കും. പക്ഷേ വിവർത്തകനെപ്പോഴും മൂലകൃത്തിന്റെ കലാപാടവത്തോടു് നീതിയും, വിശ്വസനീയതയും കാണിച്ചിരിക്കണം. ഈ കാര്യത്തിൽ അനേകരണത്തേക്കാൾ സൃഷ്ടിപ്രധമാണ് വിവർത്തനം. മൂലഗ്രന്ഥകാരൻ വരയ്ക്കുന്ന അതേ സാമൂഹ്യപശ്ചാത്തലത്തിൽതന്നെ കഥയെ അവതരിപ്പിക്കുവാൻ വിവർത്തകനു സാധിക്കുന്നു

പ്രകൃതഗ്രന്ഥത്തിന്റെ വിവർത്തകൻ മൂലഗ്രന്ഥകാരന്മാരോടു് നീതി കാണിച്ചിട്ടില്ലെന്നതന്നെയല്ല അക്ഷന്തവ്യമായ അനീതി കാണിച്ചിട്ടുമുണ്ട്. പദാനുപദ തർജ്ജമ പലയിടത്തും വിവർത്തകനെ കുണ്ടിൽ ചാടിച്ചിട്ടുണ്ട്. വിവർത്തനം ചെയ്യാൻ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കഥകളെല്ലാം തന്നെ ആ ബഹുമതി അർഹിക്കുന്നു എന്നുള്ള കാര്യത്തിൽ തർക്കമില്ല.

ബൽസാക്ക്, മാപ്പസാങ്ങ്, റോബർട്ട് പെയ്ൻ W. W. ജേക്കബ്സ്, ചെക്കോവ്, കാപ്പുക്ക്, ഫ്ലൂവാൽപ്പാം, പ്രേംചന്ദ്, അജിത് കൃഷ്ണബാബു, എന്നിവരുടെ ചെറുകഥകളുടെ വിവർത്തനമാണ്. ശ്രീ. സുകുമാരൻ തിരഞ്ഞെടുത്തിരിക്കുന്നതു്. മിക്കതും സുപ്രസിദ്ധ കഥകളാണ്. പക്ഷേ പല കഥകളുടേയും പേരുകൾ സുകുമാരൻ മാറിയിട്ടുണ്ട്. തർജ്ജമയുടെ കാര്യത്തിൽ ഇങ്ങനെയൊരു സ്വാതന്ത്ര്യമെടുക്കുവാനുള്ള കാരണം മോപ്പസാങ്ങിനെപ്പോലുള്ളവരെപ്പോലും ക്ലൃപ്തൽ കലാബോധം ടാറാപുരം സുകുമാരനാണ് എന്നുള്ള ധാരണയാണോ; അതോ, പദാനുപദ തർജ്ജമയുള്ള പദഭാരിദ്ര്യമാണോ എന്നറിയുന്നില്ല. ചെക്കോവിന്റെയും മറ്റും കഥകളിൽ 'Preciousssweet' എന്നുള്ളതു് "വിലയേറിയ മാധുര്യം" എന്നു തർജ്ജമചെയ്തതു് ഒരു പക്ഷേ പാവം ചെക്കോവ് അങ്ങു മരിച്ചുപോയല്ലോ എന്നുള്ള ധൈര്യം കൊണ്ടായിരിക്കും ഞാൻ അഭ്യസ്തവിദ്യനായിപ്പോലെ ശരിയായവിവർത്തനം കൈരളിക്കു നൽകുവാൻ ശ്രമിച്ചതുപ

ശാ--പ്രത്യേക ബന്തവസ്സുകൾ! പോലീസ് സൂക്ഷിപ്പുകാർ!.

ഭാ—ഇതിനു ചുറ്റും കിടങ്ങുകളും മുള്ളുവേലികളുമുണ്ട്.

ശാ—വെറും മുള്ളുവേലികളല്ല

ഭാ—പിന്നെ.?

ശാ—അലകത്തികശക്തി പ്രവഹിക്കുന്നതാണ്.

ഭാ--സക്കാറിന്റെ ഏർപ്പാടുകളാണോ?

ശാ—അതേ! കുതലാണ്. അതിൽ നടത്തപ്പെട്ടുന്ന ഗവേഷണഫലം ആദ്യം അറിയുന്നതു്.

ഭാ—ഏന്തോ എനിക്കസഹനീയമായിതോന്നുന്നു ഈ ചുറ്റുപാട്! വിമ്മിഷ്ടപ്പെട്ട നിൽക്കുന്ന അന്തരീക്ഷം.

ശാ—ഇന്നുനാലുമാസം തികഞ്ഞുനാം ഇവിടെ എത്തിയിട്ട്.

ഭാ—നാലുമാസങ്ങളോ! (ദീർഘനിശ്വാസം)

ശാ—എനിക്കു ഇന്നു കിട്ടിയിട്ടുള്ള ബഹുമതികളും, എന്തുയാണ്!

ഭാ--പക്ഷെ എന്തിനാണ് അങ്ങയ്ക്കു ഇവ തരുന്നതെന്ന് ലോകമറിയുമ്പോൾ.....

ശാ--ഇല്ല. പ്രധാനപ്പെട്ട ഗവേഷണങ്ങൾക്കു് എന്താണപ്രഖ്യാപനം!

ഭാ--(ദീർഘനിശ്വാസം) എനിക്കു്.....(അസഹനീയത)

ശാ--പറയു? എന്തു്?

ഭാ--ഉർദേവതകളുടെ ഗ്രഹാന്തർഭാഗത്തിലെ ഭീകരതയും മൂകതയും ഇവിടെ അനുഭവപ്പെടുന്നു.

ശാ--അതല്ല പറയാൻവന്നതു്. എന്തെന്നുപറയു!

ഭാ--പിന്നെ....പിന്നെ....(അർത്ഥോക്തിയിൽ വിരമിക്കുന്നു)

ശാ--അംഗീകരിക്കപ്പെടുന്നതിനു നാം ഇന്നു് അതിപ്രധാന്യമർഹിക്കുന്നവരായിരിക്കണം.

ഭാ--പക്ഷെ അസ്വതന്ത്രർ. അസ്വതന്ത്രർ അയി

ശാ--നേരാണ്.

ഭാ--ബഹുമതികൾക്കും പ്രധാന്യത്തിനും സ്വയം വിൽക്കപ്പെട്ടവരായി!

ശാ--വരൂ അ ഗവേഷണ മുറിയിലേക്കു പോകാം,

ഭാ--എന്തിനു്? എനിക്കു ഭയമാണവിടെ വേണ്ടാ!

ശാ ഭയപ്പെടാനൊന്നുമില്ല.

ഭാ--ഉപയോഗത്തിനു പകരം ഉപദ്രവം സൃഷ്ടിക്കാനുള്ള പ്രയത്നശാലയിൽ!....ഇല്ല....

ശാ—അതൊക്കെയിനി പറഞ്ഞിട്ടു കാര്യമില്ല.

ഭാ--കാര്യമില്ല കാര്യമില്ല.

ശാ—ഈ കതകു തുറന്നാൽ മതി.....(കതകിൽ തട്ടുന്നു)

ഭാ--അതു പ്രേതലോകത്തിലേയ്ക്കു കാലുകുത്താൻ. അല്ലേ?

ശാ--പ്രേതലോകം..... പ്രേതലോകം.

ഭാ--വേദനിക്കുന്ന മനുഷ്യനാശ്വാസം നൽകാൻ ശ്രമിച്ചവനാണ് അങ്ങു്!

ശാ--അതെ. ഇന്നു ഈ നിലയിൽ എത്തിയിരിക്കുന്നു. (കതകു തുറക്കുന്ന ശബ്ദം)

ശാ ഏതാ ഈ ഉപകരണം നോക്കു (ഗ്ലാസ് ഇട്ടുന്ന ശബ്ദം) അതിലുള്ള ദ്രാവകം (കുലുക്കുന്ന ശബ്ദം) ഇതിൽ.....

ഭാ—എന്താണിതു്?

ശാ--അറിഞ്ഞുകൂടേ?

ഭാ—എന്തെന്നു പരിശോധിച്ചിട്ടില്ല. ഇതു് എത്ര ചെറിയ ഗ്ലാസ് ട്യൂബ്.

ശാ--ചെറുതായിരിക്കും. പക്ഷെ അനന്തമായ ശക്തിവിശേഷം അതിൽ അടങ്ങിയിട്ടുണ്ട്.

ഭാ--എന്താണതു്?

ശാ--എന്താണെന്നു് എനിക്കും മനസ്സിലായികഴിഞ്ഞിട്ടില്ല പക്ഷേ ഞാൻ പരീക്ഷിച്ചുനോക്കി. നോക്കു. (കലത്തികുലുക്കുന്നു)

ശാ--ഇതിൽ എത്ര നിസ്സാരമായ അംശമാണെന്നു നോക്കുക. പിന്നെ അതിന്റെ വിജ്ഞാനമോ?

ഭാ—പേടിയാകുന്നു.

ശാ—ഈ പതിഞ്ഞ ശബ്ദമല്ലാതെ കാണാനൊട്ടു സാധ്യവുമല്ല!

ഭാ—കഷ്ടം.

ശാ കോടാനുകോടി ഒന്നിച്ചു ചേർന്നാലെ ഈ ശബ്ദംതന്നെയുള്ളു.

ഭാ—അവക്കു് ശബ്ദമെന്തിനു്?

ശാ—ഇതുപോലെ മറ്റു പല അണുവർഗ്ഗങ്ങളും നമുക്കു വളർത്താൻ കഴിയും.

ഭാ ഓഹോ. അതുകൊണ്ടു് അതുക്കെന്തു പ്രയോജനം.

ശാ--പ്രയോജനമുണ്ടു്.

ഭാ--നശീകരണത്തിനു്? അല്ലേ (ഊർജ്ജിതമായി) അല്ലേ?

ശാ--അതെ.

ഭാ--അതെ. അതെ, (പല്ലുകടിച്ചു്) അതെ!

ശാ—നാട്ടിനുവേണ്ടിയുള്ള ഒരു സേവനമാണു്.

ഭാ—ഈ നശീകരണമോ?

ശാ—അതെ.

ഭാ—എന്തു്?

ശാ--സമാധാനകാലത്തല്ല!

ഭാ--പിന്നെ?

ശാ--യുദ്ധകാലത്തു്.

ഭാ--യുദ്ധമെന്തിനു്? (ശക്തിയായി) യുദ്ധമെന്തിനു്?

ശാ--അതു നാം അന്വേഷിക്കേണ്ടതല്ല.

ഭാ--പിന്നെ ആരാണ് അന്വേഷിക്കേണ്ടതു്.

ശാ--സേവനം! രാജ്യസേവനം! ആപൽസന്ധികളിൽ ജയത്തിനുള്ള മാർഗ്ഗം. അതു മാത്രമാണ് കർത്തവ്യം.

ഭാ—പക്ഷെ ഇന്നു യുദ്ധമില്ലല്ലൊ?

ശാ—ഏങ്കിലും അതെപ്പോഴും ഉണ്ടാകാം.

ഭാ--മനുഷ്യരാശിയുടെ-അതെന്തിനു്? രാഷ്ട്രങ്ങളുടെ സംസ്കാരം....(പുച്ഛമായി ചിരിക്കുന്നു.)

ശാ—യുദ്ധമുണ്ടായാൽ എന്റെ അണു അയുധങ്ങൾ

ഭാ എന്തു്?

ശാ നീ അതു് അറിഞ്ഞിട്ടില്ല! ഇനി അറിയണം! ഞാൻ മറയ്ക്കുന്നില്ല!

ഭാ—എന്താണീ പറയുന്നതു്.

ശാ ഈ ഗവേഷണശാലക്കു പുറം എന്തിനാണ ഈ സംരക്ഷണനടപടികൾ.

ഭാ—ഗവേഷണശാല അയതുകൊണ്ടു് അയിരിക്കാം

ശാ--അല്ല! എന്റെ ഗവേഷണം യുദ്ധതന്ത്ര പ്രാധാന്യമുള്ളതാണ്.

ഭാ—യുദ്ധതന്ത്രം!

ശാ--അതെ. രാജ്യരക്ഷാപരമായ....

ഭാ--രോഗാണുക്കളും രാജ്യരക്ഷയും തമ്മിലെന്തു ബന്ധം.?

ശാ--ഉണ്ടു്. അതു് ഏറ്റവും വിലവയ്ക്കപ്പെട്ട ഒരായുധമാണ്ണ്!

ഭാ--അണു, അണു കളിപറയരുതു്?

ശാ—കളിയല്ല. ഏറ്റവും ഗൗരവമേറിയ കാര്യമാണ് പറയുന്നതു്!

ഭാ--ഏങ്കിൽ എനിക്കു് ചിലതു്.....!

ശാ എന്തു്?

ഭാ--പറയാനുണ്ടു്.

ശാ--പറയു.

ഭാ--ഇതു നിർത്തണം. ഈ ശ്രമങ്ങളം നിർത്തണം!

ശാ--കളി പറയരുതു്.

ഭാ--കളിയല്ല. ഇതു വേണ്ടാ. നമുക്കുവേണ്ടാ!....അന്നു് (ശൽശബ്ദത്തോടെ) ആ ദിവസം അതൊന്നോർമ്മിക്കുക (വിങ്ങുന്നു.)

ശാ--എന്തിനു്?

ഭാ--അങ്ങയുടെ മാതൃദീപം! എന്റെ പൊന്നു മകൻ!.....ഹാ! അണഞ്ഞ ആ ദീപം, ഗവേഷണത്തിനു പ്രോത്സാഹനം തരാനായി തെളിഞ്ഞ ആ ദിവസം

ശാ--(ശോകത്തോടെ) അതെനിക്കു് ഓർമ്മയുണ്ടു്.

ഭാ--ഇല്ല. ഉണ്ടായിരുന്നെങ്കിൽ.

ശാ ഉണ്ടു്.

ഭാ—പിന്നെ ഈ നശീകരണത്തിനു സഹായിക്കുന്നതു്?

ശാ--അന്നത്തെ അല്ല ഇന്നു ഞാൻ.

ഭാ—എങ്കിലും.

ശാ—അന്നു സർവ്വതന്ത്ര സ്വതന്ത്രൻ! അന്യനുവേണ്ടി തലച്ചോറുവിറ്റ മനുഷ്യൻ!

ഭാ ആ ശപിക്കപ്പെട്ട നിമിഷം.

ശാ—ഞാൻപ്രതീക്ഷിച്ചില്ല ഇത്രമാത്രം വ്യഥിയാനമുണ്ടാകുമെന്നു്.

ഭാ അതോർമ്മയുണ്ടെങ്കിൽ ഈ പരിശ്രമങ്ങളം.....

ശാ—നിറുത്താൻ അവുകയില്ല. മുന്നോട്ടു പോവിനു്.....

ഭാ—ആ ചോര വേണ്ടെന്നു വയ്ക്കാലോ.

ശാ--എന്റെ ഈ മഹോന്നത സ്ഥാനം, സ്വാധീനം, ബഹുമതികളം....

ഭാ--അവയൊക്കെ നിസ്സാരമാണ്.....

ശാ--നിസ്സാരമല്ല.

ഭാ--ചങ്ങലകളാണ്....

ശാ--പക്ഷേ മനുഷ്യൻ ബലഹീനനാണ്.

ഭാ--ഒരുപാട്ടിപ്പോരിയൻ സ്വമിക്കുന്നതെ..

ശാ--അതിനെനിക്ക് കഴിഞ്ഞില്ല.

ഭാ--അങ്ങയുടെ പ്രതിജ്ഞ.

ശാ--(ദീർഘനിശ്വാസം) ഉം.

ഭാ--മനുഷ്യരാശിയുടെ വേദന കുറക്കാൻ ജീവിതം....അർപ്പിച്ച....

ശാ--(അസഹനീയമായി) ഉം

ഭാ--അതോർമ്മിക്കണം.

ശാ--ഞാൻ എന്റെ ഗവേഷണ ഫലങ്ങളും എഴുതിക്കഴിഞ്ഞു.

ഭാ--എന്തു?

ശാ--അതു റിപ്പോർട്ട് നാളെ അധികാരികളെ ഏൽപ്പിക്കും.

ഭാ--ഏൽപ്പിച്ചാൽ?

ശാ--ഏൽപ്പിച്ചാൽ വൻതോതിലുള്ള അതിജനന നിർമ്മാണം തുടങ്ങും

ഭാ ജീവന്റെ സംഹാരത്തിനുള്ള....

ശാ--അതേ പക്ഷേ ശത്രുക്കളും.

ഭാ--ശത്രുക്കളും. അങ്ങിനൊരു ശത്രുണ്ടോ?

ശാ--കളി പറയുന്നു!

ഭാ--ശത്രുക്കളെ സൃഷ്ടിക്കുന്നതു് അവനവൻ തന്നെ. അവരെ മിത്രങ്ങളാക്കാനും അവനവനു സാധിക്കും. ഇതു് നശീകരണമാണ്.

ശാ--ആയിരിക്കാം.

ഭാ--അതുകൊണ്ടാണു് ഞാൻ പറയുന്നതു്.

ശാ--എന്തു്?

ഭാ--അതു്....അതു്.

ശാ--ആലോചിക്കുമ്പോൾ ഭയം തോന്നുന്നു! ഭയം തോന്നുന്നു!

ഭാ:--ഹൊ. കഷ്ടം!

ശാ--ഒരെണ്ണം പ്രയോഗിച്ചാൽ. (സപ്തർഷിമണ്ഡലത്തിലേയ്ക്കു നിലയ്ക്കുന്നു.)

ഭാ -(ആവേശത്തോടെ) പ്രയോഗിച്ചാൽ?

ശാ--പതിനായിരക്കണക്കിനു്.....പതിനായിരക്കണക്കിനു്....

ഭാ--തുലയും അല്ലേ.

ശാ അതെ! തുലയും!....

ഭാ--യുദ്ധത്തിലേർപ്പെട്ടിരിക്കുന്നവർ മാത്രമോ?....

ശാ അല്ല.

ഭാ അതിനു് യൂണിഫാറം ഇട്ടവനാണോയെന്നൊന്നു നോട്ടവുമില്ല അല്ലേ?

ശാ—അതെ.

ഭാ ഒന്നുമറിയാത്ത പിഞ്ചു കുഞ്ഞുമുതൽ....ജീവന്റെ നിലനിൽ പിനാധാരയായ മാതാവും എന്തിനു് യുദ്ധാൻവരെ.

ശാ--ഒന്നടങ്കം സംഹരിക്കും. എന്നമാത്രമല്ല.....!

ഭാ--പിന്നെ.

ശാ—മനുഷ്യൻ മാത്രമല്ല. മറ്റു ജീവികളും തുലയും.

ഭാ--ഹൊ. ഭയങ്കരം! ഞാനും ഒരു മാതാവായിരുന്നു (ശൽശബ്ദം)

ശാ—(കേൾക്കാത്ത മട്ടിൽ) എത്ര മഹത്വമുള്ള ഒരായുധമായിരിക്കും ഇതു്.

ഭാ--നമുക്കൊരു പിഞ്ചുപൈതൽ; ചിരിയും കളിയുംകൊണ്ടു് അന്തരീക്ഷം വിതുമ്പിനിന്ന നിമിഷങ്ങളും സൃഷ്ടിച്ച ഒരു പിഞ്ചുപൈതൽ (ശൽശബ്ദം)

ശാ--കഴിഞ്ഞതു കഴിഞ്ഞു

ഭാ നമുക്കു തോന്നിയതുപോലെ എല്ലാ മാതാപിതാക്കന്മാർക്കും അവരുടെ കുഞ്ഞുങ്ങളോടു വാത്സല്യം ഉണ്ടായിരിക്കും.

ശാ--ഉണ്ടായിരിക്കും.

ഭാ--അവരുടെ ആശകളുടെ കേന്ദ്രമായിരിക്കും സന്താനങ്ങൾ!

ശാ--സംശയമെന്തു്?

ഭാ—ലോകത്തിലിനിമുള്ളവരോടു ഞാനും ആവശ്യപ്പെടുകയാണു്. ഓരോരുത്തരുടെയുമെങ്കിലുമൊരു സന്താനമായിരിക്കും. ഓരോരുത്തർക്കും അമ്മമാർ കാണും. കൊച്ചു കുഞ്ഞുങ്ങളും കാണും.

ശാ—എന്തിനിതൊക്കെ പറയുന്നു?

ഭാ - വേദനിക്കാൻ വിസമ്മതിക്കുന്ന, വാത്സല്യം നിറഞ്ഞ ഹൃദയം. അവർക്കോരോരുത്തർക്കും കാണും.

ശാ (അസഹ്യമായി) ഉം.

ഭാ--ഞാൻ വേദനിച്ചതുപോലെ; ഇന്നും വേദനിക്കുന്നതുപോലെ; അവരുടെ ആനന്ദക്കണ്ണന്മാർ നശിച്ചാൽ, അവരും വേദനിക്കും.

ശാ ഇങ്ങനെ ചിന്തിച്ചാൽ.... അതിരില്ല!....വേണ്ടാ!....

ഭാ ചിന്തിക്കാതെന്തുചെയ്യും.

ശാ--പാടില്ല

ഭാ--(നിരാശത്തോടെ) പാടില്ല പാടില്ല. ഇങ്ങനെ ചിന്തിച്ചാൽ ലോകം നല്ല മാർഗ്ഗത്തിലേക്കു് തിരിയും (പെട്ടെന്നു) അല്ല ഇതിന്റെ രഹസ്യം അധികാരികൾക്കറിഞ്ഞുകൂടേ?

ശാ--എന്തു്?

ഭാ - പാടില്ല ഒരു മാതാവെന്ന നിലയിൽ ഞാൻ യാചിക്കുന്നതാണു്.

ശാ—(ഹാസ്യമായ ചിരി) സ്ത്രീ അബലയാണു്.

ഭാ--ആയിരിക്കും. അതുകൊണ്ടു് അവശ്യത്തിനാണു് ഈ നശീകരണായുധം.

ശാ--(ഹാസ്യമായി) ഉം?

ഭാ--മനുഷ്യരാശിക്കു് ഇതുകൊണ്ടു് എന്തു പ്രയോജനം?

ശാ--ഒന്നുമില്ലേ?

ഭാ—മൽസരത്തെ സഹായിക്കാനല്ലാതെ; അതില്ലാതാക്കാൻ ഇതു കൊണ്ടു്?

ശാ--സാധിച്ചേക്കും.

ഭാ--മനുഷ്യമനസ്സിലെ മൽസരമില്ലായ്മ സൃഷ്ടിക്കും! ശ്മശാനത്തിലെ ശാന്തത കൈവരുത്തും; തല യോളികൾക്കു്.....?

ശാ--നീയെന്താണുപറയുന്നതു്?

ഭാ—ഇതിന്റെ അനന്തരഫലം എന്തായിരിക്കും?

ശാ—അതു ഞാൻ നോക്കുന്നില്ല.

ഭാ--ഈ ഭൂമുഖത്തു് എന്തു നാശമായിരിക്കും കൈവരുത്തുന്നതു്?

ശാ—എങ്കിലും.....കൊടുങ്കാറ്റു കഴിഞ്ഞാലും ജീവൻ നിലനിൽക്കും!

ഭാ—മനുഷ്യരാശിയുടെ കരുതിയിൽ കൊട്ടനിൽക്കുന്നതു്.....?

ശാ--ഇതിനെയും അതിജീവിക്കാൻ മനുഷ്യന്റെ ബുദ്ധിവല്ലതും കണ്ടെത്തിയേയ്ക്കാം

ഭാ - അങ്ങയുടെ ആത്മാവെന്തു പറയുന്നു

ശാ ഞാൻ ബുദ്ധി പറയുന്നതേ കേൾക്കാറുള്ളൂ.

ഭാ -മനുഷ്യാത്മാവു് ബുദ്ധിയെക്കാളും മഹത്വമുള്ളതാണു്. ഒന്നാലോചിച്ചുനോക്കൂ, മനുഷ്യനില്ലാത്ത ഈ പ്രപഞ്ചത്തെ അനന്തകോടിവർഷങ്ങളായി നിയതിതന്നെ ആലോചിച്ചു വളർത്തിയ ജീവിതത്തെ അരനിമിഷംകൊണ്ടു നശിപ്പിക്കുക.

ശാ--നീയെന്നെ....വയ്യാ....(അസഹ്യത

ഭാ--പിശാചിന്റെ പ്രവർത്തിയായിരിക്കും അതു്.

ശാ--ഇതൊന്നും പറയരുതു്.

ഭാ—പറയാതെന്തു ചെയ്യും?

ശാ--അവരുടെ ചോറാണു നാം ഉണ്ണുന്നതു്.

ഭാ—അതെ. അതിനു് തയ്യാറായതാണു തെറ്റു്.

ശാ--എങ്കിലും അതിനു് ഉചിതം കാണിക്കണം.

ഭാ--നിഷ്ക്രമണം. അതാ അങ്ങോട്ടു നോക്കൂ. ഒരു സുന്ദരമാണു് ഈ പ്രകൃതി? എന്തൊരു ശാന്തിയാണു് ഇതിൽ ലയിച്ചു ചേർന്നിരിക്കുന്നതു്? ഈ വിശാലമണ്ഡലം ഒന്നു നോക്കൂ. നിലാവെളിച്ചത്തിൽ മുങ്ങിക്കുളിച്ചു നിൽക്കുന്ന പ്രപഞ്ചം! കിഴക്കൻ കുന്നുകൾ ശാന്തിയിൽ! നിലാവിൽ സുഖനിദ്രയിൽ ആസ്വദിക്കുകയാണു്! പുലരാൻപോകുന്ന പുണ്യപ്രഭാതത്തെപ്പറ്റി അവയും സ്വപ്നം കാണുകയായിരിക്കും. നാളെ....നാളെ....അതു് മഹത്തരമുള്ളതല്ലേ? അതില്ലാതാക്കിയാൽ?....?

ശാ - ഹൊ എന്തൊരു എന്തൊരു! അസഹ്യത! വയ്യ! വയ്യ!

ഭാ—അസഹനീയത!

ശാ--എങ്കിലും നിവൃത്തിയില്ല. എന്റെ ഗവേഷണഫലം.....

ഭാ--അതു് അറിയിക്കേണ്ട.

ശാ - പാടില്ല.

ഭാ പാപമാണു്.

ശാ--ആയാലും ഞാൻ....

ഭാ—നമുക്കവേണ്ടാ ഈ പ്രതാപങ്ങളും.

ശാ എന്റെ മനഃസമാധാനം നശിപ്പിക്കുന്നതു്....വയ്യാ!....

ഭാ—നിൽക്കൂ! പോകരുതു്.! പോകരുതു്!....

ശാ ഇല്ല ഞാൻ ഇവിടെ നിന്നാൽ (വേഗം പോകുന്ന ശബ്ദം)

ഭാ - (ശാന്ത ഗംഭീരമായി) പോയി! പോകട്ടെ. അദ്ദേഹത്തെ പരിവർത്തനം ചെയ്യുക സാധ്യമല്ല സാധ്യമല്ല! അതെ. അതു ചെയ്താലും ഞാൻ മനുഷ്യരാശിയെ രക്ഷിക്കും തീർച്ച.

രംഗം 6

(കോടതി. പതിഞ്ഞ സംസാരം മണിയടിക്കുമ്പോൾ ശാന്തഗംഭീരമായ നിശ്ശബ്ദത.)

ജഡ്ജി- പ്രതിയെ ഹാജരാക്കട്ടെ (ജനസംസാരം)

മണി (നിശ്ശബ്ദത)

ജ--പ്രതിക്കു പ്രസ്താവന ചെയ്യാം.

ഭാ--ബഹുമാനപ്പെട്ട കോടതി മുമ്പാകെ എനിക്കു അറിയിക്കാനുള്ളതു് ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ. ഞാൻ എന്റെമേൽ ചുമത്തിയിട്ടുള്ള കുറ്റം ശരിയാണു സമ്മതിക്കുന്നു. എന്റെ ഭർത്താവിനെ ഞാൻ വധിച്ചു. അദ്ദേഹത്തോടു്

ജ്യോഫ്രി ചോസർ

★ ശ്രീനി ★

സാഹിത്യത്തിലും പിതൃപുത്ര ബന്ധങ്ങളുണ്ട്. ഖെൻ ജാൺസന്റെ പുത്രന്മാരെന്ന് സ്വയം അവകാശപ്പെട്ടു കൊണ്ടിരുന്ന ഒരുസാഹിത്യകാരസംഘം ഇംഗ്ലീഷ് സാഹിത്യത്തിലുണ്ടായിരുന്നു. ഷേക്സ്പീയരുടെ മകനാണ് താനെന്ന് (ഉൽപ്രേക്ഷയിൽ മാത്രമല്ല, യാഥാർത്ഥ്യത്തിലും!) സർ വില്ല്യം ഡാവെനൻറ് എന്നൊരു നാടകകൃത്ത് പറഞ്ഞു നടന്നിരുന്നു. ഈ പിതൃപുത്രബന്ധങ്ങളിലെല്ലാം പഴക്കവും അംഗീകരണവും ലഭിച്ചിട്ടുള്ളത് ജ്യോഫ്രി ചോസർക്കാണ്. ഇംഗ്ലീഷ് പദ്യസാഹിത്യത്തിന്റെ പിതാവായി അദ്ദേഹത്തെ കരുതിപ്പോരുന്നു. പിതാവിനെപ്പിന്തിരിപ്പനായി കരുതുന്ന ഈ ജനകീയ യുഗത്തിൽപ്പോലും ചോസറിന്റെ പിതൃത്വം ചോദ്യംചെയ്യപ്പെട്ടിട്ടില്ല. സ്പെൻസർ, ഷേക്സ്പീയർ, മിൽട്ടൺ, ഡ്രൈഡൻ, വേർഡ്സ്വർത്തു് തുടങ്ങിയ ഇംഗ്ലീഷുകവിമുഖ്യരെല്ലാം ചോസറിനെ ഭക്ത്യാദരപുരസ്സരം വാഴ്ത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ കവിതാകുപ്പത്തിലെ വിജ്ഞാന തീർത്ഥം വയറുനിറയോളം കോരിക്കുടിച്ചു പുഷ്ടിയടഞ്ഞവരാണ് ഇവരെല്ലാം.

അന്നത്തെ ഇംഗ്ലീഷുസാഹിത്യം

പിതൃത്വത്തെപ്പറ്റിയുള്ള ഈ അവകാശവാദങ്ങളും എന്തൊക്കെയായാലും ഒരു കാര്യം വ്യക്തമാണ്. ചോസറിന്റെ കവിതകൾ വായിച്ചു രസിക്കുവാൻ ഇംഗ്ലീഷറിയാവുന്നവർക്കുപോലും പ്രയാസമത്രെ. ഇന്നു നാം അറിയുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്ന ഇംഗ്ലീഷിലല്ല അദ്ദേഹം കൃതികളെഴുതിയിട്ടുള്ളത്. 'ഓൾഡ് ഇംഗ്ലീഷ്' എന്നറിയപ്പെടുന്ന പ്രാകൃത ഇംഗ്ലീഷ് ഭാഷയിലാണ് അദ്ദേഹം കവിതകൾ രചിച്ചിട്ടുള്ളത്. ഇംഗ്ലീഷുകാർക്കുപോലും അത്യന്താശ്രമമായ ചോസർ കവിതകൾ, ഇംഗ്ലീഷറിയാൻപാടില്ലാത്ത വായനക്കാർക്ക് (അക്കൂട്ടത്തിൽ പെടുന്ന ബഹുഭൂരിപക്ഷം കേരളീയ ബന്ധുക്കളെ ഉദ്ദേശിച്ചാണ് ഈ ചെറു ലേഖനപരമ്പര) എങ്ങനെ അറിയുവാനും പഠിക്കുവാനും സാധിക്കും? കണ്ണശ്ശരാമായണവും, ഉണ്ണുനീലിസന്ദേശവും സാധാരണ മലയാളികൾക്കു വായിച്ചു രസിക്കുവാൻ പ്രയാസം. എന്നവച്ച് അവയുടെ അമൂല്യസ്വഭാവം നഷ്ടപ്പെടാറില്ലല്ലോ. അതുപോലെ ചോസറും അദ്ദേഹത്തിന്റെ കവിതകളും ഇംഗ്ലീഷുകാർക്കും ഇംഗ്ലീഷ് നല്ല വണ്ണമറിയാവുന്നവർക്കും വിലയിരുത്താനാവാത്ത ഒരമൂല്യനിധിയാണ്.

ചോസർ ജനിച്ചതു് 1340 ാമാണ്ടാണെന്നു ഗണിച്ചുപോരുന്നു (ഇപ്പോഴും അഭിപ്രായഭിന്നതയുണ്ട്) അതിനു മുമ്പുള്ള ഇംഗ്ലീഷ് സാഹിത്യത്തിന്റെ നില ശോചനീയമായിരുന്നു. ഗദ്യപദ്യശാഖകളിൽ ആ ഭാഷയുടെ മുതൽക്കൂട്ടുതുലോം പരിമിതമായിരുന്നു മാത്രമല്ല ഇംഗ്ലീഷ് ഭാഷയ്ക്കു ചണ്ഡാലത്വം പോലും കൽപ്പിച്ചിരുന്നു. ഇംഗ്ലണ്ടിലെ അന്നത്തെ സമൂഹനില ഒരു കാര്യം വ്യക്തമാക്കുന്നുണ്ട്. ഇംഗ്ലീഷുകാർ അടിമകളായിരുന്നു. (ഇന്നു സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ അനന്തിരാവകാശികൾ!) അവരെ ഭരിച്ചിരുന്നതു് ഫ്രാൻസിൽനിന്നു വന്ന വില്യം എന്ന വിജിഗീഷുവിന്റെ വംശപരമ്പരകളും രാജാവിന്റെയും പ്രഭുവിന്റെയും അരമനകളിലും കോടതികളിലും സ്കൂളുകളിലും പ്രഭ്വായിരുന്ന അംഗീകൃതഭാഷ. ജന്മിയുടെയും പ്രഭുവിന്റെയും അടിമയായ കൃഷിക്കാരൻ ഇംഗ്ലീഷുകാരെല്ലാം അങ്ങനെക്കാരായിരുന്നു—സംസാരിച്ചിരുന്നതു് ഇംഗ്ലീഷു ഭാഷയിലും! അങ്ങനെ അടിമയുടെ ഭാഷയായിരുന്ന അന്നു് ഇംഗ്ലീഷ്. ഈ സാമൂഹ്യ സാംസ്കാരിക പരിതഃസ്ഥിതികൾക്കെതിരായി ഇംഗ്ലണ്ടിലാകമനം ഭേദോദ്ദീപനം വിജൃംഭിതമായിക്കഴിഞ്ഞു. ഇംഗ്ലീഷ് ഭാഷയെ ഒരു സാഹിത്യഭാഷയും, പരിഷ്കൃത ഭാഷയുമാക്കുവാൻ അഭിമാനബോധമുള്ള ഇംഗ്ലീഷുകാർ വെമ്പൽ കൊണ്ടു വിദേശാധിപത്യത്തിനെതിരായ ഒരു മനോഭാവം കാട്ടുതീ പോലെ പടർന്നു പിടിച്ചു. ലണ്ടനിലും പരിസരങ്ങളിലുമുള്ള വളർന്നു കൊണ്ടിരുന്ന വർത്തക വർഗ്ഗമായിരുന്നു ഈ പുതിയ നവോത്ഥാനത്തിന്റെ മുന്നണി സേനകൾ. ആ വിപ്ലവ വർഗ്ഗത്തിന്റെ പ്രതിനിധിയാണ് ചോസർ. അങ്ങനെ അദ്ദേഹം ഒരു വിപ്ലവനേതാവാണ്. അധ്വാനിക്കുന്ന ജനങ്ങളുടെ ഭാഷയിൽ കവിതയെഴുതിയ ഒരു ജനകീയ കവിയാണ് ചോസർ. സ്വന്തം ഭാഷയേയും സ്വജനതയേയും പറ്റിയുള്ള അഭിമാനാദരബോധം ഉയിർക്കൊണ്ട ഉത്തിഷ്ണുമാനനായ ഒരു വ്യക്തിയെന്ന നിലയിലാണ് ചോസറെ ലോകം എന്നും അനുഭാവിക്കുക.

ജീവിതകഥാസംഗ്രഹം

പരിവർത്തനം വളർച്ചയെ പ്രാപിച്ചുകൊണ്ടിരിക്കുന്ന സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പരിതഃസ്ഥിതികളുടെ സൃഷ്ടിയാണ് പൊതുവെ. എങ്കിലും ശ്രേഷ്ഠമായ വ്യക്തിപ്രഭാവത്തിനു് അവിടെ സ്ഥാനമുണ്ട് അത്തരം വ്യക്തിത്വങ്ങളുടെ ചാരുമാണ് ആ ഭൗതിക പരിതഃസ്ഥിതികളെ കേന്ദ്രീകരിച്ചു ഫലപുഷ്ടമായിത്തീരുന്നതു്. ചോസറാണ് ആ യുഗത്തിന്റെ പ്രതിനിധി. അന്നു നിലവിലുണ്ടായിരുന്ന ജീവിതയാഥാർത്ഥ്യങ്ങളുടെ നിലപാടുകളും അദ്ദേഹത്തിൽ തെളിഞ്ഞുകാണാം. രാജപ്രീതിയും രാജസേവയുമുള്ള ഒരു പെരിയ വർത്തക കുടുംബത്തിലാണ് ചോസറിന്റെ ജനനം. കുട്ടിക്കാലത്തുതന്നെ അദ്ദേഹം ഒരു പ്രഭുകുടുംബത്തിലെ അന്തേവാസിയായിത്തീർന്നു. അന്നു് ഒരു പ്രഭുവിന്റെ ഉറക്കറയിൽ മെഴുകുതിരി പിടിക്കുകയായിരുന്ന പന്ത്രണ്ടോ പതിനാലോ വയസ്സുള്ള ആ ബാലന്റെ ജോലി, യൗവനപ്രാപ്തിയോടൊപ്പം സ്ഥലം മാറിയെന്നല്ലാതെ പഴയ ജോലി തുടർന്നു. ജോൺ ഓഫ് ഗാങ്ങ് എന്ന രാജമാതുലന്റെ അന്ത

എനിക്കുതോന്നിയിട്ടുള്ള സ്നേഹവും ബഹുമാനവും കൊണ്ടുമാത്രമാണു ചെയ്തതു്. (ജനശബ്ദം) മണി.

മസ്തി—നിശ്ശബ്ദത.

ഭാ—അദ്ദേഹത്തിന്റെ ഗവേഷണശ്രമങ്ങൾക്ക് പ്രേരകശക്തിയായിരുന്നതു മനുഷ്യസ്നേഹമായിരുന്നു. വേദനിപ്പിക്കുന്നവരെ ആശ്വസിപ്പിക്കുവാൻ, രോഗികളെ രക്ഷിക്കാൻ, എന്നാൽ.....എന്നാൽ..... അദ്ദേഹത്തിന്റെ ആ ശ്രമങ്ങളും വിരാമമിട്ടപ്പോൾ.... ....രോഗാണുക്കളെ മനുഷ്യസംഹാരത്തിനുള്ള ആയുധമാക്കി മാറ്റാൻ മാത്രം കുബുദ്ധിയായപ്പോൾ, ആ ആയുധത്തെ പരിപൂർണ്ണതയിലെത്തിച്ചപ്പോൾ, അതു് കൈവരുത്തിവെക്കുന്ന വിനകളെ കുറിച്ചു ബോധമുണ്ടായപ്പോൾ എന്റെ മാതൃത്വം അതിനെ നിഷേധിക്കുവാൻ തയ്യാറായി. അദ്ദേഹത്തിന്റെ ബുദ്ധി മനുഷ്യരാശിയുടെ ശത്രുവാകുന്നതെന്നു ഞാൻ തീർച്ചയാക്കി. അതുകണ്ടു പിടിത്തത്തിന്റെ ഭയങ്കരത്വം ക്രമേണ ക്രമേണ വ്യക്തമായി തുടങ്ങിയപ്പോൾ എന്റെ ആത്മാവു് എന്നെ ശാസിച്ചു തുടങ്ങി. ആ ശാസന എന്നെ അദ്ദേഹത്തെ നശിപ്പിക്കാൻ പ്രേരിപ്പിച്ചു. ഞാനതു ചെയ്തു. ഇത്രമാത്രമേ എനിക്കു പ്രസ്താവിക്കാനുള്ളു. എത്ര ശിക്ഷയും ഞാൻ സഹിച്ചുകൊള്ളാം (ജനശബ്ദം ക്രമേണ ലയിച്ചു പോകുന്നു.)

—

വാസിതം രാജപ്രീതിക്കും ജീവിത ത്തിൽ പടിപടിയായ ഉയർച്ചയ്ക്കും ഉപകരിച്ചു. പരിഷ്കൃതവും സംസ്കൃതവുമായ ഈ ഉപരിതലസമൂഹത്തിലെ ആശ്ലിതത്വം ചോസർക്ക് അമൂല്യമായ ഒരു കലാലയ ജീവിതവുമായിരുന്നു. ഫ്രഞ്ചു ഭാഷ വശമാക്കുവാൻ അദ്ദേഹത്തിനു സാധിച്ചതു് അന്നാണു്. ഇരുപതുവയസ്സിനു മുമ്പുതന്നെ ചോസർ ഒരു പടയാളിയായി രംഗപ്രവേശം ചെയ്ത യൂറോപ്യൻ പടനിലങ്ങളിലായിരുന്ന അദ്ദേഹം സമരത്തിന്റെ "ഹരിശ്രീ" കുറിച്ചുമു്. പക്ഷേ പാവം തടവുകാരനാക്കപ്പെട്ടു. എങ്കിലും അതു് പരോക്ഷമായി ഒരു ഭാഗ്യമായി കലാശിച്ചു. ഫ്രഞ്ചുസാഹിത്യം അന്നു വളരെയേറെ വികസിതമായിരുന്നു. അതുമായി ഒന്നു ഹൃദയം തുറന്നു രമിക്കുവാൻ ചോസർക്കു് ഈ കാലഘട്ടം പ്രയോജനപ്പെട്ടു. ഇംഗ്ലീഷ് രാജാവു് പിഴയൊടുക്കി ചോസറിന്റെ സ്വാതന്ത്ര്യം വിലയ്ക്കു വാങ്ങി. പെട്ടെന്നു് അത്യുന്നത പദവിയിൽ നിന്നു് വിശ്വസ്തനായ ഒരു രാജകീയദൂതനും രാജ്യതന്ത്രജ്ഞനുമായി അദ്ദേഹം ഉയർന്നു കഴിഞ്ഞിരുന്നു. ഇതിനിടെ പാർലമെന്റ് അംഗസ്ഥാനവും അദ്ദേഹത്തിനു കരഗതമായി. ധനാഗമമാർഗ്ഗങ്ങളും സുഗമമായി. നല്ല വരുമാനമുള്ള ഒരു കമ്മിഷണറായി ചോസർ നിയമിക്കപ്പെട്ടു.

രാജ്യകാര്യം സംബന്ധിച്ചു ചോസർക്കു് ഇറാലി, സ്പെയിൻ മുതലായ സ്ഥലങ്ങളിൽ യാത്രചെയ്യേണ്ടിവന്നിട്ടുണ്ടു്. ഈ സന്ദർശനങ്ങളും അദ്ദേഹത്തിന്റെയും ഇംഗ്ലീഷു് സാഹിത്യത്തിന്റെയും ചരിത്രത്തിൽ ഒരു നൂതനാദ്ധ്യായത്തെ കുറിക്കുന്ന ബൊക്കാച്ചിയോ, പീട്രാർക്കു് എന്നീ വിഖ്യാതരായ ഇറാലിയൻ സാഹിത്യസിംഹങ്ങളുമായി ചോസർ പരിചയപ്പെട്ടു. അവരുടെ മുൻഗാമിയും വിശ്വമഹാകവികളിൽ ഒരാളുമായ ഡാന്റേയുടെ കവിതകളും ഈ കാലത്താണു് ചോസർ വായിച്ചതു്. ഈ മൂവരും ശൈശവദശയിലിരുന്ന ഇറാലിയൻഭാഷയെ ഒരു സാഹിത്യഭാഷയാക്കി ഉയർത്തുവാൻ കിണഞ്ഞു യത്നിച്ചവരാണു്. അവരുടെ ഔത്സുക്യം ഒരു പകർച്ചവ്യാധിപോലെ ചോസറെയും പിടികൂടി. ഇംഗ്ലീഷ്ഭാഷയെ പരിഷ്കരിക്കണമെന്ന ഉൽക്കടമായ അഭിനിവേശം അദ്ദേഹത്തെ ഇയിടയ്ക്കു പിടികൂടിയതു്.

ഇറാലിയിൽനിന്നു മടങ്ങിയെത്തിയശേഷം ചോസറിന്റെ ജീവിതത്തിൽ പല പരിവർത്തനങ്ങളുമുണ്ടായി. അദ്ദേഹത്തിന്റെ സാമ്പത്തികസ്ഥിതി ക്ഷയിച്ചു. എങ്കിലും സ്നേഹമുള്ള ഒരു ഭാര്യയും ഇഷ്ടാനുസാരിയായ ഒരു കൂട്ടുകാരിയും—സരസ്വതി സ്വായത്തമായിരുന്ന ചോസർ നിരാശനാകേണ്ടിവന്നില്ല. അദ്ദേഹത്തിന്റെ ഏറ്റവും അമൂല്യമായ സാഹിത്യസൃഷ്ടി ഈ കാലഘട്ടത്തിലാണു്. 1400-ാമാണ്ടു് ചോസർ മരിച്ചു. ലണ്ടനിലെ വെസ്റ്റ്മിൻസ്റ്റർ ദേവാലയത്തിൽ രാജാക്കന്മാരോടൊപ്പം അദ്ദേഹം അടക്കം ചെയ്യപ്പെട്ട ഇംഗ്ലീഷു് കവി ചോസറാണു്.

ചോസറിന്റെ കൃതികൾ

ചോസറെന്നു് കേൾക്കുമ്പോൾ അദ്ദേഹത്തിന്റെ "കാന്റർബറി ടെയിൽസ്" നെയാണു് നാം സ്മരിക്കുക. ഇതുകൂടാതെ പല കവിതകളും അദ്ദേഹം രചിച്ചിട്ടുണ്ടു്. മുന്നു കാലഘട്ടങ്ങളായി അദ്ദേഹത്തിന്റെ സാഹിത്യജീവിതത്തെ വേർതിരിക്കാം. ആദ്യത്തെ കാലഘട്ടത്തിൽ ഫ്രഞ്ചുസാഹിത്യത്തിന്റെ തണലിലാണു് അദ്ദേഹത്തിന്റെ കവിതാകാമിനി അണിഞ്ഞൊരുങ്ങുന്നതു്. റോസാപ്പൂവിന്റെ പ്രണയകഥയെ നിറയെപ്പറ്റുന്ന വിശ്രുതമായ ഒരു ഫ്രഞ്ചു സാഹിത്യഗ്രന്ഥമായിരുന്നു അദ്ദേഹത്തിന്റെ മാതൃക. അതു് അദ്ദേഹം ഇംഗ്ലീഷിലേക്കു് വിവർത്തനം ചെയ്തു. സുന്ദരികളെയും അനുരൂപരായ കാമുകന്മാരെയും പറ്റിയുള്ള സല്ലപിക്കങ്ങളാണു് ഇതിവൃത്തം. നമ്മുടെ സാഹിത്യത്തിൽ സന്ദേശകാവ്യമെന്നപോലെ സല്ലപിതമായ പ്രേമകഥകൾക്കായിരുന്നു അന്നു് ഫ്രഞ്ചു സാഹിത്യത്തിൽ പ്രാമാന്യം. ഇംഗ്ലീഷു് സാഹിത്യത്തിൽ രണ്ടു നൂറ്റാണ്ടു കാലം പെണ്ണിന്റെയും പ്രേമത്തിന്റെയും ഈ പ്രവണത ഉജ്ജ്വലമായി പ്രകാശിച്ചിരുന്നു. ബുക്ക് ഓഫ് ദി ഡച്ചസ്സ്, പാർലമെന്റ് ഓഫ് ഫൗൾസ്, ഹൗസ് ഓഫ് ഫെയിം എന്നിവയൊക്കെ ഈ വകുപ്പിൽ പെടുന്ന ചോസർ കൃതികളാണു്.


ഇറാലിയിലെ സന്ദർശനത്തിന്റെ പ്രതിഫലനമാണു്, "ട്രോയിലസ് അൻഡ് ക്രൈസിഡ്" ഈ കഥയെ അടിസ്ഥാനപ്പെടുത്തി ഷേക്സ്പീയർ വിശ്രുതമായ ഒരു നാടകം രചിച്ചിട്ടുണ്ടു്. കാമാതുരനായ ഒരു യുവകോമളനായിരുന്നു ട്രോയിലസ്. ക്രൈസിഡാണെങ്കിൽ എളുപ്പം പ്രലോഭനത്തിനു് വശംവദയാകുന്ന ഒരു സൈരന്ധ്രിയാമം. ഇവരുടെ പ്രേമത്തിന്റെ ഫലപ്രാപ്തിയെ സഹായിക്കുവാൻ സന്നദ്ധനായ രസികനായ പെണ്ണിന്റെ മാതുലൻ, പണ്ടാരസു് അദ്ദേഹത്തിന്റെ സ്വഭാവാവിഷ്കരണത്തിലാണു് ചോസർ ഏറ്റവുമധികം വിജയിച്ചിരിക്കുന്നതു്. ഇന്നും അയാളും അതുല്യനായ ഒരു കഥാപാത്രമാണു്.

മോഷണവും, അനുകരണവും അനുരഞ്ജനവും എല്ലാം ചോസറിന്റെ രാസതന്ത്രത്തിൽ പെടുന്നു. ഫ്രഞ്ചും ഇറാലിയനും സാഹിത്യഭണ്ഡാഗാരങ്ങൾ ചോരണംചെയ്ത ചോസർ സ്വതന്ത്രമായ സാഹിത്യസൃഷ്ടിയിലേക്കാണു് പിന്നീടു തിരിഞ്ഞതു്. അതിന്റെ ഉത്തമ ഫലമാണു് "കാന്റർബറി ടെയിൽസ്" ലണ്ടനിലെ ടാബാർഡ് ഇന്നിൽ (ഹോട്ടൽസങ്കേതം) നിന്നും ഒരു സുപ്രഭാതത്തിൽ കാന്റർബറി ദേവാലയത്തിലേക്കു യാത്രതിരിച്ച മുപ്പതിൽപരം തീർത്ഥാടകരുടെ തൂലികാചിത്രങ്ങളും അദ്ദേഹം ആദ്യമായി രചിക്കുന്നു. മുട്ടനും, തെമ്മാടിയും, ഉദരനിർവ്വിശേഷമായ ഹോട്ടലുടമസ്ഥൻ ബെയിലി അവരുടെ നായകത്വം സ്വയം ഏറ്റെടുത്തു. നല്ലവരും ചീത്തയാളുകളും അവരിലുണ്ടു്. കൂട്ടത്തിനായ ഒരു ചെറുപ്പക്കാരൻ, അദ്ദേഹത്തിന്റെ പുത്രൻ, മാക്സ്ഫോർഡിന്റെ സൃഷ്ടിയായ ഒരു പുസ്തകപ്പുഴു, അവിവാഹിതയായ ഒരു ലേഡിലിക്ചാറെപ്പോലെ തൊട്ടാവാടിയുടെ അബലാഭാവവും സന്മാർഗ്ഗനിഷ്ഠയും നടിക്കുന്ന, തന്നെപ്പറ്റി നല്ല അഭിപ്രായമുള്ള, ഒരു കാൺവെന്റധിപ; സാധുവും സുശീലനുമായ ഒരു പാഴ്സൻ; ഒരു കൃഷിക്കാരൻ; കുതിരപോലെ കൊഴുത്തുരുണ്ടു് ഭോഗാസക്തനായ ഒരു പുരോഹിതൻ; സുന്ദരികളായ രണ്ടുകുട്ടികളെ കുമ്പസാരിപ്പിച്ചശേഷം, അവർക്കു ഭർത്താക്കന്മാരെ അന്വേഷിക്കുന്ന മറ്റൊരു പുരോഹിതൻ; തടിച്ചുകൊഴുത്ത മോപ്പസാങ്ങിന്റെ "മാംസപിണ്ഡം" പോലെ കാമമൂർച്ഛയും തുടുത്തു മലർന്ന ചുണ്ടും അകർന്ന പല്ലുകളും, ചുവന്ന തുവാലകൊണ്ടു മൂടിയ തലയിൽ കെട്ടും ഒക്കെയുള്ള മദ്ധ്യവയസ്കയായ ബാത്തിലെ സ്ത്രീ; പമ്പര വിഡ്ഢിയും മഹാനുമായ കവി ചോസർ തന്നെ; ഇവരൊക്കെ "പുണ്യം" തേടിപ്പോകുന്ന ആ തീർത്ഥാടക സംഘത്തിൽപെടുന്നു. ഇവരെല്ലാം യാത്രാമദ്ധ്യേ കഥകൾ പറയുന്നുണ്ടു്. ഓരോരുത്തരും താന്താങ്ങൾക്കിഷ്ടപ്പെട്ട കഥകളാണു് പറയുന്നതു്. അവ ഏതുയേറെ ആസ്വാദ്യകരങ്ങളാണെന്നു് വ്യാഖ്യാനിച്ചുതന്നെ അറിയണം. ആ ഗ്രന്ഥം അപൂർണ്ണമായി അവശേഷിക്കുകയാണു്.

ഫലിതപ്രിയനും റിയലിസ്റ്റും

ഒന്നാംതരം സ്വഭാവാവിഷ്കരണങ്ങളെന്ന നിലയിൽ ഈ ചിത്രങ്ങൾ അമൂല്യങ്ങളാണു്. എന്നാൽ സമകാലീന ലണ്ടന്റെയഥാതഥമായ ഒരു ചിത്രമെന്ന നിലയിൽ അവയ്ക്കു് അതിലേറെ പ്രാമാണ്യമുണ്ടു്. ഒരു ചരിത്രഗ്രന്ഥത്തേക്കാൾ സവിസ്തരമായി ചോസർ അക്കാലത്തെ സമൂഹനിലയെ സാക്ഷാത്കരിച്ചിരിക്കുന്നു. മലയാള കവികളിലാണെങ്കിൽ കുഞ്ചൻനമ്പ്യാരോടാണു് ചോസറെ ഉപമിക്കാവുന്നതു്. നമ്പ്യാരുടെ ഫലിതം ഒരു പരിധിവരെ വിഭ്രമത്തോടും സ്വാഭാവികതയോടുംകൂടി ചോസറിൽനിന്നു ഉരിയാടുന്നതു കാണാം. ഷേക്സ്പീയർ, ഫീൽഡിങ് മുതലായവരെപ്പോലെ ഒരു ഫലിതസാഹിത്യകാരനെന്ന നിലയിൽ ചോസർക്കും വിശ്വസാഹിത്യത്തിൽ അഭിമതീയമായ ഒരു സ്ഥാനമുണ്ടു്. ഈ ചെറുലേഖനപരിധിയിൽ ചോസറിന്റെ ഫലിതസാഗരത്തെ സ്പർശിക്കുവാൻപോലും സാധ്യമല്ല.

ഇംഗ്ലീഷ് കവിതയുടെയും സാഹിത്യത്തിന്റെയും ജനയിതാവു് ചുറുചുറുപ്പും കണ്ട ജീവിതയാഥാർത്ഥ്യങ്ങളെ പകർത്തുകയും പ്രതിനിധീകരിക്കുകയും ചെയ്ത പുരോഗമനസ്വഭാവമുള്ള ഒരു ജനകീയ കവി, ഉന്നതനായ ഒരു കലാകാരൻ, വിനോദപ്രിയനും പരിഹാസകുതുകിയുമായ ഒരു ഫലിതസാമ്രാട്ട് എന്നീ നിലകളിലൊക്കെ ചോസർ വിശ്വസാഹിത്യത്തിലെ ഒരു കെടാവിളക്കായി എന്നെന്നും പ്രശോഭിക്കുക തന്നെ ചെയ്യും,



ഹ! നല്ല മഴ. രാത്രിയായതുകൊണ്ട് നല്ല ഇരുട്ടും. കാറ്റുകൊണ്ട് വെള്ളം അടിച്ചു അകത്തു കയറുന്നു. മഴയത്തു് ഇവിടെ ചില സ്ഥലങ്ങളിൽ വെള്ളം പൊങ്ങി. വയലുകളും തോട്ടുകളും മറ്റും കവിഞ്ഞൊഴുകി. അതിന്റെ കൂടെയിൽ താമസിച്ചിരുന്ന അനേകം സാധുക്കൾക്ക് വീടും കുടിയുമില്ലാതായി. അവരുടെ കുനിപ്പിടിച്ചു നിന്നിരുന്ന കുടിലുകളെ കാറ്റ് അടിച്ചു താഴത്തിട്ടു. വെള്ളം വാരിച്ചിഴച്ചുകൊണ്ടുപോയി. അവർ ഇനി എന്താണു ചെയ്യുക. പെരുമഴയത്തു് സംഭവിച്ച ഈ അത്യാഹിതങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നോയി ശവമെൻറ് ചില നടപടികളും എടുത്തു കഴിഞ്ഞു പുരകൾവയ്ക്കുവാൻ കുപയും, തുണിയും, ആഹാരസാധനങ്ങളും കൊടുക്കുന്നുവെന്ന് കേട്ടറിഞ്ഞു. ഇതുകേട്ടപ്പോൾ തിരുവനന്തപുരത്തു മാത്രമല്ല, മിക്കവാറും എല്ലാ സ്ഥലങ്ങളിലും ഇതു തന്നെ അയിരിക്കാം ഗതി എന്ന് വിചാരിച്ചു. നിങ്ങളുടെ അവിടെ ഇങ്ങനെയുള്ള വിശേഷങ്ങൾ വല്ലതും ഉണ്ടോ? ഉണ്ടായിരിക്കും അല്ലേ?

ധാരാളംപേർ കഴിഞ്ഞ ചോദ്യത്തിനു് ഉത്തരം അയച്ചിട്ടുണ്ട് തുരിയുത്തരം അയച്ചവരുടെ പേരുകൾ പ്രസിദ്ധംചെയ്യുന്നു. ഈയാഴ്ച പ്രസിദ്ധപ്പെടുത്തുന്ന ചോദ്യങ്ങൾക്കു് ഉത്തരം കണ്ടുപിടിച്ചു് അയക്കണേ! ശേഷം അടുത്തയാഴ്ച.

എന്നു്,
സ്വന്തം ചേച്ചി.

ശരിയുത്തരം അയച്ചവർ.

എൻ. വിജയൻ	365	നെടുങ്ങണ്ട.
എസ്. രാജലക്ഷ്മിഅമ്മ	2472	കിളിയൂർ
എം. വിനയചന്ദ്രൻ	2369	കൊല്ലം
എം. വാമദേവൻ	1506	നെല്ലുണിക്കൽ
V. N. ബാബു S. C. ബോസ്	3535	കോട്ടയം
എം. സി. മുരളി	2465	കൊട്ടാരക്കര
കെ. എസ്. ശാന്തകുമാരി	2062	വയലയ്ൻറെകഴി
എ. എം. സഹീദ്	1970	ബാലരാമപുരം
എൻ. കെ. മധുസൂദനൻ	2172	അർത്തുങ്കൽ
എ. ജമാൽമഹമ്മദ്	2417	അലപ്പുഴ
ദേവമ്മ	2524	പ്രാക്കുളം
വി. കെ. ശശിധരൻ	826	നന്ത്യാട്ടുകുളം
സച്ചിദാനന്ദകുമാരി	2302	കൊല്ലം
കെ. ബാഹുലേയൻ	2283	ഇരയിലി
റ്റി. ഡി. സദാശിവൻ	1621	പെരിനാട്
കെ രഘുനാഥ്	1967	മുരുക്കുംപുഴ
പി. ഡി. ജോർജ്ജ്	2573	ചെങ്ങന്നൂർ
പി. സോമശേഖരൻനായർ	2275	വട്ടിയൂർക്കാവു്
കെ. ശ്രീനിവാസൻ	2460	കൈയ്യൂർ
ബി. ഗോപിനാഥ്	259	വക്കം
ആർ. അനിരുദ്ധൻ	2543	പാരിപ്പള്ളി
എസ്. വിജയലാൽ	1233	വക്കം
ഡൊണാറാസ്		പേട്ട
കെ. അലിയാരുകുഞ്ഞു്		കോട്ടയം

കെ. എസ് ശാന്തകുമാരി 2062 വയലയ്ൻറെകഴി

ശരിയുത്തരം: I. ഇട 3, പക്ഷി 4. II 8 വർഷം.

ചോദ്യങ്ങൾ

പി. കെ. ജോർജ്ജ് ചെങ്ങന്നൂർ അയച്ചതു്

1. 45-നെ നാലു സംഖ്യകളായി പിരിക്കുക. ആദ്യത്തെ സംഖ്യയുടെകൂടെ 2 കൂട്ടിയാലും, രണ്ടാമത്തെസംഖ്യയിൽനിന്നും 2 കുറച്ചാലും, മൂന്നാമത്തെസംഖ്യയെ 2 കൊണ്ടു ഗുണിച്ചാലും, നാലാമത്തെ സംഖ്യയെ 2 കൊണ്ടു് ഹരിച്ചാലും ഫലം ഒന്നുതന്നെ ആയിരിക്കും. എന്നാൽ സംഖ്യകൾ ഏതെല്ലാം?

കെ. രഘുനാഥൻ, മുരുക്കുംപുഴ അയച്ചതു്.

2. ഒരു സംഖ്യയെ അതേ സംഖ്യകൊണ്ടു ഗുണിക്കുമ്പോൾ ആ സംഖ്യകൾ തമ്മിൽ കൂട്ടുന്നതിനേക്കാൾ കുറവായിരിക്കും. എന്നാൽ സംഖ്യകൾ ഏതെല്ലാം?

എം. വിശ്വംഭരൻ, ചങ്ങനാശ്ശേരി. അയച്ചതു്.

3. ഒരു ക്ലോക്ക് ഇപ്പോൾ 13 പ്രാവശ്യം അടിച്ചു. എന്നാൽ ഇപ്പോൾ സമയമെന്തായി?

4. ഒരു പക്ഷിയുടെ അമ്മു് മാർക്കു് നീളമുള്ള ഒരു കയറുകൊണ്ടു്. കെട്ടിയിരിക്കുന്നു. അതിനു് തിന്നാനായി പതിനഞ്ചുമാർ അകലെ പുല്ലു് ഇട്ടുകൊടുക്കുന്നു. പക്ഷി പുല്ലുതിന്നുമോ ഇല്ലയോ? കാരണസഹിതം ഉത്തരം പറയുക.

എം. വിനയചന്ദ്രൻ, കൊല്ലം അയച്ചതു്.

5 ഒരു വൃക്ഷം അതിനു 12 ശാഖകളും ഓരോ ശാഖയിലും 30 ഇല. 15 കറുത്ത ഇല. 15 വെളുത്ത ഇല. എന്നാൽ ആ വൃക്ഷത്തിന്റെ പേരെന്തു്?

ഉത്തരങ്ങൾ അടുത്ത പ്രാവശ്യം പ്രസിദ്ധപ്പെടുത്തുന്നതാണു്. ശരിയുത്തരം അയയ്ക്കുന്നവരുടെ പേരും.

വി. കെ. വിജയൻ, വൈയ്ക്കം. സമ്മാനങ്ങൾ എല്ലാപേർക്കും അയച്ചിട്ടുണ്ടെന്നു് അറിഞ്ഞു. കിട്ടിയാലുടൻ അറിയിക്കണേ. പരിഭവിക്കുവാനൊന്നുമില്ല എല്ലാം ചേച്ചി സാധിച്ചുതരാം. ചെറുകഥ ലഭിച്ചു. ഇതാ ഒരു കൂട്ടുകാരൻ. എത്രാമത്തെ കൂട്ടുകാരനാണെന്നറിയാമോ? കെ. ജി. നായർ, C/o റ്റി. വി. കൃഷ്ണഅയ്യർ, എല്ലുവിളവീട്ടു്, വഴുതയ്ക്കാട്ടു്, തിരുവനന്തപുരം.

കെ. വി. സുരേന്ദ്രൻ, കടയ്ക്കൽ. നിരാശ അല്പമെങ്കിലും കുറയുമോ ഇതുകണ്ടാൽ. എങ്കിൽ സന്തോഷമായി. പ്രതീക്ഷിക്കപ്പെട്ട കൂട്ടുകാരനാണിയാൾ. എം. ഗംഗാധരൻനായർ VI ഫോം, സെൻട്രൽ ഇംഗ്ലീഷ്ഹൈസ്കൂൾ, തിരുവനന്തപുരം.

സി. കലാഗോപാൽ, ചേന്ദമംഗലം. കവിത ലഭിച്ചു. പ്രസിദ്ധീകരിക്കാൻ ശ്രമിക്കാം. പിണക്കം മാറിയിരിക്കുമെന്നു വിശ്വസിക്കുന്നു. ചേച്ചിക്കു് പിണക്കമൊന്നുമില്ല.

എസ്. റഷീദാബീവി, പുന്നൂർ. കത്തു് അസ്സലായി. വായിച്ചു തുടങ്ങിയപ്പോൾ പേടിച്ചുപോയി. സത്യഗ്രഹവും, ജാഥയും മറ്റും വരുന്ന ദിവസം നേരത്തേ അറിയിക്കണേ? എന്തിനെന്നറിയാമോ കൂപ്പിതരാനല്ല, ഒളിച്ചിരിക്കാൻ.

ഉഷകുമാരി, പേട്ട. കുസൃതിയാണല്ലേ? സുധചേച്ചിയുടെ കയ്യിൽ നിന്നും തല്ലുവാങ്ങിക്കാതെ സൂക്ഷിക്കണേ! ചേച്ചിക്കു് ഉഷയേയും അമ്മിണിയേയും കാണാൻ അത്യാഗ്രഹമുണ്ടു്. വരുമല്ലോ? ഇതാകുട്ടുകാരി. ഉഷയ്ക്കു പറ്റിയ ആളുതന്നെ. പി. കെ. ഷീല, ശാന്തിഭവൻ, തണ്ണീർമുക്കം, ചേർത്ത.

ആർ. അനിരുദ്ധൻ, പാരിപ്പള്ളി. മാന്നിട്ടില്ല കൂട്ടുകാരനു് കത്തയക്കാഞ്ഞതു് എന്തുകൊണ്ടു്? അയാളം പരാതിപ്പെട്ടുണ്ടു്. അയാളെ പിണക്കല്ലേ! അശോകനെയും, പുഷ്പാൻസിനെയും ലീഗിൽ ചേരാൻ കുപ്പൺപൂർപ്പിച്ചയക്കണം.

സച്ചിദാനന്ദകുമാരി, കൊല്ലം. കൂട്ടുകാരിയെ പിണക്കരുതേ! പുതിയ പുതിയ അംഗങ്ങളുടെ പേരു പ്രസിദ്ധപ്പെടുത്തുന്നു. സിനിമാ പാട്ടിന്റെ റാക്കിനിൽ പാട്ടുകൾ എഴുതി അയക്കാം. വിരോധമില്ല.

എം. ദേവമ്മ, പ്രാക്കുളം. ഇതാ മറുപടി. ചേച്ചിക്ക് എല്ലാ വരോടും സ്നേഹമുണ്ട്. ഇതാ ഒരു കൂട്ടുകാരി. മൂന്നാം കൂട്ടുകാരിയെ പിണക്കി അല്ലേ? ബി. ജാനകുമാരി, കാരിയിൽ വീട്, പുതുപ്പള്ളി തെക്ക്, കായംകുളം.

ജെ. അനിരുദ്ധൻ, ചിറയിൻകീഴ്. അനുജനേയും അനുജത്തിയേയും ലീഗിൽ ചേർക്കൂ. കൃഷ്ണൻ പൂരിപ്പിച്ചുയച്ചാൽമതി അനിയന്റെ സുഖക്കേട് വിവരം അറിഞ്ഞതിൽ ഖേദിക്കുന്നു. ചേച്ചി ഒരു ഡാക്ടറായിരുന്നുവെങ്കിൽ മരുന്നും പറഞ്ഞുതരാമായിരുന്നു. പ്രസ്സിൽ ചോദിച്ചാൽ ചേച്ചിയുടെ വീട് കാണിച്ചുതരും.

കെ. വി. പത്മാവതിഅമ്മ, കൊല്ലം. സമ്മാനം അയച്ചുകഴിഞ്ഞെന്നു തോന്നുന്നു! കിട്ടിയെങ്കിൽ ഉടനെ അറിയിക്കണേ! പിന്നെന്തുണ്ട് വിശേഷങ്ങൾ. അറിയിക്കുമല്ലോ?

ലളിതാകുശൽ, നെടുമങ്ങാട്. അല്ലാ! സുഖക്കേടെല്ലാം കഴിഞ്ഞില്ലേ? ലേഖനം അയക്കൂ. വിനോദയാത്രയെപ്പറ്റിയുള്ള ലേഖനങ്ങളും അയക്കാം.

സി. വി. വാസന്തി, വെട്ടിക്കവല. ആ എഴുതിവച്ചിരിക്കുന്ന കഥ ഇങ്ങോട്ടയയ്ക്കൂ - എന്തിനാ ഭയപ്പെടുന്നതു്? നല്ലതാണെങ്കിൽ തീർച്ചയായും പ്രസിദ്ധീകരിക്കും.

പി. വി. ചിന്നമ്മ, വെട്ടിക്കവല. വല്ലതും അളകംകൂടാതെ കേൾക്കാൻ ഇമ്പമുള്ള ഒരു പാട്ടുപാടിയാൽ മതി. അതിനു് പ്രോവതിയെ എന്തു ചെയ്യാനാ? അത്മാത്മസ്നേഹത്തിന്റെ ഒരു മുത്തലെടുപ്പാണു് പ്രോവതി ചെയ്തതു്. നിങ്ങളുടെ സ്നേഹം വേണ്ടവിധത്തിൽ പരിപാലിച്ചാൽ എന്നെന്നും നിലനിൽക്കും. ഇതാ കൂട്ടുകാരി സി. ജി. അമ്പിളി, സുകുമാരവിലാസം, ഇരവിപുരം.

കെ. എജ്. പ്രഭാവതിഅമ്മ, മേലില. ചിത്രങ്ങൾ അയച്ചാൽ പ്രസിദ്ധീകരിക്കാൻ ശ്രമിക്കാം. ഒരു കൂട്ടുകാരി അന്വേഷിക്കുന്നു. സി. രമണീദേവി, ശങ്കരഭവൻ, നെടുമങ്ങാട്.

എൻ. സാവിത്രി, വെട്ടിക്കവല. സോദരീ, ഈ ലോകം അസൂയകൊണ്ടു നിറഞ്ഞതാണു്. അതിനു് നിങ്ങൾ കീഴ്പ്പെടാതെ മുന്നോട്ടു പോകുക. നിങ്ങളുടെ സ്നേഹം നിലനില്ക്കും. ചേച്ചിയുടെ അനുശംസകൾ.

കെ. എസ്. ശാന്തകുമാരി, വയലന്റെകുഴി കത്തു് നീണ്ടുപോയി. വളരെ സമയമെടുത്തു വായിച്ചുതീർക്കാൻ. ശാന്തയുടെ ഈ ആശകളെല്ലാം സാധിച്ചുതരണമെന്നാഗ്രഹമുണ്ടു്. പക്ഷേ; എന്തുചെയ്യാം? ഓ! സാരമില്ല.

പുതിയ അംഗങ്ങൾ

2642 കെ. കെ. ശിവശങ്കരപിള്ള ചവറ, 2643 കെ. വിശ്വനാഥൻനായർ മാവേലിക്കര, 2644 ഇ. എൻ. പുരുഷോത്തമൻ തണ്ണീർമുക്കം, 2645 ജി എൻ. സുധാകരൻ വെട്ടിക്കവല, 2646 വി. കെ. ഗോപിനാഥൻ ഒപ്പാൻകുന്നം, 2647 കെ. സി. രാജു പേരൂർക്കട, 2648 എൻ. വേലായുധൻനായർ കൊട്ടാരക്കര, 2649 റവ. എൻ. നാരായണൻഭട്ടതിരി കുടമാളൂർ, 2650 കെ. എസ്. ശശാങ്കകുമാർ പുന്നപ്ര, 2651 പി. ബാലരാമൻ കൊട്ടാരക്കര, 2652 ജി. ഉണ്ണിക്കൃഷ്ണൻനായർ വെട്ടിക്കവല, 2653 ആർ. ശിവശങ്കരൻ കൊല്ലം, 2654 സി. ഷൺമുഖം ശ്രീകാര്യം, 2655 പി. പുരുഷോത്തമൻ ചവറ, 2656 എം. ലീല മൺറോതുരുത്ത്, 2657 കെ ജയറാം പേട്ട, 2658 ലീലാകൃഷ്ണൻ കോട്ടയം.

തെരുവുതെണ്ടി

[എം. കെ. അയ്യപ്പൻപിള്ള നമ്പർ: 1266]

പാരിലീവിധായുദ്ധപ്പുറപ്പാടു നടത്തുന്ന-
ക്രൂരനാമെയാളിനും കേവലം പിച്ചക്കാരൻ
പാരിന്റെ വിരിമാറിൽ പാർപ്പിടം ചമയ്ക്കുവാ-
നാരുമില്ലയാരും ക്കിന്നൊരാലംബ മേകീടുവാൻ
തെണ്ടലാണയാളിനും തെരുവീഥികളും തോറും
രണ്ടു പാടുകസഹായത്താൽ നീങ്ങിയും നിരങ്ങിയും
രാവിന്നരുമസന്താനമാം കുപ്പായോം, പിച്ചച്ചട്ടിം
സ്വന്തമാണയാൾക്കിന്നും
ആരുമില്ലിടയൊന്നോതിടും, നമ്മൾ പക്ഷെ!!
താതനാണയാൾ ക്കിന്നവരും കണ്ണിൽപെട്ടാൽ
യാചന നടത്തുന്നു ഷില്ലിവാങ്ങുവാൻ പാവം
"അന്തിക്കു പശിതീർക്കാൻ തന്നിട്ടുപോണേ"
എന്നു കേണീടും പാവം! കഷ്ടം!!
ഏകുകില്ലെല്ലാവരു മെങ്കിലും പിച്ചച്ചട്ടി-
നീട്ടുവാൻ മടിക്കുകില്ലാരുടെ കൺമുമ്പിലും.
കളിപ്പിള്ളയെന്നു കരുതീട്ട തെരുവു പിള്ളേർ
കല്ലെറിഞ്ഞീടുമപ്പിഞ്ചിനി പാവത്തിനെ
പിച്ചച്ചോദിച്ചാൽ പിത്തലാട്ടം കളി-
പ്പിക്കും യുവാക്കളുമുണ്ടത്തെരുവീഥിയിൽ
ഇതൊക്കെ ഒരു നിയതീ നിയമമാണെന്നുള്ള
വിചാരം നമുക്കു സമാധാനത്തെ നല്കീടുന്നു.

ചെറുകഥ

ചേച്ചി

വൈക്കം വിജയൻ, നമ്പർ 6

തിക്കും തിരക്കുമുള്ള ആ കവലയിൽ ഞങ്ങൾ ബസ്സുകാത്തു നിൽക്കുകയായിരുന്നു; ഞാനും എന്റെ അമ്മയും. ആ പട്ടണത്തിന്റെ പ്രധാന കവലയാണതു്. എല്ലാ ബസ്സുകളും അവിടെ നിറുത്തും. അപകടരഹിതമായ വാഹനസഞ്ചാരത്തിനു് സൂചന നൽകാൻ ഒരു പോലീസുദ്യോഗസ്ഥൻ എപ്പോഴുമിക്കവലയിലുണ്ടാകും. പട്ടണത്തിലെ തിക്കും തിരക്കുമെല്ലാം ആ കവലയിൽ നോക്കിയാൽ കാണാം.

അരമണിക്കൂർകൂടി കഴിഞ്ഞേ ഞങ്ങൾക്കു പോകേണ്ടതായ ബസ്സു വരികയുള്ളൂ. അതൊരു ഭാഗ്യമായെന്നെനിക്കു തോന്നി. ആ കവലയിലെ ബഹളങ്ങളെല്ലാം കാണാൻ എനിക്കു ബഹുരസമാണു്. അൽപ്പം അകലെയായി ഒരു സ്ത്രീ നിന്നിരുന്നു. അതൊരു കോളേജ് വിദ്യാർത്ഥിനിയാണെന്നെനിക്കു തോന്നി. എങ്ങനെയെങ്കിലും അരമണിക്കൂർ സമയം കഴിക്കണമല്ലോ എന്നോർത്തപ്പോൾ അമ്മയ്ക്കതിയായ അസുഖം തോന്നി. അപ്പോഴാണു് അമ്മ ആ വിദ്യാർത്ഥിനിയെ കണ്ടതു്. അമ്മ ആ വിദ്യാർത്ഥിനിയുമായി സംസാരിക്കുവാൻ തുടങ്ങി. അമ്മയുടെ കയ്യിൽ തൂങ്ങിക്കൊണ്ടു് സമീപത്തു ഞാനും നിന്നു.

"എങ്ങോട്ടാ?"--അമ്മ ആ വിദ്യാർത്ഥിനിയോടു ചോദിച്ചു.

"കോട്ടയത്തിനു്"--അവർ മറുപടി പറഞ്ഞു.

"എക്സ്പ്രസ് വിടാൻ ഇനിയും അരമണിക്കൂർ കൂടി കഴിയണം. ഞങ്ങൾക്കും അതിനാണു പോകേണ്ടതു്"--അമ്മ പറഞ്ഞു.

"എങ്ങോട്ടാ?"

"വൈക്കത്തിനു്"--അമ്മ പറഞ്ഞു.

"എവിടെ നിന്നു വരുന്നു?"--അമ്മ അന്വേഷിച്ചു.

"ഞാൻ മദ്രാസിൽ നിന്നു വരികയാണു്. അവിടെ കോളേജിൽ പഠിക്കുകയാണു്"

അങ്ങനെ അവർ സംസാരത്തിൽ ലയിച്ചു. അതു കേൾക്കാൻ എനിക്കും കൗതുകം തോന്നി. നാട്ടുകാര്യങ്ങൾ, വീട്ടുവിശേഷങ്ങൾ തുടങ്ങിയ പല കാര്യങ്ങളെക്കുറിച്ചും അവർ സംസാരിക്കാൻ തുടങ്ങി. അമ്മയുടെ സാരിയുടെ അറ്റം കടിച്ചു ചവച്ചുകൊണ്ടു് ഞാനാസംഭാഷണം സശ്രദ്ധം കേട്ടുകൊണ്ടിരുന്നു.

"ശ്ശേ! അഴുക്കുപിടിച്ചവൻ!!"—സാരിത്തുമ്പു് എന്റെ വായിൽ നിന്നും പിടിച്ചു വലിച്ചെടുത്തിട്ടു്, അമ്മ എന്നെ ശാസിച്ചു.

എന്റെ വിഡ്ഢിത്തത്തിൽ എനിക്ക് ലജ്ജതോന്നി.

"മകനാണോ?"—ആ വിദ്യാർത്ഥിനി അമ്മയോട് ചോദിച്ചു.

"അതെ"

"ഏതു ക്ലാസ്സിൽ പഠിക്കുന്നു?"

'ഫോത്തിൽ"

"പേരെന്താ?"

"വിജയൻ"

"വലിയ കുസൃതിയാണല്ലേ?"—ചെറുതായൊന്നു ചിരിച്ചുകൊണ്ടാ വിദ്യാർത്ഥിനി എന്റെ നേരെ നോക്കിപ്പറഞ്ഞു.

ഞാൻ ചിരിച്ചുകൊണ്ടു തലകുനിച്ചു കളഞ്ഞു.

എന്റെ സ്വഭാവ ദുഷ്യങ്ങളും ഓരോന്നായി അമ്മ ആ വിദ്യാർത്ഥിനിയുടെ മുൻപിൽ നിരത്തിവയ്ക്കുവാൻ തുടങ്ങി. എനിയ്ക്കുണ്ടായ ദേഷ്യം തോന്നി. പക്ഷെ എന്തു ചെയ്യാനാണ്?

"ഓ, സാരമില്ല! കുസൃതിത്തരമെല്ലാം മാറിക്കൊള്ളും' എന്റെ തോളിൽ കൈ വച്ചുകൊണ്ടാ സ്ത്രീ പറഞ്ഞു വാസ്തവത്തിൽ എനിക്കാ 'ചേച്ചി'യോട് വലിയ ശ്രദ്ധിപത്തി തോന്നി.

ബസ്സുവന്നു. ഞങ്ങളും ബസ്സിൽ കയറി അമ്മയ്ക്ക് ആ സ്ത്രീ തന്റെ അഡ്രസ്സു പറഞ്ഞു കൊടുത്തു. ഞങ്ങളും വയ്ക്കത്തിറങ്ങി. ചേച്ചിയ്ക്ക് കോട്ടയത്തിനാണ് പോകേണ്ടതു്.

"കത്തയക്കണം, കേട്ടോ?--പോകട്ടെ വിജയാ?',--ചേച്ചി ഞങ്ങളോട് യാത്ര പറഞ്ഞു. മനസ്സു കഴിഞ്ഞ് ചേച്ചിയുടെ ഒരു കത്തു് അമ്മയ്ക്കു കിട്ടി. അതിൽ എന്റെ ക്ഷേമാന്വേഷണങ്ങളായിരുന്നു അധികമാശവും.

പിന്നീടു ഞാൻ ചേച്ചിയെ കണ്ടതു് മൂന്നു മാസങ്ങൾക്കു ശേഷമായിരുന്നു. പക്ഷെ എല്ലാ ആഴ്ചയും ചേച്ചി കത്തുകളയച്ചിരുന്നു. ഞാൻ എറണാകുളത്തിനുപോകാൻ ബസ്സുകയറി ആ ബസ്സിൽ ചേച്ചിയും ഉണ്ടായിരുന്നു. ഞങ്ങൾ ബസ്സിലിരുന്ന ധാരാളം സംസാരിച്ചു ചേച്ചിയുടെ വീട്ടിലേയ്ക്കുപോകുവാൻ എന്നെ വളരെ നിർബന്ധിച്ചു. പക്ഷെ എനിക്കു വേറെ പരിപാടികളുണ്ടായിരുന്നു. അതിനാൽ ഞാൻ വിസമ്മതിച്ചു, എന്നാൽ ആ വിസമ്മതങ്ങളെല്ലാം നിഷ്പ്രയോജനങ്ങളായിതീർന്നു. അവസാനം ചേച്ചിയുടെ വീട്ടിലേയ്ക്കുപോകുവാൻ ഞാൻ നിർബന്ധിതനായി ഞങ്ങളും എറണാകുളത്തിറങ്ങി. ചേച്ചിയ്ക്ക് ഡാക്ടറെ കാണേണ്ടിയിരുന്നു. ഞങ്ങളും ഒരുമിച്ച് ഗവൺമെൻറ് ഹോസ്പിറ്റലിലെത്തി. ഡാക്ടർ ചേച്ചിയെ പരിശോധിച്ചതിനുശേഷം പറഞ്ഞു, ഹൃദയത്തിനു സാരമായതകരാറുകളുണ്ടെന്നാണ് എനിക്കു വലിയ ഭയംതോന്നിയെങ്കിലും ചേച്ചി അതു കാര്യമാക്കിയില്ല ഞങ്ങളും കോട്ടയത്തേക്കുപോയി,

ആ വീടിന്റെ പരിസരം എനിക്കു നന്നേ പിടിച്ചു. ഗംഭീരമായ ഒരിരുനിലമാളിക മുറ്റവും പരിസരവും മംഗിയായിചരൽ വിരിച്ചിരുന്നു സുരഭിലവാഹികളായ പുഷ്പങ്ങളും നിറഞ്ഞ ഒരു ചെറിയ ആരാമം മുൻ വശത്തുണ്ടായിരുന്നു. പിന്നീടെനിക്കു മനസ്സിലായി, അതു ചേച്ചിയുടെ സ്വന്തപ്രയത്നത്തിന്റെ പരിണതഫലമാണെന്നു്.

അച്ഛനെയും അമ്മയേയും ചേച്ചി എന്നെ പരിചയപ്പെടുത്തി. വളരെ ഹൃദ്യമായ രീതിയിൽ അവരെന്നോടു പെരുമാറി. അടുത്തദിവസം ഞാനവിടെ നിന്നു തിരിയെ പോന്നു. ആ പരിസരവുമായി ഞാനകലുന്നോറും എന്റെ ഹൃദയം ആ പരിസരവുമായി കൂടുതൽ അടുക്കുകയാണു ചെയ്തതു്.

പിന്നീടു ഞാൻ രണ്ടുപ്രാവശ്യംകൂടി അവിടെ പോയിട്ടുണ്ടു്. ദിവസംപ്രതി ചേച്ചിയുടെ കത്തുകളും എനിക്കു കിട്ടിക്കൊണ്ടിരുന്നു. അവയിൽ പുതുമനിറഞ്ഞ വിശേഷങ്ങളും, ഓരോ കത്തിലുമുണ്ടാവും. മാസികയിലെ വിശേഷങ്ങളും, അവിടത്തെ മ്യൂസിയത്തിലെ വിശേഷങ്ങളും, കോളേജു സംഭവങ്ങളും, ചേച്ചി ഇൻറർ പാസായതു്, പാക്കിലെ വിശേഷങ്ങളും, പട്ടിണിമൂലമായ സ്ത്രീ തന്റെ കുട്ടിയെ മൂന്നുപ്രാവശ്യം വിറ്റകാര്യം, പണ്ഡിറ്റ് നെഹ്റുവിന്റെ മരണം സന്ദർശനം, പുതിയ മീൻപിടുത്ത കപ്പലിന്റെ വിശേഷം; അങ്ങിനെയങ്ങിനെ നീണ്ടുപോകുന്നു, ഓരോ കത്തിലെയും വിശേഷങ്ങൾ.

അവയെല്ലാം വായിച്ചുരിയുന്നതു് എനിക്കു വളരെ കൗതുകമുണ്ടാക്കുന്നു എല്ലാകത്തുകളും എന്നെസംബന്ധിച്ചിടത്തോളം വളരെ വിജ്ഞാനപ്രദങ്ങളായിരുന്നു.....

ആരെയും കാത്തുനിൽക്കാതെ കാലം മുന്നോട്ടുപോയി. ദിവസങ്ങളും ആഴ്ചകളും ഉടരെത്തുടരെ വന്നും പോയുമിരുന്നു. പല പല പുതിയസംഭവങ്ങളും ആവിർഭവിച്ചുകൊണ്ടിരുന്നു. ഞാൻ സ്കൂൾഫൈനൽ പാസായി. ചേച്ചിക്ക് കത്തെഴുതി വിവരം അറിയിച്ചു പക്ഷെ രണ്ടാഴ്ചയായിട്ടും മറുപടിവന്നില്ല. ഞാൻ വീണ്ടുമെഴുതി പക്ഷെ ഫലം ശൂന്യം. ചേച്ചിയുടെ വീട്ടിൽപോകുന്നതിനുതന്നെ അവസാനമായി ഞാൻ തീരുമാനിച്ചു ബസ്സ്റ്റാൻഡിൽനിന്നു നേരെ ഞാനാവീട്ടിലേയ്ക്കു നടന്നു. ഗയിറ്റടച്ചിരുന്നു. ഒരു ശോകമൂകത അവിടെ തങ്ങിനിൽക്കുന്നതായിതോന്നും. ഞാൻ സാവധാനത്തിൽ ഗയിറ്റുതുറന്നകത്തുകടന്നു ആ പരിസരം വാസ്തവത്തിൽ എന്നെ അത്ഭുതപ്പെടുത്തി. അത്യം ഞാനവിടെകണ്ട ശാന്തതയും സൗന്ദര്യവുമൊന്നും ഇന്നാ വീട്ടിനില്ല. മുറ്റംനിറയെ പുല്ലുകൾപിടിച്ചും പഴുത്ത ഇലകൾവീണും വൃത്തികേടായി കിടക്കുന്നു. മുൻവശത്തുള്ള ആ ചെറിയ പൂന്തോട്ടത്തിന്റെ സൗന്ദര്യമെല്ലാം എങ്ങോ അസ്തമിച്ചുപോയിരുന്നു. രത്നക്കമ്പളം വിരിച്ചിരുന്ന ആ ഉമ്മറത്തു് ഇന്നു ചെളിയും മണ്ണും കൂട്ടിപിടിച്ചിരിക്കുന്നു. ചിലന്തിവലകളും സ്വതന്ത്രനിറഞ്ഞിരുന്നു. എങ്ങും നിശബ്ദത! എനിക്കു ഭയംതോന്നി. ആ വീട്ടിൽ ആളും താമസമില്ലെന്നു തോന്നി. ഞാൻ സാവധാനത്തിൽ ഉമ്മറത്തു കയറി. നിശബ്ദത! പേടിപ്പെടുത്തുന്ന നിശബ്ദത! ഞാൻ ചെവിവട്ടം പിടിച്ചു അകത്തുനിന്നും വിപഞ്ചിയുടെ മൃദുതന്ത്രികളും വലിച്ചു നീട്ടിയമാതിരി ശോകനിർഭരമായ നെടുവീർപ്പെന്റെ ചെവിയിൽ വന്നലച്ചു. എനിക്കു സമാധാനമായി. ആരോ അതിനകത്തുണ്ടെന്നെനിക്കു തോന്നി. ഞാൻ വാതിലിൽ മുട്ടിവിളിച്ചു. ആരോ അകത്തുനിന്നും സാവധാനത്തിൽ വരുന്നതായി എനിക്കു തോന്നി. വാതൽതുറന്നു. അതു ചേച്ചിയുടെഅച്ഛനായിരുന്നു. ശുഭ്രശ്മശ്രുക്കളും വളർന്നു തിങ്ങിയ ആ വദനത്തിൽ തീരെ രക്തമയമില്ലെന്നു തോന്നും. ആ കണ്ണുകൾ കുഴിഞ്ഞു, കലമ്പിച്ചിരുന്നു. മുഷിഞ്ഞ ഒരു വസ്ത്രമാണദ്ദേഹം ധരിച്ചിരുന്നതു്. ഞാൻ പകച്ചു നിന്നുപോയി.

എന്നെ കണ്ടതോടുകൂടി ചിറപൊട്ടിയൊഴുകുന്നുപോലെ അദ്ദേഹത്തിന്റെ കണ്ണുകളിൽനിന്നും അശ്രുബിന്ദുക്കൾ ധാരധാരയായി ഒഴുകാൻ തുടങ്ങി. എന്താണു കാര്യമെന്നായാതെ ഞാൻ ഭീതികൊണ്ടു മൂഢനായി നിന്നുപോയി. എന്റെ ക്ഷമ അസ്തമിച്ചു. നിശബ്ദതയെ ഭഞ്ജിച്ചുകൊണ്ടു ഞാൻ ചോദിച്ചു:--

"ചേച്ചി എവിടെ?"

അദ്ദേഹം യാതൊന്നും ശബ്ദിച്ചില്ല അസഹ്യമായ കദനഭാരം അദ്ദേഹത്തെ അലട്ടുന്നതായെനിക്കു തോന്നി. എന്റെ കയ്യിൽ പിടിച്ചുകൊണ്ടദ്ദേഹം ഉള്ളിലേയ്ക്കു കടന്നു. ഞാൻ മുറിക്കുള്ളിൽ കടന്നു. ഒരു പായിൽ ചേച്ചിയുടെ അമ്മ കിടക്കുന്നു. എന്നെ കണ്ടതോടുകൂടി; കന്മഷരഹിതനായ ഒരു കുട്ടിയെപ്പോലെ അവർ പൊട്ടിക്കരയാൻ തുടങ്ങി. എനിക്കു വളരെ അസഹ്യതതോന്നി.

"ചേച്ചി എവിടെപ്പോയി?"—ഞാനസഹ്യതയോടെ ചോദിച്ചു. എന്നെകെട്ടിപ്പിടിച്ചുകൊണ്ടു ഗദ്ഗദത്തോടുകൂടി അദ്ദേഹം പറഞ്ഞു:

"ചേച്ചിപോയി മകനെ. ഇനിവരുകയില്ല ആ വിളക്കണഞ്ഞുപോയി ഇനി ഈ ലോകത്തെ മനുഷ്യരാരും അവളെ കാണുകയില്ല മരിക്കാൻ സമയത്തു് നിന്നെക്കാണണമെന്നവൾ പറഞ്ഞു. പക്ഷെ. ആരുവരാനാണവിടെ!"

ഒരു പൈതലെപ്പോലെ അദ്ദേഹം പൊട്ടിക്കരഞ്ഞു. എന്റെ തലചുറ്റുന്നതായി എനിക്കു തോന്നി. പരിസരമാകെ വട്ടംകറങ്ങുന്നതുപോലൊരു പ്രതീതി! എന്റെ തോളിൽ നിന്നദ്ദേഹം വിട്ടപ്പോൾമാത്രം ശൂന്യനായി ഞാൻ പുറകിലേയ്ക്കു മറിഞ്ഞുപോയി.

ഈഴവൻ തലപൊക്കി

: നടക്കണ്ടേ? :

കെ. ബാലകൃഷ്ണൻ

രാഷ്ട്രീയപാർട്ടികളും ഏതെല്ലാമാണെന്നു മനസ്സിലാക്കാൻ വിഷമമില്ല. അവയുടെ രാഷ്ട്രീയലക്ഷ്യങ്ങളും മനസ്സിലാക്കാനും പ്രവർത്തനപരിപാടികളും നിശ്ചയിച്ചിട്ടുണ്ടോ എന്നു നോക്കാനും വിഷമമില്ല പക്ഷെ രാഷ്ട്രീയരംഗത്തു വിചിത്രരൂപങ്ങളായ പ്രശ്നങ്ങളും അവതരിപ്പിച്ചുകൊണ്ടു കാലാകാലത്തു ചില വ്യക്തികളും ഉയർന്നുവരാറുണ്ട്... അതിലൊന്നാണ് എസ്. എൻ. ഡി. പി യോഗം ജനറൽ സെക്രട്ടറിയായ ആർ ശങ്കർ.

ഈ രാജ്യത്തു കാര്യങ്ങളും പഠിച്ചു ബുദ്ധിപൂർവ്വം സംസാരിക്കുന്ന നേതാക്കന്മാരിലൊരാളായാണ് ശങ്കർ കണക്കാക്കപ്പെട്ടുന്നതു്. അദ്ദേഹം ഒരു കാര്യവും വെറുതെയങ്ങു പറയാറില്ല. പറയുന്നതു സ്ഥാപിക്കാനുള്ള കഴിവുമുണ്ട്. എല്ലാം കണക്കുകൂട്ടിയല്ലാതെ പറയുകയില്ല. ലക്ഷങ്ങളുടെയും മുതൽ പത്തിന്റെയുമൊക്കെ കണക്കുകളും അദ്ദേഹത്തിനറിയാം. പക്ഷെ ഈ കണക്കുകൂട്ടലിൽ ഒരു പ്രത്യേകതയുണ്ട്. ഒന്നുകിൽ അതു ശങ്കരന്റെ നെഞ്ചത്തു്, ഇല്ലെങ്കിൽ കളരിക്കു പുറത്തു്. അങ്ങനെയാണു കണക്കുകളുടെ പോക്കു് ഒരിക്കൽ മയ്യനാട്ടു വെള്ളമടനടയിൽ വച്ചു ശങ്കർ ഒരു കണക്കു പറയുന്നതു ഞാൻ കേട്ടു. പുകവലിക്കു വേണ്ടി ഈ നാട്ടിലെ ജനങ്ങൾ എത്രായിരം രൂപകളുണ്ടെന്നു കണക്കാണ്. അദ്ദേഹത്തിന്റെ ഒരാൾ ബീഡിവലിച്ചാൽ രണ്ടരണ ഒരു ദിവസം എന്നാണദ്ദേഹം ഒരു കണക്കു പറഞ്ഞു. അപ്പോൾ ജനസംഖ്യ കൊണ്ടു ഗുണിച്ചു. ഭീമമായ ഒരു തുകവന്നു. അതും രൂപാ അണ പൈസയായി അദ്ദേഹം പറഞ്ഞു. അതു കണക്കുശാസ്ത്രജ്ഞന്റെ കഴിവിൽ ജനങ്ങളും അത്ര തപരതന്ത്രരാകുന്നു എന്നു അദ്ദേഹം വിശ്വസിച്ചു. സമാധാനിച്ചു. ഈ രാജ്യത്തെ ജനങ്ങളിൽ പെണ്ണുങ്ങളും കുഞ്ഞുങ്ങളുമായി കുറേയെപ്പേരുണ്ടെന്നും ആണുങ്ങളിൽ പ്രായമായവരിൽ ഒരു ചെറിയ യിലൊരംശമെങ്കിലും ബീഡി വലിക്കാത്തവരായുണ്ടെന്നും കണക്കു കൂട്ടുന്നതിനിടയിൽ അദ്ദേഹം മറന്നു പോയി ജനസംഖ്യയുടെ ഈ രാജ്യത്തെ മാത്രമല്ല ലോകത്തിന്റെ മുഴുവൻ തന്നെ കണക്കു പറയാൻ ശങ്കർ വിദഗ്ധനാണ്. പക്ഷെ ലോകത്തിന്റെ ഒരു ഭാഗമായ ഇൻഡ്യയുടെ ഒരു ഭാഗമായ തിരുവിതാംകൂർ കൊച്ചിയുടെ ഒരാറാം മാത്രമായ കൊല്ലത്തിന്റെ ഒരു കോണായ കന്റോൺമെന്റ് മൈതാനത്തു ഒരു കെട്ടിടം പണിയുന്ന കണക്കു ഇതുവരെ ശരിപ്പെടുത്താൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടില്ല. ഈ കണക്കുവിശാരദൻ അതിനു തുനിഞ്ഞെങ്കിൽ പലയാളുകൾക്കും കണക്കുകാര്യത്തിലുണ്ടായിരിക്കുന്ന ശരിയും തെറ്റുമായ ധാരണകൾ ബലപ്പെടുത്താനോ തിരുത്താനോ അതുപകരിക്കുമായിരുന്നു. ഏതു ചെയ്യും. ലോകകാര്യങ്ങളുടെ കണക്കുകൂട്ടാനുള്ള വ്യഗ്രതയിൽ ഈ ചില്ലറ കണക്കുകളും കൂട്ടാനുണ്ടോ അദ്ദേഹത്തിനു സമയം ലഭിക്കുന്നു.

ഈ രാജ്യത്തു നടന്ന അഭൂതപൂർവ്വമായ തിരഞ്ഞെടുപ്പു കലത്തു കൊല്ലം നിയോജകമണ്ഡലത്തിൽ ആർ. ശങ്കറും ടി. കെ. ദിവാകരനുമായിരുന്നു സ്ഥാനാർത്ഥികൾ. ശങ്കർ ജയിച്ചാൽ സമുദായത്തിനുണ്ടാകാവുന്ന നേട്ടങ്ങളും നിയമസഭയ്ക്കു അതിപ്രഗത്ഭനായ ഒരംഗത്തെ ലഭിക്കുന്ന ഭാഗ്യാതിരേകവുമൊക്കെ അനുപ്രതിപാദ്യവിഷയങ്ങളായി ശരിക്കു എഴുത്തും വായനയും പോലും നിശ്ചയമില്ലാത്ത ദിവാകരൻ അസംബ്ലിയിൽപോയി എന്തുചെയ്യാൻ? കോൺഗ്രസ്സായി നിയമസഭയിൽപോയ ശങ്കർ കൂടി നാം കഴിഞ്ഞപ്പോൾ കോൺഗ്രസ്സ് എന്നു പറയുന്നതു കൃസ്ത്യൻകോൺഗ്രസ്സാണെന്നു കണ്ടുപിടിച്ചു് ഒരു ഡെമോക്രാറിക്കു് കോൺഗ്രസ്സ് പക്കരമായുണ്ടാക്കി നിയമസഭയ്ക്കകത്തു ജനിച്ചു അവിടെതന്നെ കബറടങ്ങിയ ഈ സന്തതിയുടെ പിതാവും നേതാവും ശങ്കറായിരുന്നു അന്നത്തെ ഏറ്റവും വലിയ പ്രതിപക്ഷം ഈ ഡെമോക്രാറിക് കൺഗ്രസ് ആയിരുന്നതുകൊണ്ടു ശങ്കർ പ്രതിപക്ഷനേതാവുമായി അപ്പോഴാണ് ഈ മഹാനേതാവിന്റെ ബുദ്ധിസാമർത്ഥ്യവും, രാഷ്ട്രീയവിജ്ഞാനവും കണക്കുശാസ്ത്രസാഗര പാരംഗതത്വവുമെല്ലാം മണ്ഡകാലുകൊണ്ടുള്ള കൊഴിച്ചിലിച്ചാണെന്നു വ്യക്തമായതു് ഇതു അപ്രഗത്ഭനായ ഒരു പ്രതിപക്ഷ നേതാവു് അസംബ്ലിയുടെ ചരിത്രത്തിൽ ഉണ്ടായിരിക്കാൻ ഇടയില്ല. അടുത്ത തിരഞ്ഞെടുപ്പു വന്നപ്പോൾ ശങ്കർ തോറ്റുപോയെങ്കിലും ദിവാകരൻ ജയിച്ചു ഏഴുത്തും വായനയുമറിഞ്ഞുകൂടാത്ത ഇട്ടിപ്പുകാരിയുടെ മകൻ നിയമസഭയിൽ പോയപ്പോഴത്തെ അകത്തും തന്റെ കഴിവുകൊണ്ടു പ്രകടമാക്കി സമുദായത്തിന്റെ പ്രസംഗങ്ങളിലും കണക്കുതിരണികളിലും കൂടി മതിപ്പുണ്ടാക്കാൻ പോയ ശങ്കർ പരാജയമടഞ്ഞ സ്ഥിതിയ്ക്കു സമുദായത്തിന്റെ ലേബലൊട്ടിക്കുമ്പോൾ രാഷ്ട്രത്തിന്റെ പൊതുവെയുള്ള ഏതെങ്കിലുമൊരു പ്രശ്നത്തിൽ പകർന്ന ദിവാകരൻ വിജയിച്ചു. ഇതൊക്കെ അടുത്ത കണ്ടു കഴിഞ്ഞ കാര്യങ്ങളാണെങ്കിലും



ശങ്കർ ഇന്നും അതിപ്രശസ്തനായ രാഷ്ട്രീയനേതാവായി ഇഴുവരുടെയും അനിഷേധ്യ ജിഹ്വയായി അംഗീകരിക്കപ്പെടാൻ സമുദായ സമക്ഷം അപേക്ഷിക്കേണ്ടിവന്നിരിക്കയാണ്.

സാമുദായികമായ രാഷ്ട്രീയ പ്രവർത്തനം കുറെക്കൂടി വിശാലമായ ദേശീയ ബോധത്തിന് വഴിമാറിക്കഴിഞ്ഞ ശേഷമാണ് എന്നെപ്പോലുള്ള ഇളം തലമുറക്കാർ രാഷ്ട്രീയരംഗത്തു തലകാണിച്ചുതുടങ്ങിയത്. രാഷ്ട്രീയപ്രശ്നങ്ങളും സാമുദായികമണ്ഡലത്തിൽ ഒതുക്കേണ്ടുന്ന എല്ലാസംരംഭങ്ങളേയും, ഈ അടുത്തകാലത്തു് എസ്. എൻ. ഡി. പി. പ്രസിഡൻറ് ശ്രീ. കെ. സുകുമാരൻ പൂപ്പെട്ടുവിച്ച ഇടതുപക്ഷ ആഹ്വാനമുൾപ്പെടെ ഞാൻ അങ്ങേയറ്റം എതിർത്തിട്ടുമുണ്ട്. പക്ഷെ ഈ കുട്ടിലൊഴിയാനേതാക്കന്മാർ സമുദായത്തെ ആണയിട്ടതന്നെ പിന്നെയും രാഷ്ട്രീയം പറയാനുള്ള വ്യഗ്രത കാണിക്കുമ്പോൾ സമുദായം എന്നുപറഞ്ഞു മരിക്കാൻ നടക്കുന്നവർക്കെങ്കിലും "ശങ്കർരാഷ്ട്രീയം" പ്രയോജനമുണ്ടാക്കിയിട്ടുണ്ടോ എന്നൊന്നു പരിശോധിക്കാൻ ഒരു കൗതുകം തോന്നി. ശാന്തമായി സമാധാനമായി നമുക്കു ഭൂതകാലസംഭവങ്ങളിലേക്കൊന്നു നോക്കാം.

എന്നാണ് ശങ്കർ സമുദായനേതാവായത്? എസ്. എൻ. ഡി. പി. യോഗം ജനറൽ സെക്രട്ടറി സ്ഥാനത്തേക്കു ശ്രീ. സി. കേശവൻറെ ജാമ്യത്തിൽ തിരഞ്ഞെടുക്കപ്പെടുന്നതുവരെ ഇങ്ങനെയൊരു നേതാവിനെപ്പറ്റി സമുദായം വളരെയൊന്നും കേട്ടിരുന്നില്ല. പ്രബുദ്ധമായ ദേശീയബോധംകൊണ്ടു സാമുദായികമായ സങ്കുചിതത്വത്തിനു നില്ക്കാതെ നേരെയങ്ങു കോൺഗ്രസ്സിൽ ചേർന്നതാണോ? അതല്ല എസ്. എൻ. ഡി. പി. യോഗത്തെക്കാൾ രാഷ്ട്രീയരംഗത്തു തീർച്ചയായും വ്യത്യസ്ഥതകരംഗത്തു വളരെ മോശപ്പെട്ടതുമായിരുന്ന തിരുവിതാംകൂർ നാഷണൽ കോൺഗ്രസ്സിൻറെ ജനറൽ സെക്രട്ടറിസ്ഥാനം രാജിവച്ചാണ് ശങ്കർ യോഗത്തിൻറെ ജനറൽസെക്രട്ടറിയായതു്. ഒന്നു തീർച്ചയാണ് സമുദായനേതാവാകണമെന്ന ആഗ്രഹമില്ലാഞ്ഞല്ല. അതിനുള്ള പുണ്യമൊന്നും സമുദായത്തിൻറെ പേരിൽചെയ്തിട്ടില്ലാത്തതുകൊണ്ടാണ് ശങ്കർ സമുദായനേതാവാകാതിരുന്നതു്. സമുദായത്തിനുവേണ്ടി ഒന്നും പ്രവർത്തിക്കാതെ മിണ്ടാതിരിക്കുകയായിരുന്നോ? അതുമല്ല നേതൃ കൃസ്ത്യാനികളും മുസ്ലീമുങ്ങളും ഇഴുവരും ചേർന്നു സംയുക്ത പൊളിറ്റിക്കൽ കാൺഫറൻസുണ്ടാക്കി നിയമസഭയിൽ സീറ്റു സംവരണത്തിനും പബ്ലിക്ക് സർവീസിൽ പ്രാതിനിധ്യത്തിനുംവേണ്ടി ഇരുരാജ്യത്തു ഒരു നിവർത്തനപ്രക്ഷോഭണം നടത്തുന്നതെന്തെ ചിന്താഗതി വച്ചുനോക്കുമ്പോൾ ആ പ്രസ്ഥാനത്തിനു പല ന്യൂനതകളുമുണ്ടായിരുന്നെന്നു പറയാമെങ്കിലും അന്നു അതു ഒരു പുരോഗമനപരമായ പ്രസ്ഥാനം തന്നെയായിരുന്നു. ആപ്രസ്ഥാനത്തെ നയിച്ചു യോഗം ജനറൽസെക്രട്ടറി ശ്രീ സി. കേശവൻ അക്കാലത്തു് അറസ്റ്റു ചെയ്തു ജയിലിലാക്കപ്പെട്ടുകയുണ്ടായി. സമുദായത്തിനു മോക്ഷം വരുത്താനവതരിച്ചിരിക്കുന്ന ശങ്കർ നേതാവു് നിവർത്തന പ്രക്ഷോഭണത്തെ പരസ്യമായെതിർത്ത മാന്യന്മാരിലൊരാളാണ് ഇഴവൻറെ രക്ഷയ്ക്കു യോഗം സാമുദായികമായ രാഷ്ട്രീയകാര്യങ്ങളുടെ തന്നെ രക്ഷയ്ക്കു യോഗം കോൺഗ്രസ്സുമായി യോജിച്ചു പ്രവർത്തിക്കുന്നതു നല്ലതാണെന്നു തോന്നി അങ്ങനെയൊരു പ്രമേയം പാസ്സാക്കി. അന്നു രാജ്യം ഭരിച്ചിരുന്ന സർ സി. പി. രാമസ്വാമി അയ്യർ പ്രമേയം തീരെ രസിച്ചില്ല. അദ്ദേഹം യോഗനേതൃത്വത്തെ ഭീഷണിപ്പെടുത്തി. അവർ കീഴടങ്ങി. യോഗം അങ്ങിനെ ഒരു സർക്കാർ ഗസറ്റായി മാറി. ഈ സന്ദർഭത്തിലാണ് യോഗത്തിനെ കോൺഗ്രസ്സിലേക്കു കൊണ്ടുവരുന്നതിനു ശങ്കറെ യോഗം ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുത്തതു് യോഗത്തിലേക്കു കയറിയതോടുകൂടി നിരീശ്വരവാദിയും ഉല്പതിഷ്ണുവുമായിരുന്ന ദേശീയ നേതാവു് അല്ലാതെയായി മാറി ഇന്നലത്തെ കഥകളാണ്. അവത്തിച്ചു ഓമ്മപ്പെടുത്തേണ്ടതായി അതിനകത്തു വളരെയൊന്നുമില്ല. എപ്പോഴും പുരോഗതിക്കു വഴി തെളിക്കാൻ പൂട്ടപിടിച്ചിരുന്ന യോഗം രാജ്യത്തിനു ഏറ്റവും വലിയ പരീക്ഷണഘട്ടം തരണം ചെയ്യേണ്ടി വന്ന ഘട്ടത്തിൽ ശത്രുപക്ഷം ചേർന്നു രാജ്യത്തെ ഒറ്റിക്കൊടുത്തു. സ്വാതന്ത്ര്യ സമരത്തിൻറെ മുന്നണിയിൽ നിന്നു പോരാടി വെടിയേറ്റു വീണ ഓരോ ഇഴവൻറെയും ശവശരീരത്തിൽ കയറി നിന്നു കൊണ്ടുതന്നെ ശങ്കർ സ്വതന്ത്ര തിരുവിതാംകൂറിൻറെ കുഴലൂത്തുനടത്തി. സമുദായത്തിനു ഇതിലേറെ നാണക്കേടു വരുത്തിയ മഹാരാജസംഭവം യോഗത്തിൻറെ ചരിത്രത്തിലുണ്ടായിട്ടില്ല.

ഉത്തരവാദഭരണം സ്ഥാപിതമായി ജനങ്ങൾക്കു ഭരിക്കാനുള്ള ഘട്ടംവന്നപ്പോൾ ശങ്കർ വീണ്ടുംകോൺഗ്രസ്സിലേക്കു മടങ്ങിവന്നു. സ്വമേധയാ മടങ്ങിപ്പോകാനുള്ള ബുദ്ധിമുട്ടുകൊണ്ടായിരിക്കാം യോഗം കോൺഗ്രസ്സിൽ ചേരാൻ ആഹ്വാനം മുഴക്കിക്കൊണ്ടു രാഷ്ട്രീയം ഉപേക്ഷിച്ചിരിക്കുന്നതായി ഒരു പ്രമേയം പാസ്സാക്കി സമുദായത്തിൻറെ പേരിൽ കോൺഗ്രസ്സിൽ ചേർന്ന ശങ്കറെ ദേവസ്വം ബോർഡിലെ ഒരംഗമായി തിരഞ്ഞെടുത്തു കോൺഗ്രസ്സിനകത്തുള്ള പ്രബലരായ ക്രിസ്ത്യാനികൾക്കെതിരായി ശങ്കർ യുദ്ധമാരംഭിച്ചു. ഈ യുദ്ധത്തിൽ ഇവിടെയുള്ള ഇടതുപക്ഷപാർട്ടികൾക്കോ ഇഴവർക്കോ യാതൊരു ഉത്തരവാദിത്വവുമുണ്ടായിരുന്നില്ല. നാട്ടുനീളെ നടന്നു ക്രിസ്ത്യാനിയെ തെറിപറഞ്ഞു. കർഷകതൊഴിലാളികളായി മല്ലുതിരുവിതാംകൂറിലും വടക്കൻ തിരുവിതാംകൂറിലുമുള്ള "ചോവന്മാർ" എന്നു ഇന്നും വിളിക്കപ്പെടുന്ന പാവപ്പെട്ട ഇഴവർ നേതാവിൻറെ ആവേശത്തിനു വിലനല്കേണ്ടിവന്നു. മർദ്ദനവും കടിയിറക്കും സാവർണ്യകമായി. അത്തരം കുമ്പാരിയും മത്തുക്കുടയുമായി ഹിന്ദുക്കളെ ഉദ്ധരിക്കാനിറങ്ങിയ ശങ്കരാചാര്യൻ ഇതൊന്നുമറിഞ്ഞില്ല. കൃസ്ത്യാനിയെ ഓടിപ്പെടുത്തി ഹിന്ദുക്കളുടെ ഒരു കൂട്ടുകെട്ടുണ്ടാക്കാനായിരുന്നു പ്ലാൻ. അതു കോൺഗ്രസ്സിനകത്തുനിന്നു നടത്താനാണ് നേതാവു തയ്യാറെടുത്തതു് ദേവസ്വംബോർഡിൽനിന്നു ഒരു കൊച്ചുവെടിപ്പാൻകാലത്തു് നേതാവു് ബഹിഷ്കൃതനായി. അതിൻറെ തലേദിവസംവരെ കോൺഗ്രസ്സുമോക്ഷം നൽകിയിരുന്ന ഇഴവനെ ഇന്നിമേൽ മോക്ഷംനൽകാൻ ഒരു ഡെമോക്രാറ്റിക് കോൺഗ്രസ്സുവേണമെന്നു നേതാവു് പ്രഖ്യാപിച്ചു. കോൺഗ്രസ്സിനു ക്രിസ്ത്യൻകോൺഗ്രസ്സെന്നു പേരുമിട്ടു. ഇതെല്ലാം സമുദായത്തിൻറെപേരിലാണു നടത്തിയതു്. സമുദായത്തിനു ഇതുകൊണ്ടെത്തുപ്രയോജനങ്ങളുണ്ടായെന്നുമാത്രം ആരും ചോദിക്കരുതു്. വീണ്ടും ഒരു തിരഞ്ഞെടുപ്പു വന്നു. കൃസ്ത്യൻകോൺഗ്രസ്സ് അപ്പോഴും കൃസ്ത്യൻകോൺഗ്രസ്സുതന്നെയായിരുന്നു. പക്ഷേ ആ കോൺഗ്രസ്സിൽ അങ്ങു ചേരാൻ നേതാവു തീരുമാനിച്ചു അതും സമുദായത്തിൻറെ പേരിലായിരുന്നു. അനുവരെ വിശേഷിച്ചു കാരണമൊന്നുമില്ലാതെ കൃസ്ത്യാനിയെ തെറിയും പറഞ്ഞു നടന്ന അവസാനം ചെന്ന അവരുടെ കോൺഗ്രസ്സിൽ ചേർന്നപ്പോൾ അവർ ശരിക്കൊന്നു പറഞ്ഞിച്ചു കൃസ്ത്യാനി മാത്രമല്ല പറഞ്ഞിച്ചതു്. ഒന്നിച്ചു ഉരുകിച്ചേർന്ന ഹൈന്ദവൈക്യവും മരീചികയാണെന്നു സ്വന്തം നിയോജകമണ്ഡലത്തിൽ തന്നെ ശങ്കറിനു ബോധ്യമായി. മൂഷികസ്ത്രീ ഇങ്ങനെ പിന്നെയും മൂഷികസ്ത്രീയായതു് വന്നതിനിടയിൽ സമുദായത്തിനു തുടർന്നുള്ള നാണക്കേടെല്ലാതെ മറ്റൊന്നാണ് ഈ നേതാവിനു സംഭാവന ചെയ്യാൻ കഴിഞ്ഞതു്.

തിരഞ്ഞെടുപ്പു കഴിഞ്ഞു. മന്ത്രിസഭയുണ്ടാക്കുന്നതിലുണ്ടായ വൈകല്യം യോഗത്തിൻറെ പുതിയ ബോർഡുചേർന്നപ്പോൾ ഒരു പ്രമേയം പാസ്സാക്കി ഭൂമിയ പരിഷ്കരണത്തിനു

നിങ്ങൾ ലജ്ജിക്കുന്നു!

ബ്രഹ്മചാരിയല്ല; വികാരം കെട്ടടങ്ങിയില്ല. പക്ഷേ, അഭിലാഷങ്ങൾ—
ആഗ്രഹങ്ങൾ—നിറവേറുവാൻ അന്വയവങ്ങൾക്കു കരുത്തില്ല.
ചുരുക്കത്തിൽ പ്രിയപത്നിയുടെ മുമ്പിൽപോലും നിങ്ങൾ
ലജ്ജിക്കുന്നു. ഈ വിപത്തിൽ ഞങ്ങളുടെ

"വിശ്വമോഹനിരസ്സായനം"

മാത്രമാണ് നിങ്ങളുടെ ഉറ്റബന്ധു.

അമൃതപ്രദായിനി വൈദ്യശാല

H. O. ആറ്റിങ്ങൽ

ബ്രാഞ്ച്:—തിരുവനന്തപുരം (തമ്പാനൂർ ഓവർബ്രിഡ്ജിനു സമീപം)

പ്രൊപ്രൈറ്റർ. **സി. എൻ. പ്രഭാകരൻവൈദ്യൻ**

KSC

ആവശ്യമായ പ്രക്ഷോഭണം സംഘടിപ്പിക്കണമെന്നു് ഒരാൾ പോലും എതിർക്കാത്ത പാസ്സാക്കിയ ഒരു പ്രമേയമാണു്. ഈഴവനു ഏറ്റവും ക്ലേശകരമായ അത്യാവശ്യമായ ഒരു പരിഷ്കാരവുമാണു്. യോഗം വിചാരിച്ചാൽ അതു നടത്താൻ കഴിയുമോ എന്നുള്ളതു മറ്റൊരു കാര്യമാണു്. രാജ്യത്തിന്റെ പല ഭാഗങ്ങളിലും യോഗഭാരവാഹികളും യോഗം മേൽ ഈ പ്രമേയം ആവർത്തിച്ചു് അപ്പോഴെല്ലാം കോട്ടയത്തുചെന്നു ശങ്കർ പ്രഖ്യാപിക്കുന്ന ഭീഷണിപരിഷ്കാരം ഇവിടെ ഒരു പ്രശ്നമായില്ലെന്നു്. പേരെ? സമുദായത്തിന്റെ നേതാവായാണു് അദ്ദേഹം പറഞ്ഞതു്.

ഇപ്പോൾ നേതാവു് കോൺഗ്രസ് പ്രചരണത്തിൽ വ്യാപൃതനാണു്. എത്ര എതിർപ്പുകളുണ്ടായിട്ടും ശങ്കറിനും ഈഴവസമുദായത്തിനും വേണ്ടി കോൺഗ്രസ്സിനെ രക്ഷിച്ചു നിറുത്തിയതിനു നേതാവു് ക്രിസ്ത്യാനികൾക്കു കൃതജ്ഞതയും പറഞ്ഞിരിക്കുന്നു. അവർക്കുവേണ്ടി രക്ഷിച്ചുനിറുത്തിയെങ്കിലും അവരുടെ കൊലയ്ക്കുവേണ്ടി ആ സംഘടന ഇനിയും നിലകൊള്ളുന്നെന്നും നേതാവു് അന്വേഷിച്ചില്ല. അതു അന്വേഷിക്കേണ്ട കാര്യവും നേതാവിനില്ല. ദേവസ്വംബോർഡിലേക്കു ഒരു തിരഞ്ഞെടുപ്പു് അടുത്തു വരുന്നുണ്ടു്. നേതാവിനു അതിനെപ്പറ്റിയൊരു രാഷ്ട്രീയവുമില്ലതാനും.

ഇതെല്ലാം ചെയ്യുന്നതു ഈഴവന്റെ പേരിലായതുകൊണ്ടുമാത്രം ഈഴവനായി നിന്നുകൊണ്ടുതന്നെ—ജീവിതത്തിലാദ്യമായെന്നു പറയാം—നേതാവിനോടു ചില കാര്യങ്ങൾ പറയേണ്ടിയിരിക്കുന്നു. കാളേജിനെപ്പറ്റിയും വിദ്യാഭ്യാസത്തിനെപ്പറ്റിയും മറ്റും പറഞ്ഞു നേതാവു, കൂട്ടുകാരും നാട്ടിലാകമാനമുള്ള ഈഴവരുടെ പുരയിടങ്ങളിലെല്ലാം കയറി തേങ്ങ വെട്ടിച്ചിട്ടുണ്ടു്. അതിന്റെ കണക്കൊന്നുമില്ലെന്നാണറിയുന്നതു്. പിരിച്ചവരും പിരിവു പിരിച്ചവരും കണക്കും കേപ്പും കൂട്ടിക്കിയിരിക്കുന്നെന്നാണറിയുന്നതു്. ഈഴവൻ രാഷ്ട്രീയമായി എങ്ങോട്ടു പോകണമെന്ന വിദ്വേഷോപദേശം നടത്തുന്നതിനുമുൻപു ഈ കണക്കുകളൊന്നു ശരിപ്പെടുത്തണം. കണക്കിന്റെ കാര്യത്തിൽമാത്രമല്ല പരാതി. ഈ പണം പിരിച്ചു നടത്തുന്ന സ്ഥാപനങ്ങളുടെ ഭരണാവകാശം അരക്കിട്ടുറപ്പിക്കാൻ ചില പ്രമേയങ്ങളൊക്കെ ശങ്കർ ഉണ്ടാക്കിയെടുത്തിട്ടുണ്ടു്. ഇങ്ങനെ അധികാരം കേന്ദ്രീകരിച്ചെടുത്തു നടത്തിയചില നിയമനങ്ങളിലും പ്രമോഷനുകളിലും പരാതിയുണ്ടായിട്ടുണ്ടു്. അതു സാരമില്ലാത്തവയാണെന്നുപറയാം. പക്ഷേ, മാന്യമായരീതിയിലുള്ള പത്രത്തിനോ മാന്യതയുള്ള ഒരു വ്യക്തിക്കോ പുറത്തുപറയാൻ നിവൃത്തിയില്ലാത്ത ചില വൃത്തികേടുകൂടി ഈ നിയമനങ്ങളുടേയും പ്രമോഷനുകളുടേയും പിന്നിലുണ്ടെന്നറിയുന്നു. കാളേജു സ്റ്റാഫുകാർ പോലും ഇക്കാര്യം കർണ്ണനായി ചർച്ചചെയ്തതായും കർണ്ണനായ ചില താക്കീതുകളും നൽകിയതായും അറിയുന്നുണ്ടു്. പാവപ്പെട്ട ഈഴവന്റെ പണം ഇങ്ങനെ കളയാനുള്ളതല്ല അതൊക്കെ നേരെചൊവ്വേ പറഞ്ഞു ബോധ്യപ്പെടുത്തിയിട്ടു ഈഴവന്റെ രാഷ്ട്രീയകടമ പഠിയാനിറങ്ങുകയാണു് ഭേദം. ഈ കണക്കുകളൊക്കെ ചോദിക്കാനും പറയാനുമാളില്ലാത്തതു നേതാവു ഒരു സൗകര്യമായി കരുതുന്നുണ്ടാവാം. പക്ഷേ കണക്കും മറ്റുമറിയാതെ ഇങ്ങിനെ കളയാൻ വിവാഹത്തിനു പത്രിക മുറിച്ചു പണം നൽകുന്നോയെന്നു ഈഴവരുടെയിടയിലുള്ള ഉല്പതിഷ്ണുക്കളായ ചെറുപ്പക്കാർ കാര്യമായി ചിന്തിക്കേണ്ടിവരും. അതിന്റെ ഫലമെന്തായിരിക്കുമെന്നുകൂടി ഈ യോഗം നിനച്ചിരിക്കുന്നു എന്നാഗ്രഹിക്കുന്നു 'സമുദായക്കാർ' ആലോചിക്കുന്നതു നന്നായിരിക്കും. കാളേജിനു ഒരു കൺസ്ട്രക്ഷൻ കമ്മിറ്റിയെ നിയമിച്ചതു തന്റെ താളത്തിനൊത്തു തുള്ളാത്തതുകൊണ്ടു ശങ്കർ പിരിച്ചുവിട്ടതായറിയുന്നു. ഇതൊക്കെ ഇങ്ങനെയങ്ങു നടന്നാൽ മതിയെന്നാണു് യോഗനേതൃത്വത്തിന്റെ തീരുമാനമെങ്കിൽ അതിനു പണം തരാതിരിക്കണമെന്നു തീരുമാനിക്കാൻ മറ്റുള്ളവർക്കു കഴിയും എന്നിടം ഒരതിരുണ്ടു്. ഈ നല്ല സമുദായ ഭ്രഷ്ട്ടു ഭിക്ഷണിപ്പെടുത്തിയാണു് യോഗത്തിനു പണം പിരിക്കുന്നതു്. എന്റെ വീട്ടിൽ ജോലിക്കുനിന്ന ഒരു പാവത്തിന്റെ കല്യാണത്തിനു ആകെ ചിലവായ അൻപതു രൂപയിൽ ഇരുപത്തിരണ്ടു രൂപാ യോഗം പിരിച്ചെടുക്കുന്നതു ഞാൻ കണ്ടു. ഇങ്ങനെ പിഴിഞ്ഞെടുക്കുന്ന കാര്യം അവനെപ്പോലുള്ളവന്റെ മാടം പൊളിക്കാനാണു് ഉപയോഗിക്കുന്നതെങ്കിൽ അതൊന്നു നിറുത്തിയെടുക്കേണ്ടതു സമുദായത്തിന്റെ കൂടി ആവശ്യമായിത്തീരും. ഈഴവസമുദായത്തെ ഒരു കത്തോലിക്കാസമുദായമാക്കിസ്വയം പോപ്പുചമയാനാണു് ജനറൽസെക്രട്ടറി കളമൊരുക്കുന്നതു്. അതിവിടെ നടക്കാൻ പോകുന്നില്ല. ഇതൊക്കെ കണ്ടില്ലെന്നും കേട്ടില്ലെന്നും ഭാവിച്ചു നടക്കാവുന്ന കാലം കഴിഞ്ഞു പോയിരിക്കുന്നു. യോഗത്തെ സ്നേഹിക്കുന്നവരെന്നു സ്വയം അഭിമാനിച്ചു നടക്കുന്നവർ രാഷ്ട്രീയ 'രംഗത്തു കൊട്ടുകാരാടിപ്പിച്ചു കുറെ കൊയ്യുന്നതും പത്തായത്തിലിടാൻ സമുദായത്തെ ഒറ്റികൊടുക്കാൻ നിൽക്കുന്ന നേതാവിനോടു ഇക്കാര്യങ്ങളും തുറന്നു പച്ചയായി പറയുന്നതു നന്നായിരിക്കും. അഭിമാനമുള്ള ഈഴവനെ കഴിഞ്ഞ ഏതാനും വർഷങ്ങളായി അധികാരസ്ഥാനങ്ങളിൽ ഭിക്ഷതെണ്ടാൻ നടക്കുന്ന നട്ടെല്ലില്ലാത്തവനാക്കിയ നേതൃത്വം അവനെ കൊള്ളയടിക്കാനും കൂടിയുണ്ടെന്നറിഞ്ഞാൽ രണ്ടോ മൂന്നോ തങ്കിലും നിറുത്താൻ ഈ സമുദായത്തിനു കഴിവുണ്ടാകണം. ഈഴവനായി ജനിച്ചുപോയതുകൊണ്ടും ഇങ്ങനെയൊരു യോഗമുള്ളതുകൊണ്ടും എങ്ങോട്ടുള്ളും ചെറുപ്പക്കാർക്കു തലകുനിച്ചുനടക്കാൻ സാധ്യമല്ല.

——



ഡാവോസെത്തുന്നു ചാൻസായ്

വിമോചനത്തിനു് മുമ്പും പിമ്പും

★

(എൻ. ശ്രീകണ്ഠൻനായർ എം. പി.)

അദ്ധ്യായം ഏഴു്

മേ രണ്ടാംതീയതി സായാഹ്നത്തിൽ "ഓസൻടൽ മ്യൂസിക്ആൻഡു് ഡാൻസു് എൻസെമ്പിളി"ന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട പാട്ടുകച്ചേരിയിലും നൃത്തപ്രകടനത്തിലും ഞങ്ങളും സംബന്ധിക്കുകയുണ്ടായി. പരിപാടികളെല്ലാം കലാപരമായി ഉയർന്ന മാനദണ്ഡം പുലർത്തിയിരുന്നു. ചില ഗാനങ്ങളും ഇന്ത്യൻ രാഗങ്ങളെ അനുസ്മരിപ്പിച്ചു. എങ്കിലും സാമാന്യമായി പറഞ്ഞാൽ ചൈനീസ് സംഗീതം പാശ്ചാത്യ മാതൃകയിലാണു് വികാസം പ്രാപിച്ചിരിക്കുന്നതു്. ചീനഗായകരുടെ ശ്രവണസുകുമാര്യം തുളുമ്പുന്ന അനനുകരണീയശരീരവും ആരോഹണാവരോഹണക്രമങ്ങളിൽ അതിവിദഗ്ധമായി ആലപിക്കപ്പെടുന്ന സ്വരങ്ങളും, ശ്രോതാക്കളുടെ അഭിനന്ദനങ്ങളും കരഘോഷങ്ങളും പാത്രീഭൂതമായതു്.

ദേശീയ നൃനപക്ഷങ്ങളുടെ ചില നൃത്തശില്പങ്ങളും അവതരിക്കപ്പെട്ടു. റിബാറൻ നൃത്തം അക്കൂട്ടത്തിലുംപ്പെടുന്നു. അഞ്ചാറു യുവാക്കന്മാർ നൃത്തവേദിയിൽ കടന്നുവന്നു് പിന്നണി ഗാനങ്ങളും കൊഴുപ്പിച്ചു് ഒരു മാതിരി നൃത്തംചെയ്തു. ചുവടുവയ്പു ശീഘ്രഗതിയിലായിരുന്നു. റിബാറിന്റെ സ്വഭാവവിശേഷങ്ങളും അവിഷ്കരിക്കുന്ന സവിശേഷതകളൊന്നുംതന്നെ ഈ നൃത്തത്തിലില്ലായിരുന്നു. വിമോചനത്തിനുശേഷം റിബാറുകാർക്കു് കൈവന്ന സന്തുഷ്ടികരമായ ജീവിതത്തെ പ്രതിപാദിക്കാൻ ഉദ്ദേശിച്ചുള്ള നൃത്തമായിരുന്നു അതു്.

ഒരു പ്രചരണശകലമെന്നനിലയിൽ പോലും ആ നൃത്തം ഒരു പരാജയമായിരുന്നു.

പക്ഷെ, ആ നൃത്തത്തിന്റെ ഇതിവൃത്തം എന്നെചിന്തിപ്പിച്ചു പീപ്പിൾസ് റിപ്പബ്ലിക്കിന്റെ മണ്ണിൽ കാലുകുത്തുന്ന നിമിഷം തൊട്ടു് വിമോചനത്തിനുമുമ്പുള്ള കഷ്ടസ്ഥിതിയും വിമോചനത്തിനു ശേഷമുള്ള സമൃദ്ധിയും സന്തുഷ്ടിയും തമ്മിലുള്ള താരതമ്യകഥനത്തിന്റെ ഇടവിടാതുള്ള ആവർത്തനം നാം കേൾക്കാൻ തുടങ്ങും. എവിടെ തിരിഞ്ഞാലും, ആരോടു് സംസാരിച്ചാലും, ആ ഒരു പല്ലവിതന്നെ നമ്മുടെ കണ്ണുകളിൽ അലച്ചുകൊണ്ടിരിക്കും. ഒരു വമ്പിച്ചജനവിഭാഗത്തിന്റെ ചിന്താഗതിയെ ഇപ്രകാരം ഒരച്ചിലിട്ടു് വാർത്തെടുക്കാൻ കഴിഞ്ഞതു് പീപ്പിൾസ് റിപ്പബ്ലിക്കിലെ പ്രചരണവകുപ്പുയന്ത്രത്തിന്റെ സാമർത്ഥ്യംതന്നെയാണു്.

എങ്കിലും ആ പ്രചരണയന്ത്രം കേവലം യാന്ത്രികമായിപ്പോയെന്നു് സമ്മതിച്ചേ തീരൂ. സമയത്തും അസമയത്തും ഒരേ ഒരു കീർത്തനമെന്നയാണു് ക്രൂട്ടൻ കിട്ടുന്നതു്. ചിലപ്പോൾ അതു് നമ്മുടെ യുക്തിക്കും ചിന്തയ്ക്കും അരോചകമായിത്തോന്നാം. റിബാറൻ നൃത്തം അക്കൂട്ടത്തിൽ ഒരപവാദമായിരുന്നു. റിബാറൻജനതയുടെ ജീവിതനിലവാരത്തിൽ എന്തെങ്കിലും സമൂലപരിവർത്തനങ്ങളും സംജാതമാക്കുന്നതിനുള്ളസമയവും സാവകാശവും റിബാറിനെ ചൈനായാട്ടു് ക്രൂട്ടിച്ചേർത്തിനു് ശേഷം കിട്ടിയിട്ടില്ലെന്നു് റിബാറിന്റെ ചരിത്രമറിയാവുന്നവർക്കെല്ലാം മനസ്സിലാവുന്നതാണു്. റഷ്യയുടേയും ചൈനയുടേയും ഇന്ത്യയുടേയും പാകിസ്ഥാന്റെയും അതിർത്തിപ്രദേശങ്ങളിൽ കിടക്കുന്ന ആ രാജ്യം, സ്വാഭാവികമായി മിക്ക ഗവർമ്മെൻറുകളുടേയും സഹായസഹകരണങ്ങൾക്കു് വിധേയമായിരുന്നു. വിമോചനത്തിനു മുമ്പുള്ള റിബാറൻ ഭരണകൂടം ഇൻഡ്യയുൾപ്പെടെയുള്ള മിക്ക രാജ്യങ്ങളുടേയും സഹകരണങ്ങളുപേക്ഷിച്ചിട്ടുണ്ടു്. ബാഹ്യലോകവുമായി റിബാറിനു കുടുംബബന്ധങ്ങളുമുണ്ടായിരുന്നു. ഈ അനുകൂല സാഹചര്യങ്ങളെല്ലാം ഇന്നു് അവസാനിച്ചിരിക്കുകയാണു്. ഒരു ദേശീയ നൃനപക്ഷ സംസ്ഥാനമെന്ന നിലയിൽ, ഭൂവുടമ പരിഷ്കരണങ്ങളുമൊഴിച്ചാൽ മറ്റൊരു റിബാറിൽ ഉൾപ്രജ്ഞാതത്തിൽ വന്നിട്ടില്ല. അങ്ങനെ ചൈനീസ് പീപ്പിൾസ് റിപ്പബ്ലിക്കിനോടു ചേർന്നുകൊണ്ടു്, റിബാറൻ ജനതയുടെ ജീവിതാവസ്ഥയ്ക്കു് അപരിഷ്കൃതമുള്ള പരിവർത്തനങ്ങളൊന്നും സംഭവിച്ചിട്ടില്ല. നിർമ്മാണപരിപാടികളും, പ്രത്യേകിച്ചും റിബാറിനെ ചൈനയുമായി കൂട്ടിയിണക്കുന്ന ഒരു റോഡുപണി ആരംഭിച്ചിട്ടുണ്ടെന്നുള്ളതു് ശരിയാണു്. എങ്കിലും, ഭൗതികമായ അടിസ്ഥാനതിരഹസ്യമായി അവശേഷിക്കുമ്പോൾ വിമോചനത്തിനു് മുമ്പും പിമ്പുമുള്ള ജീവിതനിലവാരത്തിൽ അന്തരമുണ്ടെന്നു് റിബാറുകാരെ വിശ്വസിപ്പിക്കുന്ന കാര്യത്തിൽ പീപ്പിൾസ് ഗവർമ്മെൻറു് എത്രമാത്രം വിജയിച്ചിട്ടുണ്ടെന്നു് നിശ്ചയമില്ല. എന്തായിരുന്നാലും, 'വിമോചനത്തിനു് ശേഷമുള്ള ആനന്ദകരമായ റിബാറൻ ജീവിതം' എന്നു് അവ്യക്തമായി പരാമർശിക്കാൻ മാത്രമെ ഒരുദ്യോഗിക പ്രചരണവിദഗ്ധന്മാർക്കു പോലും കഴിയുന്നുള്ളു. അജ്ഞാതജനകമായ 'ഇരുമുയും പിയും' പ്രചരണം കേട്ടു കേട്ടു് ഞാൻ ചിലപ്പോൾ മുഷിഞ്ഞിട്ടുണ്ടു്. കാർഷിക ചൈനയിലേയും ഗ്രാമീണ ചൈനയിലേയും പിന്നോക്കവിഭാഗങ്ങളെ മുഖ്യമായും ഉദ്ദേശിച്ചുള്ളതാകകൊണ്ടു്, ഈ പ്രചരണം വിപുലമായ തോതിലും അളവിലും വികസിപ്പിച്ചിട്ടുള്ളതായിരിക്കണം സാമൂഹ്യനീതിയിലും ഭരണക്രമത്തിന്റെ ഘടനയിലും സംഭവിച്ചിട്ടുള്ള പരിവർത്തനങ്ങളുടെ മഹത്തായ പ്രാധാന്യം ഗ്രഹിക്കാൻ കഴിവുള്ളവർ, സ്വാഭാവികമായി ആ പരിവർത്തനത്തിൽ അഹങ്കാരോന്മത്തരായിരിക്കും. പക്ഷെ, അക്ഷരശൂന്യരായ ജനവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം ഈ സത്യമായ

★ നൃത്തവും ഗാനവും ★

കിളിമാന്തൂർ വിശ്വംഭരൻ

കൊയ്ത്തുകാലം കഴിഞ്ഞു. എല്ലാവർക്കും അകംനിറഞ്ഞ ആ ഫ്ലാളം നിലമൊരുക്കുന്നതിനും ഞാറു നടുന്നതിനും കള പറിക്കുന്നതിനും കൊയ്യുന്നതിനും മെതിക്കുന്നതിനുമെല്ലാം വിയർപ്പുവീഴ്ത്തി പരിശ്രമിച്ച ആ മണ്ണിന്റെ മക്കൾക്ക് അഹ്ലാദം ഏറുകയാണ്. ആ കാലത്താണ് അവർക്കു വല്ല "കൊതിയും തണയും" കിട്ടുന്നതു്. അതിനവർ വെറും കയ്യോടെ പോവുകയല്ല. അവർക്കുണ്ട് കളിയും പാട്ടും പഴമയുടെ മറവുകൾ കെട്ടുന്ന നൃത്തഗാനങ്ങളും. അതോ, ആ കുറവനും കുറത്തിയും വീട്ടുമുറ്റത്തെത്തിക്കഴിഞ്ഞു:—

നത്തകൻ— "ഏനെന്ന കളിയെടീമാലേ—ചൊല്ല—
'തിന്തിന്നത്തെന്നായി' പോരേ!

നത്തകി— നാട്ടിലേ വളമകൾം പാടീ നല്ല
തിന്തിന്നത്തെന്നായി ചവുട്ടാം.

നത്തകൻ— തിന്തിന്നത്തെന്നായി ചവുട്ട്യാ—നിന്റെ
കുമ്പയൊടയുല്ലേടീമാല—

നത്തകി— കുമ്പയൊടയാതെ കളിച്ചാ—നല്ല—
യമ്പഴങ്ങാ തരുമോ കുറവാ—

നത്തകൻ— അമ്പഴങ്ങാ കൊണ്ടുത്തന്നാ—നീയും
വെറോരുമ്മാൻ തരുമോടീമാലേ—"

ആ കലാകേളിയുടെ നടുവിലും അവർ അറിയാതെ ഒന്നു സല്ലപിച്ചുപോയി. (ചില പ്രാകൃതവർഗ്ഗക്കാരുടെ ഇടയിൽ, കന്യക വെറോരുമ്മാൻ കൊടുക്കുകയെന്നാൽ കാമുകന്റെ പ്രണയാഭ്യർത്ഥന സ്വീകരിക്കുകയെന്നാണർത്ഥം.) പക്ഷേ വെളയാട്ടം പറയാനുള്ള സമയമല്ല അതെന്നു് അവൾ ഓർമ്മിക്കുന്നു. വെളയാട്ടം നിറുത്തീട്ട് കളിച്ചാലോ? പ്രതിഫലം ചീരകച്ചെമ്പാവരിയാണു്!

നത്തകൻ — "അമ്പഴങ്ങാ കൊണ്ടുത്തന്നാ—നീയും
വെറോരുമ്മാൻ തരുമോടീമാലേ—

നത്തകി വെളയാട്ടം പറയാണ്ടിരി കുറവാ—നല്ല
തിന്തിന്നത്തെന്നായി ചവുട്ടാം.

നത്തകൻ— തിന്തിന്നത്തെന്നായി ചവുട്ട്യാ—നെന്ന—
ക്കെന്തോന്നു കിട്ടുമടീ മാലേ—

നത്തകി— തിന്തിന്നത്തെന്നായി ചവുട്ട്യാ—നല്ല
ചീരകച്ചെമ്പാവരി പോരെ—

നത്തകൻ— ചീരകച്ചെമ്പാവരി കിട്ടാ—നിപ്പോം
കണ്ടങ്ങളം കൊയ്തോടീമാലേ —

നത്തകി— കണ്ടങ്ങളം കൊയ്തുകൊട്ടുങ്കി—ട്ടല്ലേ
തിന്തിന്നകളിക്കുന്നേ—കുറവാ

നത്തകൻ— കളിക്കുമെടി കളിക്കാമെടി—ചെല്ലം—നല്ല
തിന്തിന്നത്തെന്നായി പാടാം,

നത്തകി— തിന്തിന്നത്തെന്നായി ചവുട്ടാ—ലെന്റെ
കുമ്പയൊടയുല്ലേ കുറവാ—

നത്തകൻ— അനങ്ങാതെ ചെനങ്ങാതെ തിന്നാൻ—നമ്മ
ഇടിയാന്റെ ക്രൂട്ടത്തിലല്ലേ?
കളിയെടീ കളിയെടീമാലെ—നല്ല
തിന്തിന്നത്തെന്നായി പാടാം
നാട്ടിലേ വളമകൾം പാടീ—നല്ല
തിന്തിന്നത്തെന്നായി ചവുട്ടാം.

നത്തകി— അക്കരമലയിലെ മോളേൽ—ചെന്നാ
ലപ്പൂപ്പൻ പാട്ടന്നതു കേൾക്കാം
തിന്തിന്നത്തെന്നായിതാനേ—തനി
തിന്തിന്നത്തെന്നായിതാനേ—
താനിന്നത്തെന്നായിത്താനേ—തനി
താനിന്നത്തെന്നായിത്താനേ

നത്തകൻ — കളിയെടീകളിയെടീ ചെല്ലം—നല്ല
പഴങ്കുറന്തം പാടടീമാലേ—
അക്കര മലയിലെമോളേൽ—ചെന്നാ—
ലപ്പൂപ്പൻ പാട്ടന്നതു കേൾക്കാം.
തിന്തിന്നത്തെന്നായിതാനേ—തന
തിന്തിന്നത്തെന്നായിത്താനെ—

ഒരു കാലയളവുകൊണ്ട് ചൈനയിലെ സാമൂഹ്യസംവിധാനത്തിൽ സംഭവിച്ചിട്ടുള്ള അത്ഭുതകരമായ പരിവർത്തനത്തിന്റെ ഗുണഫലങ്ങളെപ്പറ്റി അവർക്ക് അറിവുണ്ടാകണമെങ്കിൽ, വിപ്ലവത്തിനു മുമ്പുള്ള അവരുടെ ജീവിതാവസ്ഥകളെയെത്തിപ്പിടിച്ച് അവയോടു് ഇണങ്ങിച്ചേരണം. അതിനു കാണിക്കേണ്ടതു് ആവശ്യമാണ്.

എങ്കിലും, ചിലപ്പോൾ അയാൾ ചരണം അപഹാസത്തിന്റെ മേഖലയിലേയ്ക്കുകടന്നുചെല്ലുന്നു കൊല്ലത്തെ ഒരു ബാർബർഷാപ്പിനെപ്പറ്റിക്കുടെ ഞാൻ ഓർത്തുപോയി നിലക്കണ്ണാടിയുടെ തൊട്ടുമുകളിലായി 'ക്ഷുരകസ്പർശത്തിന്റെ മാന്ത്രികശക്തി'യെപ്പറ്റി ഒരു പരസ്യം പതിച്ചിട്ടുണ്ട്. ഒരു മുഖത്തിന്റെ രണ്ടു ചിത്രങ്ങളാണ് ആ പരസ്യം ഒന്ന്, ആ മാന്ത്രികസ്പർശനത്തിനു് മുമ്പും മറ്റൊന്നു് പിമ്പുമുള്ളതു്.

ദിനരാത്രങ്ങളും അവിശ്രാന്തമായി പണിയെടുത്തു് പരിക്ഷീണനായി ഞാൻ ചിലപ്പോൾ ആ ബാർബർഷാപ്പിൽ കയറിച്ചെല്ലുമ്പോൾ ഒരു ഭാഗത്തു് ഒരു ഷേവുചെയ്തിരുന്നു എന്നു് ബോദ്ധ്യപ്പെട്ടിട്ടാണ് ഞാൻ അവിടെ കയറിച്ചെല്ലുന്നതു്. ആ ക്ഷുരകസ്പർശനത്തിന്റെ ആവശ്യകത നല്ലതിൻവണ്ണം ബോദ്ധ്യപ്പെട്ട് അവിടെച്ചെല്ലുന്ന എന്നെ ഉദ്ദേശിച്ചാണ് തന്റെ മാന്ത്രിക വൈഭവത്തെപ്പറ്റി ബാർബർ പരസ്യം ചെയ്തിരിക്കുന്നതു്! എന്നെപ്പോലെ അക്കാര്യം ബോദ്ധ്യപ്പെടാത്തവർക്കുവേണ്ടി ആ നശിച്ച പരസ്യപ്പലകയെടുത്തു് പുറത്തെങ്ങാനും കെട്ടിത്തൂക്കിയിടരുതോ? അങ്ങനെയെങ്കിൽ അതു മാന്ത്രികവൈഭവം ബോദ്ധ്യപ്പെടുത്തുമല്ലോ. എന്റെ പാപങ്ങളോർത്തു് ഞാൻ പശ്ചാത്തപിച്ചു് പ്രായശ്ചിത്തം ചെയ്തുകഴിഞ്ഞപ്പോഴെങ്കിലും, ദൈവത്തിനെയോർത്തു്, എന്നിലുള്ള ആ പഴയ പിശാചിനെ പെരുക്കിക്കാണിച്ചു് എന്നെ അവഹേളിക്കാതിരിക്കുക!

(തുടരും)



സംസ്ഥാന ഫുട്ബാൾ ബൂട്ട് സുധരിക്കുന്നു

★

[ശ്യാമകൃഷ്ണൻ]

ഡിസംബർ 14-ാംതീയതി തലസ്ഥാനനഗരത്തിലെ സ്റ്റേഡിയത്തിൽ സമാരംഭിക്കുന്ന 'തിരുവിതാംകൂർ ട്രോഫി' ഫുട്ബാൾ മത്സരത്തെപ്പറ്റി ഈ പംക്തിയിൽ പരാമർശിച്ചിരുന്നതു വായനക്കാർ ഓർമിക്കുമല്ലൊ സന്തോഷ് ട്രോഫി, റോവേഴ്സുകപ്പ്, ഐ. എഫ്. എ. ഷീൽഡു തുടങ്ങിയ അഖിലഭാരത മത്സരങ്ങളെപ്പോലെ തിരുവിതാംകൂർ ട്രോഫിയെ 'ബൂട്ടസ്' ഫുട്ബാളിന്റെ പന്ഥാവിൽ ഇടം പ്രഥമമായി പ്രതിഷ്ഠിക്കാൻ നമ്മുടെ ഫുട്ബാൾ അസ്സോസിയേഷന്റെ കേന്ദ്രകൗൺസിൽ ധീരമായി തീരുമാനിച്ചിരിക്കുന്നു. ബൂട്ടുധരിച്ചു കളിക്കുന്ന മുന്തിയ മത്സരരംഗങ്ങളിൽ തിരസ്ക്കരിക്കപ്പെട്ടിരിക്കുന്ന സംസ്ഥാനഫുട്ബാളിനെ ബൂട്ടുധരിച്ചുകൊണ്ടുള്ള കളിയുടെ നിലവാരത്തിലേക്കു ഉയർത്തുന്നതിനുള്ള അവസരോചിതമായ ഒരു പദ്ധതിയും കേന്ദ്രകൗൺസിൽ ആസൂത്രണം ചെയ്തിട്ടുണ്ട്. ഈ പദ്ധതി അനുസരിച്ചു അടുത്ത വർഷത്തെ സർദാർ രാമൻതമ്പി ഷീൽഡു ലീഗ് ഫുട്ബാൾ ടൂർണമെന്റു ബൂട്ടുധരിച്ചുള്ള സിനിന്റെ അടിസ്ഥാനത്തിൽ നടത്തപ്പെടുന്നതാണ്. 1955 ജനവരിയോടുകൂടി നഗ്നപാദ ഫുട്ബാൾ ഭാരതത്തിലാകമാനം നിരോധിക്കാനിടയുള്ളതുകൊണ്ടു അതിനകം സംസ്ഥാനത്തെ ഫുട്ബാൾ കളിക്കാർ ബൂട്ടുധരിച്ചുകൊണ്ടുള്ള ഫുട്ബാൾ പൂർണ്ണമായി സ്വീകരിക്കുമെന്നും കേന്ദ്രസമിതി പ്രത്യാശിക്കുന്നു.

* * *

നമ്മുടെ ഫുട്ബാൾ പ്രേമിലോകത്തിനു സുപരിചിതനായിരുന്ന അന്തരിച്ചു പോയ ജോസഫ് സഖറിയയുടെ സ്മാരകാർത്ഥം തിരുവനന്തപുരം യങ്ങ്സ്റ്റേഴ്സ് ക്ലബ്ബും നടത്തുന്ന ഫുട്ബാൾ മത്സരം നവംബർ 22-ാം തീയതി സ്റ്റേഡിയത്തിലാരംഭിക്കുന്നതാണ്.

* * * *

റംഗൂണിലെ കോഓപ്പറേഷൻ ഫുട്ബാൾ ടൂർണമെന്റിൽ ഒരു ഗോളിനു ഇൻഡ്യൻ പക്കിസ്ഥാനേയും ഒരു ഗോളിനെതിരായി അമ്പു ഗോളിനു ബർമ്മ സിലോണിനേയും തോൽപ്പിച്ചിരിക്കുന്നു. ഇപ്രാവശ്യത്തെ ബഹുമതി ഇൻഡ്യാകരസ്ഥമാക്കുമെന്നാണു പ്രതീക്ഷ.

* * *

തിരു-കൊച്ചി ഫുട്ബാൾ ടീമിയുടെ മുൻമാനേജരായിരുന്ന അന്തരിച്ചു പോയ ശ്രീ. വി. കെ. ആർ. മേനോന്റെ ബഹുമാനസൂചകമായി 1954 ഫെബ്രുവരിമാസത്തിൽ തിരുവനന്തപുരത്തുവച്ചു ഒരു ഇൻറർ ഡിസ്ട്രിക്ട് ലീഗ്ഫുട്ബാൾ മത്സരം നടത്താൻ തീരുമാനിച്ചിരിക്കുന്നതായി ടൂർണമെന്റു കമ്മിറ്റിയുടെ കൺവീനറായ ശ്രീ. പി കെ. ശങ്കരൻനായർ അറിയിക്കുന്നു

* * *

പ്രതീക്ഷകൾക്കു വകനൽകിയിട്ടുള്ള ഇൻഡ്യൻ ഫുട്ബാൾരംഗത്തെ ഇളംതലമുറക്കാർക്കു വിദഗ്ദ്ധോപദേശവും പ്രായോഗിക പരിശീലനവും നൽകുന്നതിനായി ഇൻഡ്യൻ ദേശീയ സ്പോർട്സ്കൗൺസിൽ അഖിലലോകപ്രശസ്തനായ ഒരു വിദേശകോച്ചിനെ ക്ഷണിച്ചിരിക്കുന്നു. ദേശീയ സ്പോർട്സ് ക്ലബ്ബിനൊട്ടതിരുവനന്തപുരം ഒരു പരിശീലനകേന്ദ്രമായി തെരഞ്ഞെടുക്കണമെന്നു അഭ്യർത്ഥിച്ചിട്ടുള്ളതായും അനുഭാവപൂർവം അവർ പ്രസ്തുത അഭ്യർത്ഥനയെ പരിഗണിച്ചിട്ടുള്ളതായും പ്രസ്താവിക്കപ്പെട്ടുന്നു.

* * *

ഇൻഡ്യൻ ഫുട്ബാൾ രംഗത്തെ ഏറ്റവും പാരമ്പര്യമുള്ള ബൂട്ടുബാൾ റിക്കളിലൊന്നായ ഹൈദ്രാബാദു പോലീസു പ്രസിദ്ധമായ റോവേഴ്സ് കപ്പു് നാലാമതൊരിക്കൽക്കൂടി കരസ്ഥമാക്കി ചരിത്രം സൃഷ്ടിച്ചിരിക്കുന്നു. 1891 ൽ സമാരംഭിച്ച പ്രസ്തുത മത്സരത്തിൽ ഇങ്ങനെപ്രഥമമായാണു് ഒരു റിക്കു നാലാമതൊരിക്കൽ റോവേഴ്സ്കപ്പ് കയ്യടക്കുന്നതു്.

* * * *

സംസ്ഥാന കളിമ്പിക്ക സ്പോർട്സു 1954 ജനവരി മൂന്നാംവാരത്തിൽ തിരുവനന്തപുരത്തുവച്ചു നടത്തുന്നതാണെന്നു ശ്രീ. രാഘവൻനായരുടെ ഒരു സന്ദേശത്തിൽ പ്രസ്താവിക്കുന്നു:

* * *

കഴിഞ്ഞ ഇൻഡ്യൻ നാഷണൽ ചാമ്പ്യൻഷിപ്പിൽ ഹൈജമ്പിൽ ദ്വിതീയസ്ഥാനം കരസ്ഥമാക്കിയ തിരു-കൊച്ചിയിലെ വനിതാ സ്പോർട്ട്സിനെ സംപൂജ്യപീഠത്തിൽ ആദ്യമായി പ്രതിഷ്ഠിച്ച ശ്രീമതി ലൂസിപാപ്പിനു കളിമ്പിക്ക സമിതിയുടെ നിസ്തുല്യമായ കൃത്യസമ്മാനിക്കാൻ സമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചിരിക്കുന്നു.

* * *

തിരു-കൊച്ചി കളിമ്പിക്കു് അസ്സോസിയേഷന്റെ നാലാം വാർഷികാഘോഷങ്ങൾ നവംബർ മൂന്നാംവാരത്തിൽ മദിരാശി മന്ത്രി രാമനാട്ടരാജാവു് ഉൽഘാടനം ചെയ്യുന്നതാണു്.

* * * *

ഇൻഡ്യൻ ക്രിക്കറ്റിന്റെ വിശ്വസ്ഥ കാവൽഭടന്മാരിലൊരാളായ പി. ആർ. മൻസിംഗ് കാമൺവെൽത്തു രജതജൂബിലി പര്യടന റ്റീമിനെതിരെ അണിനിരക്കുന്ന പ്രഥമ ഇൻഡ്യൻ ടെസ്റ്റു റ്റീമിനെ നയിക്കുന്നതാണു്.

* * *

ഇംഗ്ലണ്ടിലെ ടെസ്റ്റു ക്രിക്കറ്റുകളിക്കാരനായ ആർ. റ്റി. സിംസൺ കാമൺവെൽത്തു റ്റീമിന്റെ ചേരിയിൽ കളിക്കുന്നതിനായി ഭാരതത്തിലാഗതനായിരിക്കുന്നു.

* * * *

ബാസ്കിങ്ങ് രംഗത്തെ ലോകമിഡിൽ വെയിറ്റു ടൈറ്റിൽ സിബി. ഓസ്ലോൺ കരസ്ഥമാക്കിയിരിക്കുന്നു.

THE
TARAPADHAM

ADVERTISEMENT RATES.

Cover Front Page	Rs.	125
,, Last Page	,,	100
,, 2nd Page	,,	75
,, 3rd Page	,,	75
Inner Full Page	,,	50
,, Half Page	,,	30
,, Per inch Single Col.	,,	2

കഴിഞ്ഞയാഴ്ച

കാൺഗ്രസ്സിലെ കടൽക്കള്ളന്മാർ

(എൻ. രാമചന്ദ്രൻ)

അധികാരത്തിൽ വന്നതോടുകൂടി കാൺഗ്രസ്സിനകത്തു കള്ളവും കൊള്ളയും കത്തിക്കുത്തും അരംഭിച്ചതാണു്. ഇന്നും അതു അനസ്യൂതമായി നടക്കുന്നുമുണ്ടു്. എല്ലാ സ്റ്റേറുകളിലും അങ്ങാടൽഹിയിലും കാൺഗ്രസ്സുകാരുടെ കൊള്ളയും കൊള്ളരുതായ്മയും വർദ്ധിച്ചു വരികയാണു് ഇവ കൊള്ളക്കാർ തമ്മിലുള്ള കലഹം "അച്ചുടക്കലംഘനം"മെന്നും "അച്ചുടക്കനടപടിയെന്നും" മറ്റുമുള്ള തലക്കെട്ടിൽ അടിക്കടി പത്രങ്ങളിൽ പ്രത്യക്ഷപ്പെടാറുണ്ടു്. വിട്ടുരമായ; പ്രടകങ്ങളിൽ ഇത്തരം കലഹങ്ങളും ഉണ്ടാകുമ്പോഠം വഴക്കുകാരെ ഡൽഹിയിലെഹൈക്കമാർട്ടേഴ്സിൽ വിളിച്ചു വരുത്തി കാര്യങ്ങളും പറഞ്ഞൊതുക്കുന്ന ഒരു പതിവുമുണ്ടു് തിരു-കൊച്ചിയിൽത്തന്നെ ഇത്തരം പല വഴക്കുകളും പല പറഞ്ഞൊതുക്കലുകളും നടന്നിട്ടുണ്ടു്.

പാർട്ടിയുടെ പ്രവർത്തന പരിപാടികളിൽ പിഴവുണ്ടായിരുന്നുവെന്നോ നയ പ്രഖ്യാപനത്തെ വിമർശിച്ചതെന്നോ ഖിലേന്ത്യാ കമ്മിറ്റിയെ എതിർത്തൊന്നോയെന്നൊന്നുമായിരുന്നില്ല ഒരിക്കലും ആരോപണങ്ങൾ. മന്ത്രിമാർ കൈയ്ക്കൂലിവാങ്ങി, സ്വന്തക്കാർക്ക് അനർഹമായി ഉദ്യോഗങ്ങളും ഉദ്യോഗക്കയറ്റങ്ങളും കൊടുത്തു, ബന്ധുജനങ്ങൾക്കു ഭൂമി പതിച്ചുകൊടുത്തു, രാഷ്ട്രീയ താല്പര്യങ്ങൾനോക്കികോൺട്രാക്ടുകൾ കൊടുത്തു എന്നിങ്ങനെ ഒരു മന്ത്രിക്കെതിരായും ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്ത ആരോപണങ്ങളാണു കാൺഗ്രസ്സ് സത്രമന്മാരുടെ നേരെക്ക് കാൺഗ്രസ്സുകാരുതന്നെയുന്നയിച്ചിട്ടുള്ളതു്. ഈ ആരോപണങ്ങൾക്കു ശക്തി വർദ്ധിച്ചുവരുമ്പോഴാണു അച്ചടക്കനടപടിക്കാര്യം വരുന്നതു്. ഒരു അന്വേഷണക്കമ്മറിയെ നിയമിക്കുകയെന്നതാണു് അടുത്ത നടപടി. കേന്ദ്രകാൺഗ്രസ്സ് ഇടപെട്ടും പ്രാദേശികകാൺഗ്രസ്സ്കമ്മിറ്റികളും മുമ്പിട്ടും ഇങ്ങനെ ഒട്ടേറെ അന്വേഷണസമിതികളും രൂപീകരിച്ചിട്ടുണ്ടു്. പക്ഷേ ഈ അന്വേഷണങ്ങളുടെയൊക്കെ ഫലത്തിനു അത്ഭുതാവഹമായ ഐകരൂപ്യം കണ്ടെത്തിയിരുന്നുണ്ടു്. എല്ലാ സ്റ്റേറുകളിലും ഉണ്ടായിട്ടുള്ള ഇത്തരം ആരോപണങ്ങളും അടിസ്ഥാനരഹിതങ്ങളായിരുന്നുവെന്നാണു അവസാനം തെളിഞ്ഞിട്ടുള്ളതു്.

തിരു-കൊച്ചിയിൽ ഇങ്ങനെ ഒട്ടേറെസംഭവങ്ങളും നടന്നിട്ടുണ്ടു്. കാൺഗ്രസ്സ് മന്ത്രിമാരെക്കുറിച്ചു് പരസ്യമായി ആരോപണങ്ങളും നടത്തുന്നതു് സംഘടനയ്ക്കു ദോഷമാണെന്നു കരുതി വിവരങ്ങൾ രഹസ്യമായി നെഹ്റുവിനെ എഴുതി അറിയിച്ചവരുണ്ടു്. അല്പമെങ്കിലും ഇവിടെവന്നു ഉപയോഗം വിളിച്ചുകൂട്ടി ആ ആരോപണങ്ങൾ കഴമ്പില്ലാത്തവയാണെന്നു പരസ്യമായി പറഞ്ഞിട്ടുപോയ സംഭവങ്ങളുമുണ്ടു്.

ഈ കഴിഞ്ഞ ആഴ്ചയിൽ മുട്ടത്തുവച്ചു കാൺഗ്രസ്സിന്റെ ഇപ്പോഴത്തെ പ്രമാണികനും കുടിച്ചെന്നു മറ്റു ചില പ്രമാണികളുടെമേൽ അച്ചടക്കനടപടികളെടുക്കുന്നതിനെപ്പറ്റി ചർച്ച ചെയ്തു. അവസാനം ആ ആലോചനയും ഒരു അന്വേഷണക്കമ്മിറ്റിയിൽ ചെന്നവസാനിച്ചു. ശ്രീ. സി. കേശവൻ, ചന്ദ്രശേഖരപിള്ള, സി. നാരായണപിള്ള തുടങ്ങിയ കാൺഗ്രസ്സ് വർഗ്ഗതാക്കളുടെമേൽ അച്ചടക്കനടപടിയെടുക്കുന്നതിനെക്കുറിച്ചു അന്വേഷിച്ചു തീരുമാനിക്കാനാണു കമ്മിറ്റിയെ നിയമിച്ചിരിക്കുന്നതു് ഈ കമ്മിറ്റിയെക്കുറിച്ചു് ഇനി അധികമൊന്നും കേട്ടില്ലെന്നുവരും ശ്രീ സി, കേശവൻ തുടങ്ങിയുള്ളവർ അച്ചടക്കലംഘനം നടത്തിയെന്നുള്ളതു ശരിയാണു് അവരുടെമേൽ നടപടിനടത്തേണ്ടതു കെട്ടുറപ്പുള്ള ഒരു സംഘടനയുടെ ആവശ്യവുമാണു്. പക്ഷേ ഇവിടെ അതുനടക്കുകയില്ല. കാരണം സ്വഭാവശുദ്ധിയോ അച്ചടക്കമോ ആദർശധീരതയോ ഉള്ള ഒറ്റയാളുപോലും കാൺഗ്രസ്സ് എന്നു വിളിക്കപ്പെടുന്ന ഈ പാർട്ടിക്കകത്തില്ലെന്നതാണു്. ഇപ്പോൾ അച്ചടക്കനടപടികൾ കൈക്കൊണ്ടാൽ അതു അടുത്തതെരഞ്ഞെടുപ്പിനെ വളരെ പ്രതികൂലമായി ബാധിക്കുമെന്നും കാൺഗ്രസ്സിനെ നശിപ്പിക്കുമെന്നും മുട്ടത്തുകൂടിയിരുന്ന അച്ചടക്കമുള്ള അദർശവാദികളിൽ പലരും വാദിച്ചുവെന്നും റിപ്പോർട്ടുകണ്ടു. ആദർശ ഭിക്ഷയെക്കാളും അച്ചടക്കപാലനത്തെക്കാളും വലുതു തിരഞ്ഞെടുപ്പാണെന്നു കാൺഗ്രസ്സുകാർക്കറിയാം ശർക്കരകുടത്തിലിട്ടിരിക്കുന്ന കൈയ്യു് അതിൽ നിന്നെടുക്കേണ്ടിവരാതെ സൂക്ഷിക്കണമല്ലോ വിവിധസ്ഥടകങ്ങളിൽ ഉണ്ടാകുന്ന അന്വേഷണക്കമ്മറികളും അലസിപ്പോകുവെങ്കിലും കേന്ദ്രം രൂപീകരിക്കുന്ന കമ്മിറ്റി കൂടുക്കു അത്ര സ്ഥിതി സംഭവിക്കാറില്ല. അവിടെയുണ്ടാക്കുന്ന കമ്മറികളെല്ലാം റിപ്പോർട്ടു ചെയ്യാറുണ്ടു്. ആ റിപ്പോർട്ടുകളെല്ലാം ആരോപണങ്ങളും ബാലിശങ്ങളാണെന്ന കണ്ടുപിടിത്തങ്ങളായി പുറത്തുവരാറുമുണ്ടു്. ഇതായിരുന്നു ഹൈദ്രബാദിലെ കഴിഞ്ഞ മുങ്ങിത്തപ്പി കേന്ദ്രകാൺഗ്രസ്സ് ഇതേ കണ്ടുപിടിത്തം അവത്തിച്ചതു്.

ഹൈദ്രബാദിലെ ചീഫ്മിനിസ്റ്റർ ഗവർമ്മെൻറുപണംകൊണ്ടു സ്വന്തം വീട്ടുവച്ചെന്നും പുതിയിടം വാങ്ങിയതും ഗവർമ്മെൻറു ഭൂമിതനിക്കു രാജ്യത്തുമുള്ള ചിലർക്കു കുറഞ്ഞ വിലയ്ക്കു കൊടുത്തുവെന്നും മറ്റുമുള്ള അതിഗുരുതരങ്ങളായ ആരോപണങ്ങളും അവിടത്തെ ഒരു സംഘടനാകാൺഗ്രസ്സ് എം. എൽ. ഏ. മാർചേർന്നുന്നയിച്ചു. ആദ്യമൊക്കെ മിസ്റ്റർ രാമകൃഷ്ണറാവുവും കേന്ദ്രവും ആ ആരോപണങ്ങളും അർഹിക്കുന്ന അവജ്ഞയോടുകൂടിത്തന്നെ തള്ളിക്കളഞ്ഞു. പക്ഷേ ഇപ്രാവശ്യം കാൺഗ്രസ്സ് എം. എൽ. എ മാർ അസംബ്ലിയിൽ കാൺഗ്രസ്സിനു വോട്ടു ചെയ്യാതിരിക്കുമെന്നു പ്രസ്താവിച്ചപ്പോൾ കാര്യങ്ങൾക്കു കുറച്ചുകൂടി വിടുവുകൊടുക്കുവാൻ ഹൈക്കമാൻഡ് തയ്യാറായി. അതിനുള്ള കാലതാമസം നേരിട്ടപ്പോൾ നടന്നുകൊണ്ടിരുന്ന അസംബ്ലി സമ്മേളനം രാജപ്രമുഖനെക്കൊണ്ടു് മാറ്റിവയ്പിച്ചു. അതായതു സ്റ്റേറുകളിൽ മുമ്പിൽ കുത്തിനിറയിരിക്കുന്ന രാജപ്രമുഖന്മാരുടേയും ഗവർണ്ണർമാരുടേയും ചുമതല കാൺഗ്രസുകാരുടെ സംരക്ഷിക്കുകയെന്നതാണല്ലോ.

അസംബ്ലി മാറ്റിവച്ചശേഷം രണ്ടു കക്ഷിക്കാരേയും ഡൽഹിയിലേയ്ക്കു വിളിച്ചു തുടർച്ചയായ കുറെ ആലോചനകളും നടന്നു. ഒരു സമിതിയുടെ നേതൃത്വത്തിൽ ആരോപണങ്ങളെക്കുറിച്ചു അന്വേഷണങ്ങളും നടന്നു. അവസാനം വിധി കല്പിക്കപ്പെട്ട ആരോപണങ്ങളും കഴമ്പില്ലാത്തവയും ബാലിശങ്ങളുമാണെന്നും. ഹൈദ്രബാദുകാരെല്ലാം ഡൽഹിയിൽനിന്നു മടങ്ങുകയും ചെയ്തു. റിബല്ലുകളും ഇനി ശബ്ദമുയർത്താതിരിക്കാൻ മറുകക്ഷി ഒരു പ്രയോഗംകൂടി നടത്തിയിട്ടുണ്ടു്. റിബല്ലുകളെ സഹായിക്കുന്ന ഹൈദ്രബാദ് കാൺഗ്രസ്സ് പ്രസിഡൻറു രാജിവയ്ക്കണമെന്നു കുറെപ്പേർചേർന്നു ആവശ്യപ്പെട്ടിരിക്കുകയാണു്. സ്വാമി രാമാനന്ദതീർ



ഈയിടെ തിരുവനന്തപുരത്തും മറ്റുമുള്ള എല്ലാ വഴിക്കവലകളിലും കസേരസഹനയജ്ഞങ്ങൾ നടത്തിവരുന്നു.

ത്ത ഉടനടി രാജിവച്ചില്ലെങ്കിൽ അവിശ്വാസപ്രമേയം അവതരിപ്പിക്കുമെന്നു ഭീഷണിയും പുറപ്പെടുവിച്ചിട്ടുണ്ട്. അങ്ങനെ ഒരു കക്ഷി ഉന്നയിച്ച ആരോപണങ്ങൾക്കു മറുകക്ഷി ഭീഷണികൊണ്ടു നേരിട്ടിരിക്കുകയാണു്.

ശാസ്ത്രിജിയുടെ പേരും പറഞ്ഞു ഖദറുമിട്ടുനടക്കുന്ന ഈ ഇരുപത്തിനാലു എം. എൽ. എ. മാർ ഉത്തമവിശ്വാസത്തോടുകൂടിയാണു് ആരോപണങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതെങ്കിൽ അഴിമതിക്കു കൊള്ളയ്ക്കുട്ടനിൽക്കുന്ന നേതാക്കന്മാരുമായി സലാംപറഞ്ഞു പിരിയേണ്ടതാണു്. പക്ഷേ അതൊന്നുമല്ല സംഭവിച്ചതു്. അഴിമതിനടത്തുന്ന മന്ത്രിസഭയ്ക്കു സംപൂർണ്ണസഹായം വീണ്ടും വാഗ്ദാനം ചെയ്തുകൊണ്ടാണു് അവർ പിരിഞ്ഞിരിക്കുന്നതു്.

പണ്ടു മദ്രാസ്സ് മന്ത്രിസഭയുടെ മേൽ പ്രകാശം അഴിമതിക്കുറ്റം ആരോപിച്ചപ്പോൾ കേന്ദ്രത്തിന്റെ നിലയും തന്നെ അയിരുന്നു. ഇത്തരം ആരോപണങ്ങളും ഈ ആരോപണങ്ങൾ മുതലെടുപ്പുണ്ടാക്കുന്ന രീതികളും കാണുമ്പോൾ കോൺഗ്രസ്സുകാർ ഒരു സംശയം കടിച്ചമർത്തുന്നുണ്ടോയെന്നു തോന്നിപ്പോകും. കൊള്ളയടിച്ചു കിട്ടിയ സാധനങ്ങൾ പങ്കിടുന്നതിൽ തർക്കമുണ്ടാകും. ഡൽഹിയിലെ തലവന്മാർ അതു പറഞ്ഞൊതുക്കും. കലഹിച്ചവർ ഒന്നായി നിന്നു വീണ്ടും പൂഷണം തുടരും. മഹത്തായ ഭൂതകാലമുള്ള കോൺഗ്രസ്സിന്റെ വർത്തമാനകാലം ഇതാണു്.

കോൺഗ്രസ്സിലെ കൈക്കൂലികളെപ്പറ്റിയും അഴിമതികളെപ്പറ്റിയും ആരോപണങ്ങൾ ഓടിത്തുന്നവർ പച്ചപ്പരിഷ്കാരിയും ചർച്ച കോൺഗ്രസ്സിനുവേണ്ടി വോട്ടുചോദിക്കാനും കോൺഗ്രസ്സിനു പിൻതുണ നൽകുന്നതിനു ഉൽബോധിപ്പിക്കാനും വന്നപ്പോൾ പൊതുജനങ്ങൾക്കു തക്ക സമാധാനം നൽകി പറഞ്ഞയച്ചാൽ ഈ മാരണങ്ങളുടെ ശല്യം വളരെക്കുറയും.

കോൺഗ്രസ്സുകാർ തമ്മിൽത്തല്ലിച്ചത്താൽ ഈ രാജ്യത്തിനു ഒരു ചുക്കും വരാനില്ല. ഈ ഈർഷ്യാബാധകൊണ്ടു മുഴുഞ്ഞുപോയാൽ മനുഷ്യൻ രക്ഷപ്പെട്ടുമെന്നുള്ളതാണു് വാസ്തവം. പക്ഷേ ഇതിനിടയിൽ ഒരു കാര്യംകൂടി സംഭവിക്കുന്നുണ്ടു്. വിമർശനം നടത്തുന്ന കോൺഗ്രസ്സുകാരെ തുപ്പലപ്പെടുത്തുന്നതിനുവേണ്ടി അധികാരത്തിലിരിക്കുന്ന കോൺഗ്രസ്സുകാർ രാജ്യത്തിന്റെ മുതൽ ദുർവിനിയോഗപ്പെടുത്തുകയും മുഴുമതികൾ കാണിക്കുകയും ചെയ്യുന്നുണ്ടു്. രാജ്യമെന്നു പറയുന്നതു കുടുംബസ്വത്തോ കൊള്ളയടിച്ചുണ്ടാക്കിയ മുതലോ അല്ലെന്നു കോൺഗ്രസ്സുകാരെ ജനങ്ങൾ ധരിപ്പിക്കേണ്ട കാലം കഴിഞ്ഞിരിക്കുകയാണു്.

— —

ജീവിതസമരം

— —

(10-ാം പേജിൽനിന്നു തുടർച്ച)

തണ്ടു് നിശ്ശ്വേഷം ഈ. വി അങ്ങനെ ഒടിച്ചുകളഞ്ഞു ഈ. വി മറ്റുള്ളവരെ പരിഹസിക്കുന്നതിലും താൻ പരിഹസിക്കപ്പെടുന്നതിലും മനുഷ്യപോലെ രസിച്ചിരുന്നു. താൻ നൽകാത്ത അഭയം മറ്റുള്ളവർ തനിക്കു നൽകണമെന്നു് ഈ വി. ഒരിക്കലും ആഗ്രഹിച്ചില്ല. ചില്ലറ മോഷണങ്ങൾക്കു് ഗ്ലാഡ്സ്റ്റനപ്പോലെ തന്റെ കരം ഛേദിക്കുന്നതിനു ഒരു കുരുക്കുപ്പു എപ്പോഴും ഉണ്ടാകുമായിരുന്നു എന്നു് ഈ. വി. തന്നെ പറഞ്ഞിരുന്നു. നല്ല സാധനങ്ങൾ കണ്ടാൽ എങ്ങനെ എടുക്കാതിരിക്കും എങ്ങനെ തന്നതാക്കാതിരിക്കും എന്ന കേവലയുക്തി ആണു് ഈ വി. ക്കു ഉണ്ടായിരുന്നതെന്നു തോന്നും.

വേറൊരു ദിവസം മിസ്റ്റർ. എം കെ. വേലുപ്പിള്ളയാണെന്നു തോന്നുന്നു നല്ലയുണ്ണിയിൽ ഒരു പുതിയ കോട്ടു ഇട്ടുകൊണ്ടു് വന്നു. കോട്ടിന്റെ തയ്യൽ മോശമായിരുന്നു, ഈ നല്ലയുണ്ണി എന്തിനു ഇങ്ങനെ വഷളാക്കി കളഞ്ഞു എന്നു് ഈ. വി. യോടു് ആരോ ചോദിച്ചു: "അല്ല അവൻ എന്റെ അയൽക്കാരനാണു് വളരെ നല്ല ശീലമാണു്. അതുകൊണ്ടു് തയ്യൽ അവനു കൊടുത്തതാണു്" എന്നു കോട്ടിന്റെ ഉടമസ്ഥൻ പറഞ്ഞു. പെട്ടെന്നു് ഈ. വി. ഒരു വലിയ പൊട്ടിച്ചിരിയോടെ ചാടിപ്പുണീരും ഉച്ചത്തിൽ ഇങ്ങനെ പറഞ്ഞു: — "അങ്ങനെയാണെങ്കിൽ അതാ ഇരിക്കുന്നു മി. കരുണാകരമേനോൻ. അദ്ദേഹത്തെക്കാളും നല്ല ഒരു മനുഷ്യൻ ഇല്ല. തയ്യൽ അദ്ദേഹത്തെ ഏൽപ്പിക്കാത്തതെന്തു്?" ബാർബർ മുഴുവൻ പൊട്ടിച്ചിരികളുടെ പ്രതിധ്വനി കൊണ്ടുകിടന്നു മുഴങ്ങി. കരുണാകരമേനോൻ കൊല്ലംബാറിലെ ഏറ്റവും പ്രമുഖന്മാരായ അഭിഭാഷകന്മാരിൽ ഒരാളായിരുന്നു. സഭാവൈശിഷ്ട്യത്തിൽ അദ്ദേഹത്തെ അതിശയിക്കാൻകൊല്ലം ബാറിൽ അന്നു് ആരും ഉണ്ടായിരുന്നില്ല. അദ്ദേഹത്തെ അതിനുശേഷം തെങ്ങളിൽ പലരും ഗ്രാമമായി തയ്യൽക്കാരൻ വരെയിൽ എന്നു പരിഹസിച്ചുമിരുന്നു. നല്ലവർ ആരുടെയെങ്കിലും കഥ ആരെങ്കിലും പറഞ്ഞാൽ, "ഏങ്കിൽ അയ്യാം കരുണാകരമേനോനെപ്പോലെ തയ്യാൻ പോകട്ടെ" എന്നു ഞങ്ങളുടെ ഇടയിൽ ഒരു "ഉപമാവാചകം" ഉണ്ടായി. ഇപ്പോഴും ഈ ശൈലി പ്രയോഗിക്കുന്ന ചിലരെ എനിക്കറിയാം

— —



അക്കാക്കി

സാധാരണ കുറിപ്പുകൾ എന്നതിനേക്കാൾ ഒരു ലേഖനത്തിന്റെ രൂപത്തിൽ ആയിരുന്നു എങ്കിൽ ഈ ലക്കത്തിലെ കുറിപ്പ് ഒരു ഒന്നാംതരം കലാസൃഷ്ടിതന്നെയായിരുന്നു. വളരെയേറെ രാഷ്ട്രീയപ്രാധാന്യമർഹിക്കുന്ന ഒരു കാര്യം ഇത്ര കലാപരിശുദ്ധിയോടുകൂടി പ്രദർശിപ്പിച്ചതിൽ ബാലകൃഷ്ണന്റെ കഴിവ് പ്രശംസാർഹം തന്നെയാണ്.

"അക്കാക്കി" ഇന്നു്—മീനച്ചൽ നിയോജകമണ്ഡലത്തിലെ സ്വതന്ത്രസ്ഥാനാർത്ഥി കോൺഗ്രസ്സ് കൊമ്പന്മാർക്കു വയറുവേദനയുണ്ടാക്കിക്കൊണ്ടിരിക്കുന്ന ഒരു വസ്തുതയായി തീർന്നിരിക്കുന്നു. ഹിന്ദുനേതാക്കന്മാരായ മന്നശങ്കരന്മാരും കീത്തോലിക്കാ കുഞ്ഞാടുകളുംകൂടി കുത്തിമറിഞ്ഞാലും മീനച്ചലിലെ ജനങ്ങളും വഞ്ചിതരാകയില്ലെന്നു് 'അക്കാക്കിക്കും' തങ്ങളും വഞ്ചിക്കപ്പെടുകയില്ലെന്നു് ജനങ്ങൾക്കും അറിയാം.

പി. ശിവാനന്ദൻ,
കായംകുളം.

ആശാന്റെ വീണ

ഈ തുലാം 10-നു് പുറപ്പെട്ട കൌമുദി ആഴ്ചപ്പതിപ്പിൽ ശ്രീ. എം. പ്രഭ എഴുതിയ ലേഖനം അവസാനിപ്പിക്കുന്നതിനു മുമ്പു് ശ്രീ. കുമാരനാശാന്റെ ഒരു ശ്ലോകം ഉദ്ധരിക്കാമെന്നു പ്രസ്താവിച്ചുകൊണ്ടു്

"നിങ്ങളിൽ വിശ്വങ്ങളെ ജയിക്കാൻ മതിയായ
മംഗലമഹാശക്തിയുറങ്ങിക്കിടക്കുന്നു
അതിനെ തട്ടി നിങ്ങളുണർത്തി
വിട്ടീടുകിലുയരാൻ കാമധേനു നിങ്ങൾക്കും....."

എന്ന കിളിപ്പാട്ടു ചേർത്തുകാണുന്നു.

ഈ വരികൾ സഹോദരൻ കെ. അയ്യപ്പൻ അവർകളുടെ സുപ്രസിദ്ധമായ 'ഉജ്ജീവനം' എന്ന കവിതയിൽ ഉള്ളതാണു്.

വി. എം. രാമൻ
കോഴിക്കോടു്.

പുഷ്പവും ഫലവും

നിറമില്ലാത്ത മരിവില്ലിനു് നിറപ്പകിട്ടു നൽകാൻ കഴിയുമോ എന്ന കെ. ബാലകൃഷ്ണന്റെ ചോദ്യത്തിനു്. കെ സുരേന്ദ്രൻ വളരെ വ്യക്തമായും കഴിഞ്ഞലക്കത്തിലെ അദ്ദേഹത്തിന്റെ ലേഖനത്തിൽ ക്ലിപ്തമായിപ്പറയുന്നുണ്ടു്. കേവലം നിരൂപണമെന്നതിൽക്കവിഞ്ഞ ഏതോ ഒരാനന്ദാനുഭൂതി ശ്രീ. സുരേന്ദ്രന്റെ ലേഖനത്തിൽ തങ്ങിനിൽപ്പുണ്ടു്. ഒരു നല്ലചെറുകഥ വായിക്കുമ്പോഴത്തെപ്പോലുള്ള ആസ്വാദ്യത! ഒരു പുതിയ മാതൃകയാണു് ശ്രീ സുരേന്ദ്രൻ ആവിഷ്കരിച്ചിരിക്കുന്നതു് സോക്രട്ടീസിന്റെയും ഗ്രോംസ്റോയിയുടെയും ഗാന്ധിജിയുടേയും സിദ്ധാന്തങ്ങൾ ഉദ്ധരണിക്കസർത്തുകൾ കൂടാതെ അവരെക്കൊണ്ടുതന്നെ നമ്മുടെ മുൻപിൽ നിരത്തിവയ്പിക്കുന്നുണ്ടു് കൂടാതെ അവരിൽക്കൂടിതന്നെ അവരുടെ ഭാര്യമാരുടെ പ്രവൃത്തികൾ കാട്ടി—ശ്രീ. ബാലകൃഷ്ണന്റെ നിശമനത്തെ ശക്തിയായി ഖണ്ഡിക്കുന്നതിനു് സുരേന്ദ്രൻ കഴിഞ്ഞിട്ടുണ്ടു്. അദ്ദേഹത്തിന്റെ ലേഖനം വളരെ വിലയേറിയ ചില സംഭാവനകൾ വായനക്കാർക്കു നൽകുന്നുണ്ടു്. ചെറുകഥകളും മറ്റും നിരൂപണം ചെയ്തു് അതിലെ കലാമൂല്യങ്ങളും അല്ലാത്തവയുമായ വസ്തുതകൾ വളരെ നന്നായി മനസ്സിലാക്കത്തക്ക രീതിയിൽതിരഞ്ഞെടുത്തതിൽ ലേഖകൻ തികച്ചും അഭിനന്ദനാർഹനാണു് മേലിലും ഇത്തരം സംഭാവനകൾ ലേഖകനിൽ നിന്നും പ്രതീക്ഷിക്കുന്നു

മാവുങ്കൽ തങ്കപ്പൻ,
എസ്. ഡി. കോളജ്

കാഷ്മീർ യാത്രാവിവരണം

പ്രസിദ്ധ ചെറുകഥാകൃത്തായ
S'I. പത്മനാഭന്റെ
സചിത്രലേഖനങ്ങൾ

കൗമുദിയിൽ തുടർച്ചയായി
പ്രസിദ്ധപ്പെടുത്തുന്നു

കലയും സാമാന്യജനങ്ങളും

കല, ജനത, പുരോഗതി—ഇവയെ അനുരഞ്ജിപ്പിച്ചുകൊണ്ടുള്ള ഒരു നിരൂപണഗ്രന്ഥം

ഗ്രന്ഥകർത്താവു്:

കെ. സുരേന്ദ്രൻ.

"....സൃഷ്ടിയുടേയും ആസ്വാദനത്തിന്റേയും ഒരു സമ്മോഹനസമ്മേളനം....വിഷയം ഗഹനതരമാണെങ്കിലും പ്രസന്നമധുരമായ പ്രതിപാദനരീതി വിഷയത്തിനു് ലാഘവത്വം കൈവരുത്തുന്നു; വായനക്കാർക്കു് മുഷിപ്പുണ്ടാക്കുന്നില്ലെന്നല്ല ഉദ്ദേശ്യം. കോട്ടം തട്ടുന്നില്ല എന്നേ തത്വശകലവും സോദാഹരണം തെളിയിച്ചാലല്ലാതെ ഗ്രന്ഥകർത്താവു് അടങ്ങുന്നില്ല. പറിക്കാനും ചിന്തിക്കാനും പറ്റിയ വിഷയങ്ങളെ പറ്റിയാണു് പ്രതിപാദിച്ചിരിക്കുന്ന പ്രസ്തുത പുസ്തകം അവധാനപൂർവ്വം ആലോചിക്കുന്നവർ അവശ്യം വായിച്ചിരിക്കേണ്ടതാണു്....." (വിശാലകേരളം) വില 1—4—0

പേജു്: 153. മംഗളോദയം ലിമിറ്റഡ്, തൃശ്ശൂർ.

Printed and Published by K. Balakrishnan at the Indira Printing Works, Pettah, Trivandrum.

Phone No. 2128

PRICE As. 3

REG. M. 5661

THE
KAUMUDI WEEKLY
PUBLISHED EVERY MONDAY

VOL: IV
2nd MONDAY
NOVEMBER 1953
No. 32

വ്യവസായികരേ
ഓമ്മിക്കുവിൻ !

★

നവവൽസരം

★

ബില്ലു്
രസീതു്
ലറർ ഹെഡ്
അക്കൌണ്ടു് ബുക്കു്

മുതലായ അച്ചടി ജോലികൾക്കു്

ഇന്ദിരാ പ്രിൻറിംഗ് വർക്സ്,
പേട്ട, തിരുവനന്തപുരം-1.

എന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക.